THE MALANKARA SABHA



മലങ്കരസഭ



ഓഗസ്റ്റ് 2014

The Official Media of Malankara Orthodox Syrian Church

Rs : 15

1914



100 Years Of World War I

യുദ്ധമുഖം

ശാന്തിതീരം ഇനിയും അകലെ...






മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

നിലയ്ക്കൽ ഭദ്രാസനം

സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്

വടശ്ശേരിക്കര, പത്തനംതിട്ട, Ph : 04735250612







വി. ദേവാലയ കൂദാശയും സ്മൃതിമണ്ഡപസമർപ്പണവും



















2014 ആഗസ്റ്റ് 17 മുതൽ 24 വരെ


* ഒരുക്കധ്യാനം * പിതൃസ്മൃതി * ദീപശിഖാ പ്രയാണം – വിളംബര റാലി * ഭവന ശുദ്ധീകരണം * പുതിയ ഓഫീസ് മന്ദിരം, പൊതുക്കല്ലറ, സ്മൃതിമണ്ഡപം, കൊടിമരം എന്നിവയുടെ കൂദാശകൾ * സ്വീകരണഘോഷയാത്ര
* പൊതു സമ്മേളനങ്ങൾ * വി.ദേവാലയ കൂദാശ * വി.മൂന്നിന്മേൽ കുർബാന * ഭവന ദാനം * ചികിത്സാസഹായം
* സ്നേഹ വിരുന്ന് * ഗാനമേള * ആകാശദീപകാഴ്ച



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

ലക്കം 8, പുസ്തകം 71, ഓഗസ്റ്റ് 2014



BRIEFLY

61-ാമത് ഐനാംസ് കോൺഫ്രൻസ് ഒക്ടോ. 22 മുതൽ 24 വരെ പൂന സെന്റ് ജോർജ് ബാലികാ ഗ്രാമിൽ നടത്തുന്നു.
www.inams.pbwork.com

മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ അസംബ്ലിയും നേതൃത്വ പരിശീലനവും ആഗസ്റ്റ് 16, 17-ന് കോട്ടയം സ്റ്റുഡന്റ്സ് സെന്ററിൽ നടത്തും.

സ്ലീബാദാസ സമൂഹത്തിന്റെ നവതി ആഘോഷം സെപ്റ്റംബർ 14-ന് പരുമല സെമിനാരിയിൽ നടക്കും.

യുവജന പ്രസ്ഥാനം വാർഷിക കോൺഫ്രൻസ് പീരുമേട് എം.ബി. സി. എഞ്ചിനീയറിംഗ് കോളജിൽ സെപ്റ്റം. 11-13 വരെ നടത്തും.

മർത്തമറിയം വനിതാ സമാജം അന്തർദേശീയ വാർഷിക സമ്മേളനം 2014 ഒക്ടോബർ 3 മുതൽ 5 വരെ മദ്രാസിലെ 'ഗിണ്ടി കൊളപാക്കം' സെന്റ് തോമസ് നഗറിൽ നടത്തും.

എം.ജി.ഒ.സി.എസ്.എം. 106-ാം വാർഷിക സമ്മേളനം ഒക്ടോബർ 2 മുതൽ 5 വരെ ഭിലായ് സെന്റ് തോമസ് എഞ്ചിനീറിംഗ് കോളേജ് ക്യാംമ്പസിൽ.



www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

President
Dr. Zachariah Mar Aprem
Chief Editor
Fr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

To Contact Malankara Sabha
For Subscription queiries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabha.in

Devalokam Kottayam-04;
Ph:0481-2573234
Fax : +91 481 2573234

Rs. 15/-



മലങ്കരസഭ

10 ഓഗസ്റ്റ് 2014

എല്ലാ മാസവും മലങ്കരസഭയുടെ അക്ഷര പ്രകാശം

വരിസംഖ്യ


ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി



തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

ഇന്നത്തെ വിദ്യാഭ്യാസം കുറേ അറിവ് വിദ്യാർത്ഥികൾക്ക് പകർന്നു കൊടുക്കുമെങ്കിലും മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുന്നില്ല. ഇന്ത്യയിൽ ഒരു സ്ക്കൂളിലും ഇപ്പോൾ മോറൽ എഡ്യുക്കേഷൻ അനുവദിച്ചിട്ടില്ല. ഇതു മനസ്സിൽ കണ്ടുകൊണ്ടാണ് ബറോഡായിൽ എന്റെ സ്ക്കൂളുകളിൽ 'പേഴ്സണാലിറ്റി ഡവലപ്മെന്റ്' എന്ന വിഷയം കേന്ദ്രീകരിച്ച് മോറൽ എഡ്യുക്കേഷൻ ആരംഭിച്ചത്. വിദഗ്ധരായ അദ്ധ്യാപകർ തയ്യാറാക്കിയ ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയാണ് ബോധന ക്ലാസ്സുകൾ നടത്തുന്നത്. എല്ലാ പാഠങ്ങളും നല്ല നല്ല കഥകളാണ്. കഥകളെ അടിസ്ഥാനമാക്കിയാണ് ബോധനം

ബറോഡയിൽ പ്രിൻസിപ്പലായിരുന്നപ്പോൾ വ്യക്തിത്വവികസനത്തിൽ ഓരോ ക്ലാസ്സിലേക്കും ഒരു ചോദ്യം ഞാൻ തയ്യാറാക്കുമായിരുന്നു. 'പ്രൊജക്ടീവ് ടെക്നിക്ക്' ഉപയോഗിച്ച് വിദ്യാർത്ഥികളുടെ വ്യക്തിത്വം തിരിച്ചറിയുന്നതിനുള്ള ചോദ്യങ്ങളായിരിക്കും അത്. ഉദാഹരണത്തിന് തിരക്കുള്ള ജംഗ്ഷനിൽ റോഡ് മുറിച്ചുകടക്കുവാൻ ശ്രമിക്കുന്ന വൃദ്ധനെ കാണുന്ന സാഹചര്യത്തിൽ നിങ്ങൾ എന്തുചെയ്യും. ഈ ചോദ്യത്തിന് നൽകുന്ന മറുപടിയിൽ കൂടി ആ വിദ്യാർത്ഥിയുടെ വ്യക്തിത്വം പൂർണ്ണമായും മനസ്സിലാക്കുവാൻ കഴിയും. മനശാസ്ത്രത്തിൽ ഇതിന് 'പ്രൊജക്ടീവ് ടെക്നിക്ക്' എന്നാണ് പറയുന്നത്.

കുട്ടികളുടെ വ്യക്തിത്വം പുറത്തുകൊണ്ടുവരുന്നതിനുള്ള നിരവധി ചോദ്യങ്ങൾ തയ്യാറാക്കാറുണ്ട്. വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിന്റെ മാർക്ക് ക്ലാസ് കയറ്റത്തിന് പരിഗണിക്കാറില്ല. എന്നിരുന്നാലും നിർബന്ധമായും ആഴ്ചയിൽ ഒരു ദിവസം വ്യക്തിത്വ വികസനത്തിന്റെ ക്ലാസ് ഉണ്ടായിരിക്കും.

ഒരിക്കൽ ഡി.ഇ.ഒ. സ്ക്കൂളിൽ പരിശോധനയ്ക്കു വന്നപ്പോൾ ഓരോ ക്ലാസ്സിന്റെയും ടൈംടേബിൾ അച്ചടിച്ചു നൽകി. അത് കണ്ടിട്ട് ചോദിച്ചു. എന്താണ് പി.റ്റി. യും പിഡിയും ഞാൻ വിശദീകരിച്ചുകൊടുത്തു പി.റ്റി. എന്നത് 'ഫിസിക്കൽ ട്രെയിനിങ്ങ്' പി.ഡി. എന്നത് 'പേഴ്സണാലിറ്റി ഡവലപ്മെന്റ്'. എന്താണ് അത് എന്നു ചോദിച്ചപ്പോൾ ഞാൻ വിശദീകരിച്ചു കൊടുക്കുകയും പുസ്തകങ്ങളും ചോദ്യപേപ്പറുകളും കാണിച്ചുകൊടുക്കുകയും ചെയ്തു. അദ്ദേഹം അത് വളരെ സന്തോഷത്തോടെ സ്വീകരിച്ച് പരിശോധനാ ബുക്കിൽ 'വ്യക്തിത്വ വികസനത്തെക്കുറിച്ച് ഉജ്ജ്വലമായ അഭിപ്രായം എഴുതിയിട്ടാണ് പോയത്. അതിനാൽ വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിൽ ഞാൻ പ്രത്യേക ഊന്നൽ നൽകുന്നു.

നമ്മുടെ സഭയുടെ സ്ക്കൂൾ മാനേജരായിരുന്നപ്പോൾ വ്യക്തിത്വ വികസനത്തെക്കുറിച്ച് ഒരു പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. പിന്നെ ആരും അതുവേണ്ടവിധം ഊന്നൽ നൽകിയിട്ടില്ല. ആഴ്ചയിൽ ഒരു പീരീട് കഥകൾ വഴി 'സന്മാർഗ്ഗിക ബോധനം' നൽകുന്ന പദ്ധതിയായിരുന്നു അത്. ഇതിൽ നിന്നും ലഭിക്കുന്ന ഗുണപാഠങ്ങൾ വിദ്യാർത്ഥികൾ ഒരിക്കലും മറക്കുകയില്ല. അത്യാവശ്യ ഘട്ടങ്ങളിൽ ഓർത്തിരിക്കുകയും ചെയ്യും.

പണ്ട് കാലത്ത് വല്ല്യമ്മച്ചിമാർ നല്ല കഥകൾ പറയുമായിരുന്നു. അവ നമ്മുടെ ഹൃദയത്തിൽ ഉൾച്ചേരുമായിരുന്നു. ഇന്നിപ്പോൾ കഥകൾ പറഞ്ഞു കൊടുക്കുന്ന അമ്മച്ചിമാർ ഇല്ലാതെപോയി. ട്യൂഷനും പഠനവും വലിയ മാർക്കും ഗ്രേഡും ഒക്കെയായി വിദ്യാഭ്യാസം. എന്നാൽ റാങ്കിനും ഗ്രേഡിനും ഉപരി വിദ്യാഭ്യാസത്തിൽ 'സ്വഭാവ രൂപീകരണ'ത്തിന് പ്രാധാന്യം നൽകുവാൻ കഴിയണം എന്നതാണ് എന്റെ ഉറച്ച വിശ്വാസം.

(സെപ്റ്റം. 5: അദ്ധ്യാപകദിനം)



കർത്താവിൽ പ്രിയരേ,

കുടുംബം ദൈവത്താൽ സ്ഥാപിക്കപ്പെട്ടതാണ്. ഒരു കുടുംബത്തിന്റെ ആരംഭം കുറിക്കുന്നത് വിവാഹത്തിലൂടെയാണ്. വിവാഹത്തിലൂടെ ഒരു പുതിയ ബന്ധം തുടങ്ങുന്നു. എന്നാൽ വിവാഹം എന്നത് ഒരു ബന്ധം മാത്രമല്ല. അത് ഒരു ബന്ധനവും കൂടിയാണ്. വിവാഹം കഴിക്കുന്നതുവരെ ഉണ്ടായിരുന്ന വ്യക്തിസ്വാതന്ത്ര്യം വിവാഹത്തിന് ശേഷം ലഭിക്കാനിടയില്ല. ഈ ജീവിതതത്വം തിരിച്ചറിഞ്ഞിട്ടുള്ളവർ തമ്മിൽ വിവാഹിതരായാൽ ജീവിതം ആനന്ദപ്രദവും സമാധാനപൂർണ്ണവുമായിരിക്കും.

ജനനം മുതൽ മരണം വരെയും ദൈർഘ്യമുള്ളതാണ് ഒരാളുടെ കുടുംബജീവിതം. പിതൃത്വം, മാതൃത്വം, ശിശുത്വം എന്നിവയുടെ സംഗമസ്ഥാനമാണ് കുടുംബം. ഒരു പിതാവ്, ഒരു മാതാവ്, ഒന്നിലധികം കുഞ്ഞുങ്ങൾ എന്നിവർ ഒരുമിച്ച് ചേർന്ന് സന്തോഷത്തോടെ ജീവിക്കുന്ന വ്യവസ്ഥയാണ് സന്തുഷ്ട കുടുംബം.

ഭാര്യാഭർത്താക്കന്മാർ സമാധാനവും സ്നേഹവും നിറഞ്ഞ ജീവിതം നയിക്കുമ്പോൾ അവർക്ക് ജനിക്കുന്ന തലമുറ അത് അനുകരിച്ച് മാതൃകാകുടുംബത്തിന്റെ വക്താക്കളായി മാറുന്നു. കുടുംബജീവിതത്തിൽ ചെറുകലഹങ്ങൾ ഉണ്ടാകാം. പക്ഷെ ആ കലഹങ്ങളെല്ലാം വളരെ നൈമിഷികം ആയിരിക്കണം. കുറഞ്ഞ സമയത്തിനുള്ളിൽ ആശയ പിണക്കങ്ങൾ അവസാനിച്ചിരിക്കണം. അവർ തലമുറയ്ക്ക് നൽകുന്ന ഒരു മാതൃകയാണ് അത്. കുടുംബത്തിൽ ശാന്തിയുടെയും സമാധാനത്തിന്റെയും അർത്ഥമെന്തെന്ന് മക്കളെ പഠിപ്പിക്കേണ്ടത് മാതാപിതാക്കളാണ്.

കുടുംബമാണ് ലോകത്തിലെ ഏറ്റവും വലിയ സർവ്വകലാശാല. കുടംബമാകുന്ന സർവ്വകലാശാലയിൽ നിന്ന് പഠിക്കുന്നത്ര കാര്യങ്ങൾ പുറത്തെ ലോകത്തിൽ ഒരിടത്തുനിന്നും പഠിക്കുവാൻ സാധിക്കില്ല എന്നാണ് എന്റെ നിരീക്ഷണം. സ്നേഹമെന്തെന്ന് അവിടെ തിരിച്ചറിയണം. സഹനമെന്തെന്ന് തിരിച്ചറിയണം. അവിടെ ആരും ജയിക്കുകയില്ല. ആരും തോൽക്കുകയുമില്ല.

പരസ്പര ബഹുമാനത്തോടെ, വിട്ടുവീഴ്ചാ മനോഭാവത്തോടെ, ജീവിക്കുവാൻ ഭാര്യാഭർത്താക്കന്മാർ നല്ലതുപോലെ ഉൽസാഹിക്കണം. ദൈവമാണ് ഓരോ കുടുംബത്തിന്റെയും ഉടമസ്ഥനെന്ന ബോധ്യം കുടുംബാംഗങ്ങൾക്കുണ്ടാകണം. എങ്കിൽ മാത്രമേ കുടുംബജീവിതം സന്തോഷകരമായി തീരുകയുള്ളൂ. ധനം, പ്രതാപം, ആധിപത്യം എന്നീ ചിന്തകളിൽ കുടുംബജീവിതത്തിന്റെ താളം തെറ്റിക്കുവാൻ അനുവദിച്ചുകൂടാ. ഉത്തമദാമ്പത്യ ബന്ധങ്ങളിലൂടെ ഒരു ഉത്തമ സമൂഹം കെട്ടിപ്പടുക്കുവാൻ എല്ലാവർക്കും സാധിക്കട്ടെ.

മലങ്കര ഓർത്തഡോക്സ് സഭയുടെ മാനവശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇക്കൊല്ലം 'അവർ ഒന്നാകുന്നു' എന്ന ഒരു പദ്ധതി നടപ്പിലാക്കുകയാണ്. ദാമ്പത്യബന്ധത്തിന്റെ വിശുദ്ധി കാത്തുപരിപാലിക്കുവാനും, ഉത്തമ ദാമ്പത്യബന്ധങ്ങൾ വളർത്തിയെടുക്കുവാനും, ദാമ്പത്യത്തിലെ ശൈഥില്യം നിരുൽസാഹപ്പെടുത്തുവാനും ലക്ഷ്യമിട്ടുകൊണ്ട് നടത്തുന്ന ഈ പദ്ധതി നമ്മുടെ എല്ലാ ഇടവകകളിലും കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഏവരും ശ്രമിക്കണം. ഈ വിഷയം സംബന്ധിച്ച് സമഗ്രമായ പഠനങ്ങളും ചർച്ചകളും നടത്തുകയും നല്ല ക്രിസ്തീയ കുടുംബങ്ങൾ കെട്ടിപ്പടുക്കുവാനുള്ള ബോധവൽക്കരണം നൽകുകയും വേണം.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

ദാമ്പത്യ വിശുദ്ധി



LET NOBODY SEPARATE

'അവർ ഒന്നാകുന്നു' ദാമ്പത്യ വിശുദ്ധീകരണ ബോധനം...

'ദൈവം ഇണ ചേർത്തതു
മനുഷ്യൻ വേർതിരിക്കരുത്'
എന്നുള്ള കല്പന പോലെ ദൈവത്തെ ഭയന്ന്
ദമ്പതിമാർ മര്യാദയ്ക്കു ദൈവകല്പന പോലെ
താമസിക്കണം.

-(പരിശുദ്ധ പരുമല തിരുമേനി 1898:365)

* * *

ഇന്ന് എല്ലായിടവും ക്യാപിറ്റലിസത്തിന്റെ
മനോഭാവമാണ്. ഇത് സ്വാർത്ഥതയും
സുഖലോലുപതയും വളർത്തുന്നു.
ക്യാപിറ്റലിസം വന്ന് കുടുംബം നശിപ്പിച്ചു.
വ്യക്തി ബന്ധങ്ങളും തകർത്തു.

(ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, 2010)

* * *

വിവാഹമോചനം, കുടുംബത്തകർച്ച, അസ്വസ്ഥപൂർണ്ണമായ ഭാര്യാ-ഭർത്തൃ ബന്ധങ്ങൾ, അനാഥത്വം പേറുന്ന ബാല്യങ്ങൾ ഇതെല്ലാം നമ്മുടെ കുടുംബങ്ങളിൽ അശാന്തി പടർത്തുന്നു. പ. സഭാംഗങ്ങൾക്കിടയിൽ തന്നെ വിവാഹമോചനവും പുനർവിവാഹവുമൊക്കെ ആശങ്കാജനകമായ നിരക്കിലേക്ക് ഉയരുകയാണ്.

(പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ, 2014 ഏപ്രിൽ 8)

കുടുംബം ഭൂമിയിൽ പണിയുന്ന പറുദീസയാണ്. മനുഷ്യബന്ധങ്ങളുടെ പ്രാരംഭമാണിത്. ദൈവം സ്ഥാപിച്ച കുടുംബത്തിന്റെ സുസ്ഥിരത ഭാര്യാ ഭർത്തൃ ബന്ധത്തിലാണ്. സ്നേഹം, സന്തോഷം, സമാധാനം, സുരക്ഷിതത്വം, സുസ്ഥിതി, നീതിബോധം, സാമൂഹിക പ്രതിബദ്ധത എന്നിവയുടെ ബാലപാഠങ്ങൾ ലഭ്യമാകുന്നതും കുടുംബത്തിൽ നിന്നാണ്. അർത്ഥപൂർണ്ണമായ ദാമ്പത്യ ബന്ധമാണ് കുടുംബത്തിന് ജീവനും പ്രകാശവും പകരുന്നത്.

ബൈബിളിൽ ദാമ്പത്യത്തെക്കുറിച്ച് സൃഷ്ടി വിവരണത്തിൽ സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. ദൈത്തിന്റെ 'സ്വരൂപത്തിലും സാദൃശ്യത്തിലും' സ്ത്രീയും പുരുഷനുമായി ദൈവം മനുഷ്യരെ സൃഷ്ടിച്ച് സന്താന പുഷ്ടിയുള്ളവരാകുവാൻ ദൈവം അവരെ അനുഗ്രഹിച്ചു (ഉല്പ. 1: 27, 28). പുരുഷൻ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും (ഉല്പ. 1:27,28) അവർ ഏക ദേഹമായി തീരും (ഉല്പ. 2:24). 'അവർ ഒന്നാകുന്ന' ഭാര്യാ, ഭർത്തൃ ബന്ധത്തിന്റെ അർത്ഥവും ലക്ഷ്യവും സൃഷ്ടി വിവരണത്തിൽ സമഗ്രമായി അവതരിപ്പിക്കുന്നു. വിവാഹത്തിന്റെ ഈ ഐക്യവും സ്ഥിരതയും യേശു സുസ്ഥിരമാക്കുന്നു. (മത്താ. 19:1-12, മർക്കോ. 10:1-12, ലൂക്കോ. 16:18). യഹൂദ റബ്ബിമാർ മാതൃകയാക്കിയ മോശയുടെ വിവാഹമോചനസിദ്ധാന്തത്തിന്റെ സാധുത (ആവർത്തനം 24:1-4) യേശു തിരസ്ക്കരിക്കുകയാണ്. വിവാഹത്തിന്റെ ദൃഢത ഉറപ്പാക്കുന്നതിന് ഉല്പത്തിയിലെ സൃഷ്ടി വിവരണത്തിലെ പാഠം ഉദ്ധരിച്ച് 'ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപിരിക്കരുത്' (മത്താ. 19:6, മർക്കോ 10:9) എന്ന് പ്രഖ്യാപിക്കുന്നു. വിവാഹ ഉടമ്പടിയിൽ ദമ്പതികൾ അഭേദ്യമായി ഒന്നാകുന്നു. ആത്മശരീര മനസുകൾ സമ്പൂർണ്ണമായും ഒന്നായിത്തീരുന്നു.

പൗലോസ് ശ്ലീഹാ, വിവാഹത്തെ 'ക്രിസ്തുവും സഭയും' തമ്മിലുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിൽ വ്യാഖ്യാനിച്ച് വ്യക്തമാക്കുന്നു: 'അവരിരു

What God has joined together, LET NOBODY SEPARATE

അവർ ഒന്നാകുന്നു

EDITORIAL

വരും ഏക ശരീരമായി തീരും. ഇത് ഒരു രഹസ്യമാണ് (എഫെ. 5:31). 'വിവാഹം തിന്മ' എന്നു കരുതിയ കൊരിന്തിലെ ചില ജനതയോട് പൗലോസ് ശ്ലീഹാ യേശുവിന്റെ പഠിപ്പിക്കൽ ഉദ്ധരിച്ച് (1 കൊരി. 7:10) വിവാഹത്തിന്റെ സമഗ്രത വ്യക്തമാക്കുന്നു. (1 കൊരി. 7:1-24).

ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തിന്റെ അടയാളമായിട്ടാണ് ക്രിസ്തുവിനെ മണവാളനും സഭയെ മണവാട്ടിയുമായി പൗലോസ് ശ്ലീഹ അവതരിപ്പിക്കുന്നത് (എഫേ. 5:21-33). ഭാര്യാ ഭർത്തൃ മനോഭാവം ക്രിസ്തുവിന് സഭയോടുള്ള ബന്ധമാണ്. ദമ്പതിമാർ പരസ്പര സ്നേഹത്തിലും ദാനത്തിലും നീതിപൂർവ്വം ജീവിക്കുമ്പോൾ ദാമ്പത്യം 'സ്നേഹത്തിന്റെ കൂദാശ'യായിത്തീരും. വിവാഹത്തിൽ ഇരുവരും ഒന്നായി തീർന്ന് (മത്താ.9:6) സംയോജിപ്പിക്കപ്പെടുമ്പോൾ വിവാഹം 'രഹസ്യ'മായിമാറുന്നു (എഫേ. 5:32, ഉല്പ. 2:23).

ദാമ്പത്യത്തിൽ കടമകളും അവകാശങ്ങളും പരസ്പര പൂരകങ്ങളാണ്. സമ പങ്കാളിത്ത മനോഭാവത്തോടെ സ്നേഹത്തിലും ത്യാഗത്തിലുംനിറഞ്ഞ് നീതിയോടെ ദാമ്പത്യധർമ്മം നിർവ്വഹിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ജീവിത കാലം മുഴുവൻ വിശ്വസ്തതയിലും സ്നേഹത്തിലും പരസ്പര ത്യാഗത്തിലും പക്വതയാർന്ന ജീവിതമാണ് ദാമ്പത്യ സൗഭാഗ്യം.

വിവാഹം ഉടമ്പടിയുടെ പ്രതീകമാണ്. ദൈവവും തെരഞ്ഞെടുക്കപ്പെട്ട ജനമായ യിസ്രായേലും തമ്മിലുള്ള ഉടമ്പടി. എപ്പോഴും കാത്തുപരിപാലിക്കേണ്ട പരസ്പര വിശ്വസ്തതയും പരസ്പര സ്നേഹവുമാണ് ഈ ഉടമ്പടിയുടെ അന്തർധാര. വിവാഹം ദൈവത്തോടുള്ള വിശ്വസ്തതയുടെ പ്രതീകമായി പ്രവാചകന്മാർ വ്യാഖ്യാനിച്ചു. (ഹോശ. 1:2-3, യിര. 2:1-2, 3:1, എസ്കി. 16:8-10; 25-28, ഹോശ. 2:1-7,19, മാലാഖി. 2:14-16).

മലങ്കര ഓർത്തഡോക്സ് സഭയിലെ വിവാഹകൂദാശയിലെ ഹൃദ്യമായ പ്രാർത്ഥനകളിൽ ദമ്പതികൾക്ക് 'അക്ഷയമായ സൗഭാഗ്യാവസ്ഥ'യാണ് ആശംസിക്കുന്നത്. അവർ 'ജ്ഞാന സമ്പൂർണ്ണരും നിറവുള്ളവരുമായി' തീർന്ന് ആയുഷ്ക്കാലം മുഴുവൻ പരസ്പരം സ്നേഹിക്കുവാനും സന്തോഷപൂർവ്വം അന്യോന്യം സ്വീകരിക്കുവനുമുള്ള ഐക്യമത്യത്തിനായി പ്രാർത്ഥിക്കുന്നു. ഇത് ആത്മാർത്ഥമായ സ്നേഹത്തിനും യോജിപ്പിനുമായിട്ടുള്ളതാണ്.

പ്രാർത്ഥനകളിൽ ദാമ്പത്യ ജീവിതത്തെക്കുറിച്ച് ആഹ്വാനം ചെയ്യുന്നു: 'ആത്മാവിലും ശരീരത്തിലും പരസ്പരം നിർമ്മലത സംരക്ഷിക്കപ്പെടണം'. 'സകല കപട സ്നേഹത്തേയും നീക്കികളയണം'. 'സത്യത്തിലും നീതിയിലും സമ്പൂർണ്ണരാകണം'. 'പരിപാകതയാലും വിനയത്താലും അലങ്കരിക്കപ്പെടണം'. 'സകല പ്രവൃത്തികളിലും ഉത്തമരായിരിക്കണം'. 'സ്വർഗ്ഗരാജ്യത്തിലേക്ക് നയിക്കുന്ന നേർവഴിയിൽ കൂടി പ്രയാണം ചെയ്യണം'. 'ഹൃദയങ്ങളെ സംയോജിപ്പിക്കണം...'

വിവാഹ കൂദാശയിൽ കാർമ്മികൻ ആഹ്വാനം ചെയ്യുന്നു: 'ഇതാ ഈ സമയം മുതൽ ഞാൻ നിങ്ങളെ പരസ്പരം ഭരമേൽപ്പിക്കുന്നു. എനിക്കും നിങ്ങൾക്കും ഇടയിൽ ദൈവം മദ്ധ്യസ്ഥനായിരിക്കട്ടെ... ഭാര്യാ ഭർത്തൃ ബന്ധത്തിന്റെ ദൃഢതയാണ് ദൈവിക മദ്ധ്യസ്ഥത. സമ്പൂർണ്ണ വിശ്വസ്തതയും നിർവ്യാജമായ പരസ്പര സ്നേഹവും അവിഭാജ്യതയും ദാമ്പത്യത്തിന്റെ ദൈവിക പദ്ധതിയാണ്. 'സ്വർഗ്ഗീയ മണവാളനായ മശിഹ യഥാർത്ഥമായ ദാമ്പത്യത്തിന് മുദ്രയിടുന്നു'. ദമ്പതികൾ പരസ്പരം സന്തോഷിക്കുന്നതിനും അവർക്ക് ഉത്തമ സന്താനങ്ങളെ ലഭിക്കുന്നതിനുമായി പ്രാർത്ഥിക്കുന്നു. 'ഐശ്വര്യങ്ങൾകൊണ്ടും സമ്പാദ്യങ്ങൾ കൊണ്ടും സർവ്വവിധ സൗഭാഗ്യങ്ങൾ കൊണ്ടും ദൈവം ദമ്പതികളെ സമ്പന്നരാക്കട്ടെ' എന്നാണ് പ്രാർത്ഥന.

വിവാഹത്തിന്റെ കൗദാശിക അനുഭവം ദാമ്പതിമാർക്ക് ദൈവിക ഐക്യത്തിലേക്കും ജീവന്റെ വളർച്ചയിലേക്കുമുള്ള കൃപയുടെ വഴിയാണ്. ദൈവികമായ രക്ഷാകര പദ്ധതിയിലെക്കുള്ള വളർച്ചയാണ് വിവാഹ കൂദാശയിലൂടെ ലഭ്യമാകുന്നത്.


ദൈവ-മനുഷ്യബന്ധത്തെ ഭൗതികമായി മനസ്സിലാക്കുന്നതിനുള്ള മാതൃകയാണ് ദാമ്പത്യം. ത്രിത്വദർശനത്തിന്റെ അടിസ്ഥാനത്തിൽ ദാമ്പത്യത്തെ പിതാക്കന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. ഭാര്യ, ഭർത്തൃ ബന്ധം സമ്പൂർണ്ണമായ വ്യക്തി ബന്ധത്തിൽ നിറയുമ്പോൾ ദാമ്പത്യം ആഹ്ലാദകരമാകും.

ദാമ്പത്യബന്ധം പരസ്പര സ്നേഹത്തിലും വിശ്വാസത്തിലും നീതിപൂർവ്വം ദൈവികമായി നിർവ്വഹിക്കപ്പെടുമ്പോൾ ആത്യന്തികമായി 'അവർ ഒന്നായി'ത്തീരും. വിശുദ്ധമായ കുടുംബജീവിതം ദൈവികദാനമാണ്. ദാമ്പത്യ ജീവിതത്തിൽ ദൈവികദാനത്തിന്റെ യഥാർത്ഥ അർത്ഥവും വ്യാപ്തിയും അനുദിനം പരിപോഷിപ്പിക്കപ്പെടണം.

ദമ്പതിമാർ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമായി തീരണം. ദാമ്പത്യ ബന്ധങ്ങളിൽ അനുനിമിഷം ദൈവസാന്നിദ്ധ്യത്തിൽ വളർന്നെങ്കിൽ മാത്രമേ ഐക്യത്തിലും ത്യാഗത്തിലും നിറയൂ. കുടുംബം വിശുദ്ധീകരണത്തിന്റെ വെളിച്ചവും കൃപയുടെ കൂടാരമായിത്തീരണം.

> “ആദ്ധ്യാത്മീക ശിക്ഷണത്തിൽ സ്നേഹത്തിലും നീതിയിലും സാമൂഹിക പ്രതിബദ്ധതയിലും പ്രാർത്ഥനാപൂർവ്വം ദാമ്പത്യ ജീവിതത്തെ സമീപിക്കണം. അപ്പോൾ ദാമ്പത്യം 'സ്നേഹത്തിന്റെ കൂദാശ'യായി തീരും.”

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com



> പരിശുദ്ധ വട്ടക്കുന്നേൽ തിരുമേനി എന്നെ ശകാരിക്കുകയും വല്ലാതെ ദേഷ്യ ഷെടുകയും ചെയ്യുമെന്നൊക്കെ കരുതി. അങ്ങനെ ഒന്നും ഉണ്ടായില്ല. എല്ലാം ശ്രദ്ധാപൂർവ്വം കേട്ട് നാല് കാര്യങ്ങൾ എന്നോട് സൗമ്യമായി പറഞ്ഞു. അവയാണ് 'ഗുരുമൊഴികൾ'...

ഗുരുമൊഴികൾ

■ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ

ഈ കുറിപ്പെഴുതുമ്പോൾ അല്പം പരിഭ്രമം തോന്നുന്നുണ്ട്. കാരണം ജീവിതാനുഭവങ്ങൾ കോറിയിടുമ്പോൾ ആത്മപ്രശംസ കടന്നുവരുമോയെന്ന ഭയം. ആത്മപ്രശംസയുടെ പേര് ആത്മവഞ്ചനയെന്നാണ്. അത് കാപട്യമാണ്. അതൊന്നും ഇതിൽ കലരാൻ ഇടയാകാതിരിക്കട്ടെയെന്ന് ജഗദീശ്വരനോട് പ്രാർത്ഥിച്ചുകൊണ്ട് തുടങ്ങട്ടെ.

പരിശുദ്ധ വട്ടക്കുന്നേൽ ബാവാ

വൈദികനായി 12 വർഷവും മേല്പട്ടക്കാരൻ എന്ന നിലയിൽ 29 വർഷവും പൂർത്തിയായി കഴിഞ്ഞു. ഇക്കാലയളവിൽ മധുരിക്കുന്ന ഓർമ്മകളും കൈയ്പ്പ് നിറഞ്ഞ സ്മരണകളും ധാരാളമുണ്ട്. ഒന്നും എഴുതിവയ്ക്കാൻ ആഗ്രഹമില്ല. ദൈവം എന്നോടൊപ്പം ഉണ്ടെന്നുള്ള ആത്മവിശ്വാസമാണ് ആകെയുള്ള കൈമുതൽ. പരിശുദ്ധ വട്ടക്കുന്നേൽ ബാവാ തിരുമേനിയാണ് മേല്പട്ടസ്ഥാനത്തേക്ക് എന്നെ തിരഞ്ഞെടുക്കാൻ നിശ്ചയിച്ചത്. ഇടക്കാലത്ത് നഷ്ടപ്പെട്ട 'മാർത്തോമ്മാ' നാമം സ്വന്തം പേരിനോട് തുന്നിചേർത്ത, 'രാജകേസരി'യെന്ന് വിളിക്കാൻ ഞാൻ ഇഷ്ടപ്പെടുന്ന പരിശുദ്ധ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവ. ആർക്കും അടുത്ത് ചെന്ന് സംസാരിക്കാൻ വിമ്മിഷ്ടപ്പെടുന്നത്ര ഗാംഭീര്യമുള്ള പിതാവ്, പരിശുദ്ധ മാർപാപ്പ തിരുമേനിയെ സ്വന്തം കത്തീഡ്രലിൽ സ്വീകരിച്ച ആതിഥേയൻ, തന്നെക്കാൾ താഴ്ന്ന സ്ഥാനികളോട് ദയാവായ്പ്പോടെ ഇടപെടുന്ന ഉന്നതൻ, കോടീശ്വരന്മാരെ കാണുമ്പോൾ ശിരസ്സുകുനിക്കാത്ത ധൈര്യശാലി, സഭയുടെ സ്വാതന്ത്ര്യത്തെ അല്പം പോലും വെള്ളം ചേർക്കാതെ കാത്തുസൂക്ഷിച്ച ഗംഭീരമാനസ്സൻ തുടങ്ങിയ അനവധി വിശേഷണങ്ങൾ അദ്ദേഹത്തിന് ഇണങ്ങുന്നതാണ്. ഒരിക്കൽ ഒരു കോടീശ്വരൻ തിരുമേനിയുടെ അടുത്തു വന്നു താഴെ പറയും പോലെ കുശലപ്രശ്നം നടത്തി. വന്നയാൾ 'തിരുമേനിക്ക് എന്നെ ഓർമ്മയുണ്ടോ?' തിരുമേനിയുടെ മറുപടി 'കൊള്ളാം എല്ലാ ദിവസവും നിന്നെ ഓർത്തുകൊണ്ടിരിക്കുകയാണോ എന്റെ പണി'. വന്നയാളുടെ മുഖം മങ്ങി. അതാണ് തിരുമേനി. മെത്രാൻ സ്ഥാനത്തേക്ക് എന്നെ പരിഗണിക്കുന്നുവെന്ന് കേട്ടപ്പോൾ, ആക്ഷരീകമായി ഞാൻ ഞെട്ടി. എന്റെ അയോഗ്യതകൾ ഓർത്തപ്പോൾ വല്ലാതെ നൊമ്പരപ്പെട്ടു. അക്കാലത്ത് ജനം വോട്ടു രേഖപ്പെടുത്തി മെത്രാന്മാരെ തിരഞ്ഞെടുക്കുന്ന പതിവില്ലായിരുന്നു. ബാവാ തിരുമേനി പലരുമായി ആലോചിക്കും. തന്റെ തീരുമാനം മാനേജിംഗ് കമ്മറ്റിയിലും അസ്സോസിയേഷനിലും അവതരിപ്പിക്കും. എല്ലാവരും അത് അംഗീകരിക്കുകയും ചെയ്യും.

എന്റെ അറിവിൽപ്പെട്ടിടത്തോളം, മെത്രാൻ സ്ഥാനാർത്ഥികൾക്ക് ചില അടിസ്ഥാന യോഗ്യതകൾ ഉണ്ടായിരിക്കണമെന്ന് ആദ്യം നിഷ്കർഷിച്ചത് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയാണ്. അതിലൊരു തീരുമാനം സ്ഥാനാർത്ഥികൾക്ക് 40 വയസ്സിനു മുകളിൽ പ്രായം വേണമെന്നതാണ്. എല്ലാ തീരുമാനങ്ങളുടെയും അവസാനത്തെ വാക്ക് ബാവാ തിരുമേനിയുടേതായിരുന്നു. തിരുമേനിക്ക് ചില നിർബന്ധങ്ങൾ ഉണ്ടായിരുന്നു. മെത്രാപ്പോലീത്താമാർ ഭദ്രാസനം വിട്ടുപോകുമ്പോൾ തിരുമേനി അറിഞ്ഞിരിക്കണം. ഇടയ്ക്കിടെ അദ്ദേഹത്തെ ചെന്ന് കാണുകയും കാര്യങ്ങൾ ധരിപ്പിക്കുകയും വേണം. ഒരിക്കൽ എന്നോട് പറഞ്ഞത് ഇപ്രകാരമാണ്. ഏകദേശം രണ്ടുമാസത്തോളം എനിക്ക് തിരുമേനിയെ സന്ദർശിക്കാൻ കഴിഞ്ഞില്ല. പിന്നീട് കണ്ടപ്പോൾ ഒരു ചോദ്യം. 'എന്താ മെത്രാച്ചൻ ദേവലോകത്തേക്കുള്ള വഴി മറന്നുപോയോ?' എത്ര തവണയാണ് എന്നെ ശാസിച്ചിട്ടുള്ളതെന്ന്

കൃത്യമായി പറയാനാവില്ല. ശാസനകളിൽ വാത്സല്യം വളരെ ഉണ്ടായിരുന്നു. ഏതു പ്രശ്നങ്ങൾ ചെന്നു ചോദിച്ചാലും കൃത്യമായ ഉത്തരമുണ്ട്. ഒരിക്കൽ ഒരു പ്രശ്നം തിരുമേനിയുടെ മുമ്പിൽ ഞാൻ അവതരിപ്പിച്ചു. കൃത്യമായി ഉത്തരം തന്നു. എന്നിട്ട് പറഞ്ഞു 'എന്റെ പേര് വെളിപ്പെടുത്തരുത്'. ഞാൻ കൂടെയുണ്ട്. വാക്കു പറഞ്ഞാൽ മാറാത്ത പിതാവാണ് അദ്ദേഹം. മറ്റൊരിക്കൽ പഴഞ്ഞി എം.ഡി കോളജിന്റെ ഭരണസമിതിയിൽ കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്ത ഒരു ചുമതലക്കാരൻ ഉണ്ടായിരുന്നു. ആൾ കരുത്തനാണ്.


കാലാവധി കഴിഞ്ഞ് കമ്മറ്റി പുനഃസംഘടിപ്പിക്കുമ്പോൾ അയാളെ ഒഴിവാക്കിയാൽ നന്നായിരിക്കും എന്ന് തിരുമേനിയോട് പറയാൻ കോളേജിൽ നിന്നൊരു സബ് കമ്മറ്റിയെ തിരഞ്ഞെടുത്തതിൽ ഞാനും ഉണ്ടായിരുന്നു. അതിനുവേണ്ടി ഞാനുൾപ്പടെ നാലു പേർ ദേവലോകത്ത് ചെന്നു. ഏകദേശം വൈകിട്ട് ഏഴു മണി. സന്ധ്യാ നമസ്ക്കാരം കഴിഞ്ഞു തിരുമേനി വിശ്രമിക്കുകയാണ്. ഞങ്ങൾ അനുവാദം ചോദിച്ച് മുറിയിലേക്ക് പ്രവേശിച്ചപ്പോൾ തിരുമേനി, ഞങ്ങൾ കേൾക്കാവുന്ന ശബ്ദത്തിൽ ആത്മഗതം പറയുവാൻ തുടങ്ങി. 'ദേ വരുന്നു കുറച്ചു കള്ളന്മാർ, കണക്ക് എഴുതുകയില്ല കളവും നടത്തും എന്നെ പറ്റിക്കും.' അപ്പോഴേക്കും ഞങ്ങൾ തിരുമേനിയുടെ അടുത്തെത്തി. ഉടൻ പറഞ്ഞു 'ആ ! അതിന്റെ പിന്നിൽ ഒരു മെത്രാനും.'

ഞാനൊഴിച്ച് എല്ലാവരും നിലത്ത് ഇരുന്നു. ഞാൻ അവിടെ നിന്നു. വന്നവരിൽ ഒരാൾ പറഞ്ഞു 'തിരുമേനി വടിയെടുത്ത് ഞങ്ങളെ തല്ലിയാലും ഞങ്ങൾക്ക് ഒരു പരിഭവവുമില്ല. സന്തോഷമേയുള്ളൂ'. അഞ്ച് മിനിറ്റ് ഉഗ്രമായി ഞങ്ങളെ ശകാരിച്ചു. അതിനു ശേഷം തിരുമേനി തണുത്തു. ഞങ്ങൾ ജീവനുള്ള കുറച്ച് മത്സ്യം കാഴ്ചയായി കൊണ്ടുവന്നിരുന്നു. അതുകൊടുത്തു. മാനേജരച്ചനെ വിളിച്ചു; അന്നു സന്ധ്യാ ഭക്ഷണത്തിനു തന്നെ അതു കറിവെച്ച് തരാനും തിരുമേനി പറഞ്ഞു. ഈ സമയംവരെയും വന്നതിന്റെ ഉദ്ദേശ്യം തിരുമേനിയോട് പറയാൻ കഴിഞ്ഞില്ല. അവസാനം ചുരുങ്ങിയ വാക്കുകളിൽ ഞാൻ വിവരം പറഞ്ഞു. 'കോളേജ് കമ്മറ്റിയിൽ നിന്ന് ഇന്ന വ്യക്തിയെ ഒഴിവാക്കിയാൽ സാമ്പത്തിക ചോർച്ച തടയാം. അതു തിരുമേനിയെ അറിയിക്കാൻ കോളേജ് കമ്മറ്റി ഞങ്ങളെ ചുമതലപ്പെടുത്തിയത് കൊണ്ടാണു ഞങ്ങൾ വന്നത്.' പിന്നെ ഒരു ഗർജ്ജനമായിരുന്നു. 'മെത്രാച്ചനു എന്തറിയാം. അവൻ ശക്തനാണ്. അവൻ ആൺകുട്ടിയാണ്. അവനെ ഒഴിവാക്കുന്ന പ്രശ്നമില്ല. മെത്രാച്ചൻ പറയുന്നത് വിവരക്കേടാണ്.' ഞാൻ പതുങ്ങിയ സ്വരത്തിൽ പറഞ്ഞു. 'എല്ലാം തിരുമേനിയുടെ ഇഷ്ടം. എന്ത് തീരുമാനമെടുത്താലും വളരെ സന്തോഷത്തോടെ ഞങ്ങൾ അനുസരിക്കും.' എല്ലാം പറഞ്ഞു ഞങ്ങൾ കൈമുത്തി യാത്ര പറഞ്ഞ് ഇറങ്ങി. ഞങ്ങൾ ഗോവണി ഇറങ്ങി താഴെ എത്തിയപ്പോഴേക്കും സെക്രട്ടറി ബിനോയ് അച്ചൻ താഴോട്ട് വന്നു.



> **അക്കാലത്ത് ജനം വോട്ടു രേഖപ്പെടുത്തി മെത്രാന്മാരെ തിരഞ്ഞെടുക്കുന്ന പതിവില്ലായിരുന്നു. ബാവാ തിരുമേനി പലരുമായി ആലോചിക്കും. തന്റെ തീരുമാനം മാനേജിംഗ് കമ്മറ്റിയിലും അസ്സോസിയേഷനിലും അവതരിപ്പിക്കും. എല്ലാവരും അത് അംഗീകരിക്കുകയും ചെയ്യും.**

ബാവാ തിരുമേനി എന്നെ വിളിക്കുന്നുണ്ടെന്നു പറഞ്ഞു. ഞാൻ വേഗം വീണ്ടും ചെന്നു. രഹസ്യമായി എന്നോട് പറഞ്ഞത് ഇപ്രകാരമാണ്. 'മെത്രാച്ചൻ പറഞ്ഞത് സത്യമാണെന്ന് എനിക്കറിയാം. അവൻ കരുത്തനാണ്. മെത്രാച്ചൻ പറഞ്ഞിട്ട് ഞാൻ അവനെ ഒഴിവാക്കിയാൽ അവൻ മെത്രാച്ചനെ ഉപദ്രവിക്കും. അതുകൊണ്ടാണു ഞാൻ ദേഷ്യപ്പെട്ട് സംസാരിച്ചത്.' ഞാൻ മറുപടി പറഞ്ഞു. 'തിരുമേനി അയാളെ ഒഴിവാക്കി കല്പന എഴുതിയാലും ഇല്ലെങ്കിലും ഞാൻ തളരില്ല. അയാൾ എന്നെ ഉപദ്രവിച്ചാലും എനിക്ക് അതൊരു പ്രശ്നമല്ല.' ഒന്ന് ഇരുത്തിമൂളി. പൊയ്ക്കൊള്ളാൻ പറഞ്ഞു. ഒരു വർഷത്തേക്ക് കമ്മറ്റി പുനഃസംഘടിപ്പിച്ചില്ല. അത് കഴിഞ്ഞു അയാളെ ഒഴിവാക്കി കല്പന പുറപ്പെടുവിച്ചു. എന്നെ കരുതുവാനാണ് ഞങ്ങളോട് ദേഷ്യപ്പെട്ടത്. അപ്പോഴേക്കും നാട്ടിൽ വാർത്ത പരന്നു. 'ഇന്നയാളെ' ഒഴിവാക്കാൻ പോയവർക്കു ബാവാതിരുമേനിയിൽ നിന്ന് വേണ്ടത് കിട്ടിയെന്ന്...




ദേവലോകം അരമന

ഒരു മെത്രാപ്പോലീത്ത കാലം ചെയ്താൽ...

ഒരു മെത്രാപ്പോലീത്ത കാലം ചെയ്താൽ ബാവാ തിരുമേനിയുടെ ആദ്യത്തെ നടപടിക്രമം നമ്മെ ഇരുത്തി ചിന്തിപ്പിക്കും. 1986-ൽ അഭിവന്ദ്യ യാക്കോബ് മാർ പോളിക്കാർപ്പോസ് തിരുമേനി കാലം ചെയ്ത ഉടനെ ടെലഫോണിൽ ഒരു നിർദ്ദേശം കുന്നംകുളം അരമനയിലുള്ള എനിക്കു തന്നു. ഉടൻ കൊരട്ടി അരമനയിൽ എത്തി, കാലം ചെയ്ത തിരുമേനിയുടെ മുറി പൂട്ടി താക്കോൽ എനിക്ക് വേണ്ടി സൂക്ഷിക്കുക. മെത്രാച്ചൻ ഒറ്റക്കു ആ മുറിയിൽ കടക്കരുത്. ഒന്നോ രണ്ടോ പേരുടെ സാന്നിദ്ധ്യത്തിൽ മാത്രം കടക്കാം. എടുക്കുന്ന സാധനങ്ങൾ എന്തൊക്കെയെന്നു എഴുതിവയ്ക്കണം. രണ്ടോ മൂന്നോ ദിവസത്തിനു ശേഷം മണലിൽ അച്ചൻ, ഭദ്രാസനസെക്രട്ടറി അച്ചൻ, സമുദായ സെക്രട്ടറി പി. സി. എബ്രഹാം, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, എന്നിവരോടൊപ്പം മുറിയിൽ പ്രവേശിച്ച് മുഴുവൻ സാധനങ്ങളുടെയും ബാങ്ക് കണക്കുകളുടെയും ഇൻവെന്ററി എടുത്ത് ബാവാ

> മെത്രാച്ചൻ ഒറ്റയ്ക്ക് ആ മുറിയിൽ കടക്കരുത്. ഒന്നോ രണ്ടോ പേരുടെ സാന്നിദ്ധ്യത്തിൽ മാത്രം കടക്കാം. എടുക്കുന്ന സാധനങ്ങൾ എന്തൊക്കെ യെന്നു എഴുതിവയ്ക്കണം.



തിരുമേനിയെ ഏല്പിക്കണം. അങ്ങനെയുള്ള ചിട്ടകൾക്ക് ഇന്നു തേയ് മാനം വന്നുകൊണ്ടിരിക്കുന്നു.

1982 ഡിസംബറിൽ 36 വയസ്സുകാരനായ ഞാനും മെത്രാൻ സ്ഥാനാർത്ഥിയായി തിരഞ്ഞെടുക്കപ്പെട്ടു. എനിക്ക് യോഗ്യതയിൽ നാല് വയസ്സിന്റെ കുറവുണ്ട്. എന്റെ കാര്യത്തിൽ 40 വയസ്സ് എന്ന നിബന്ധന പാലിക്കപ്പെട്ടില്ലല്ലൊ എന്ന് മാനേജിംഗ് കമ്മറ്റിയിൽ ഒരാൾ ചോദ്യം ഉന്നയിച്ചു. തിരുമേനിയുടെ മറുപടി

ഉടൻവന്നു. 'താൻവിഷമിക്കേണ്ട. 4 വർഷം കഴിയുമ്പോൾ 40 ആയിക്കൊള്ളും.' 1985 മെയ് 15-ന് മാവേലിക്കര പുതിയകാവ് കത്തീഡ്രലിൽ വച്ച് ഞങ്ങൾ അഞ്ചു വൈദികർ (ഫാ.കെ.മാത്യൂസ് കൊല്ലം, ഫാ. ഫിലിപ്പോസ് തോമസ് തുമ്പമൺ, ഫാ.കെ.റ്റി.തോമസ് ചെങ്ങന്നൂർ, ഫാ.കെ.ജി.ജോർജ്ജ് കോട്ടയം, ഫാ.കെ.ഐ.പോൾ കുന്നംകുളം)എപ്പിസ്ക്കോപ്പാമാരായി വാഴിക്കപ്പെട്ടു. എന്റെ ഉള്ളിലെ നൊമ്പരവും പരിഭ്രമവും വാക്കുകൾക്ക് അപ്പുറമായിരുന്നു. 1984-ൽ കുന്നംകുളം ഭദ്രാസനം നിലവിൽ വന്നു. കൊച്ചി ഭദ്രാസനത്തിലുള്ള കുന്നംകുളം മേഖലയിലെ പള്ളികളും, ചാപ്പലുകളും, കക്ഷി വഴക്കുള്ള പള്ളികളും ഉൾപ്പെടെ 34 പള്ളികൾ അതിലുണ്ടായിരുന്നു. അന്നത്തെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തന്മാരായ അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി, അഭിവന്ദ്യ യാക്കോബ് മാർ പോളിക്കാർപ്പോസ് തിരുമേനി, മണലിൽ യാക്കോബ് കത്തനാർ എന്നിവരോടൊക്കെ ഭദ്രാസന രൂപീകരണത്തെകുറിച്ച് ബാവാ തിരുമേനി അഭിപ്രായം തേടി. അവരെല്ലാം കുന്നംകുളം ഭദ്രാസനം ഉണ്ടാകുന്നതിൽ താല്പര്യം പ്രകടിപ്പിച്ചു. കുന്നംകുളത്തുകാരുടെ ശല്യം ഒഴിവാക്കുന്നത് എന്തുകൊണ്ടും കൊച്ചി ഭദ്രാസനത്തിന് നേട്ടമായിരിക്കാമെന്ന അഭിപ്രായമാണവർക്ക്. കുന്നംകുളം ഭദ്രാസനം നിലവിൽ വന്നതോടെ എന്റെ നെഞ്ചിടിപ്പ് വർദ്ധിക്കാൻ തുടങ്ങി. ഇതോടൊപ്പം ചെങ്ങന്നൂർ ഭദ്രാസനവും പ്രഖ്യാപിക്കപ്പെട്ടു.

അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനി കൊല്ലം ഭദ്രാസന സഹായ മെത്രാപ്പോലീത്ത, ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ തുമ്പമൺ സഹായ മെത്രാപ്പോലീത്ത, തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ചെങ്ങന്നൂർ, ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത കോട്ടയം, ഈ ലേഖകൻ കുന്നംകുളം ഭദ്രാസനം എന്നീ വിധത്തിൽ ചുമതലകൾ നൽകപ്പെട്ടു. പരിശുദ്ധ ബാവാ തിരുമേനിയുടെ അടുത്തു ചെന്ന് സംസാരിക്കാൻ ഞാൻ എപ്പോഴും ഭയപ്പെട്ടിരുന്നു. അതിനു രണ്ടു കാരണങ്ങൾ ഉണ്ട്.

1. എന്റെ സങ്കല്പത്തിൽ ഒരു മെത്രാപ്പോലീത്തായ്ക്ക് ആവശ്യമായ യോഗ്യതകൾ എനിക്ക് ഇല്ലെന്നുള്ള അവബോധം.

2. പരിശുദ്ധ ബാവാ തിരുമേനിയുടെ പ്രൗഢഗംഭീരമായ രൂപഭാവം.

എന്നിരുന്നാലും കുന്നംകുളം ഭദ്രാസന ചുമതലയേറ്റാൽ എനിക്ക് വരാൻപോകുന്ന ആപത്തിനെപ്പറ്റി ബാവാ തിരുമേനിയെ ഒന്നു ധരിപ്പിക്കണമെന്ന് തോന്നി. ദിവസവും സമയവും ഒക്കെ ചോദിച്ചറിഞ്ഞു ബാവാ തിരുമേനിയെ സമീപിക്കാൻ ധൈര്യപ്പെട്ടുകൊണ്ട് ഒരു ദിവസം ദേവലോകം അരമനയിൽ ചെന്നു. കുന്നംകുളം ഭദ്രാസന ചുമതലയേൽക്കുന്നതിലുള്ള എന്റെ ആശങ്കയും അയോഗ്യതകളും ഞാൻ തിരുമേനിയെ ധരിപ്പിച്ചു. അതിന്റെ രത്ന

ചുരുക്കം ഏതാണ്ട് ഇപ്രകാരമാണ്. ഇതുവരെയും ഒരു പള്ളിയിലും ഞാൻ വികാരിയായിരുന്നിട്ടില്ല. എറണാകുളം സെന്റ് മേരീസ് പള്ളിയിൽ ഏഴു വർഷത്തോളം സഹപട്ടക്കാരൻ ആയിട്ടുമാത്രമേ ചുമതല നിർവ്വഹിച്ചിട്ടുള്ളു. ആ പള്ളിയിൽ ഒരു പൊതുയോഗം പോലും ഞാൻ ഒറ്റയ്ക്ക് നടത്തിയിട്ടില്ല. 38 വയസ്സുകാരനായ ഞാൻ കുന്നംകുളത്ത് ചെന്നാൽ ആരും എന്നെ വക വയ്ക്കുകയില്ല. "ഒരു പ്രവാചകൻ സ്വന്തം നാട്ടിൽ ബഹുമാനിക്കപ്പെടുകയില്ല" എന്ന ബൈബിൾ സൂചനയും ഞാൻ അവതരിപ്പിച്ചു. അവിടത്തെ 90 ശതമാനം വൈദീകരും ഇടവക പട്ടക്കാരും എന്നെക്കാളും ഇരുപതോ, ഇരുപത്തഞ്ചോ വർഷം സീനിയേഴ്സും ആണ്. മിക്കവരുടെയും കൂടെ ഞാൻ ശുശ്രൂഷക്കാരനായിരുന്നിട്ടുമുണ്ട്.

ഗുരുമൊഴികൾ

1958 വരെ മലങ്കര മെത്രാപ്പോലീത്താമാർ നേരിട്ട് ഭരിച്ചിട്ടുള്ള പ്രദേശമാണ് കുന്നംകുളം. അതിന് ശേഷം വന്ന മെത്രാപ്പോലീത്താമാർ ആരും കുന്നംകുളംകാരുടെ സ്വാതന്ത്ര്യത്തിൽ കൈവെച്ചിട്ടില്ല. ഭദ്രാസന മെത്രാപ്പോലീത്താമാരുടെ പല ജോലിയും അവിടത്തെ വല്യച്ചന്മാരാണു ചെയ്യാറുള്ളത്. പുലിക്കോട്ടിൽ രണ്ടാം തിരുമേനിയുടെ കാലം മുതൽ അവർ സ്വീകരിച്ചിട്ടുള്ള രീതികളും ശൈലികളും ഒക്കെ സഭാ ഭരണഘടനയ്ക്ക് പൂർണ്ണമായി അനുകൂലമായിരുന്നില്ല. ഞാൻ ബാവാ തിരുമേനിയുടെ അടുത്ത് ചെന്ന് താഴെ പറയും പ്രകാരം ബോധിപ്പിച്ചു. ബാവാ തിരുമേനിക്ക് സമ്മതമെങ്കിൽ ഇടുക്കി ഭദ്രാസനത്തിന്റെ ചുമതല വഹിക്കുന്ന അഭിവന്ദ്യ ബർണാബാസ് തിരുമേനി കുന്നംകുളത്തിനും, ഞാൻ ഇടുക്കിയിലേക്കും നിയമിക്കപ്പെട്ടാൽ നല്ലതായിരിക്കും. അന്നു ഇടുക്കി ഭദ്രാസനം ആർക്കും ആകർഷണമില്ലാത്ത ഒരു ഭദ്രാസനമായിരുന്നു. കുന്നംകുളത്ത് ഞാൻ ഒരു പരാജയമായിരിക്കും എന്ന് വരെ പറഞ്ഞൊപ്പിച്ചു. ഇങ്ങനെയൊക്കെ പറഞ്ഞാൽ പരിശുദ്ധ വട്ടക്കുന്നേൽ തിരുമേനി എന്നെ ശകാരിക്കുകയും വല്ലാതെ ദേഷ്യപ്പെടുകയും ചെയ്യുമെന്നൊക്കെ കരുതി. അങ്ങനെ ഒന്നും ഉണ്ടായില്ല. എല്ലാം ശ്രദ്ധാപൂർവ്വം കേട്ട് നാല് കാര്യങ്ങൾ എന്നോട് സൗമ്യമായി പറഞ്ഞു. അവയാണ് "ഗുരുമൊഴികൾ" എന്ന തലക്കെട്ടിൽ കോറിയിട്ടിരിക്കുന്നത്

1. കുന്നംകുളത്തേക്ക് അയക്കാൻ മറ്റൊരാളും എന്റെ മനസ്സിൽ ഇല്ല. മെത്രാച്ചൻ തന്നെ അങ്ങോട്ട് പൊയ്ക്കൊള്ളണം.

2. അവിടെയുള്ള വൈദികർ മെത്രാച്ചനെക്കാൾ വളരെയധികം പ്രായം ചെന്നവരും, ഇടവക പട്ടക്കാരുമാണ്. അവരോടൊന്നും അധികാരം ഉപയോഗിക്കരുത്, അവർക്ക് ചില പോരായ്മകൾ ഉണ്ടെന്ന് എനിക്കറിയാം. പക്ഷേ അവരെല്ലാം എന്റെ ശിഷ്യരാണ്.

3. ദൈവത്തിൽ നന്നായി ആശ്രയിച്ച് ചുമതല നിറവേറ്റണം.

4. ഞാൻ ദേവലോകം അരമനയിൽ ഇരിപ്പുണ്ട്.

ഇത്രയും കാര്യങ്ങൾ ഇന്നുവരെ നിറവേറ്റിയിട്ടുണ്ടെന്ന് നിസ്സംശയം പറയാം.

കുന്നംകുളം ഭദ്രാസനത്തിന്റെ ചുമതല

കുന്നംകുളം ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുക്കുമ്പോൾ കുന്നംകുളം, പഴഞ്ഞി പ്രദേശങ്ങളിലെ ഇടവകകളുടെ സ്ഥിതിവിശേഷവും, ചുരുക്കം ചില അനുഭവങ്ങളും വിവരിച്ച് ഈ കുറിപ്പ് ഞാൻ അവസാനിപ്പിക്കാം. പഴഞ്ഞി മേഖലയിലെ പ്രധാനദേവാലയം പഴഞ്ഞി സെന്റ് മേരീസ് പള്ളിയാണ്. അതിന്റെ കീഴിൽ നാല് ചാപ്പലുകളുമുണ്ട്. രണ്ട് ഇടവക പട്ടക്കാർ ആ പള്ളിയിലുണ്ട്. പഴഞ്ഞിപള്ളിക്കാർ തുടക്കത്തിൽ ഏകദേശം ഒൻപതു മാസത്തോളം എന്നെ ഭദ്രാസന മെത്രാപ്പോലീത്തയായി അംഗീകരിച്ചില്ല. തുബ്ദേനിൽ അത്രയും നാൾ എന്റെ പേർ ഓർത്തില്ല. അവരോടാലോചിക്കാതെയാണ് ഭദ്രാസനം നിലവിൽ വന്നതെന്നാണ് അവരുടെ ആരോപണം. കുന്നംകുളം മേഖലയും പഴഞ്ഞി മേഖലയും തമ്മിൽ ഒരു കിടമത്സരം രഹസ്യമായിട്ടുണ്ടായിരുന്നു. ഭദ്രാസന യോഗങ്ങളിൽ പഴഞ്ഞിക്കാർ പ്രതിനിധികളെ അയച്ചില്ല. ഭദ്രാസനത്തിന് കുന്നംകുളം എന്ന പേരിട്ടതിലും അവർക്ക് അതൃപ്തിയുണ്ട്. എന്തു ചെയ്യാം ഞാൻ നിസ്സഹായനായിരുന്നു. എം.ഡി കോളജ് പഴഞ്ഞിയിൽ സ്ഥാപിച്ചതിനോട് കുന്നംകുള ത്തുകാർക്ക് എതിർപ്പ് ഉണ്ടായിരുന്നു. എന്റെ മാമോദീസ, പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ നടത്തപ്പെട്ടതാണ്, ഞാൻ പഴഞ്ഞിമേഖലക്കാരനായി കുന്നംകുള

ആൻഡമാൻസ് മിഷൻ

ആൻഡമാൻസ്: സെന്റ് പോൾസ് ആശ്രമത്തിന്റെ പ്രഥമ കെട്ടിടത്തിന്റെ കൂദാശ ഒക്ടോബർ 19-ന് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ നേതൃത്വത്തിൽ നടത്തും.

മദ്രാസ് ഭദ്രാസനത്തിന്റെയും മിഷൻ ബോർഡിന്റെയും പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിന്റെയും സംയുക്ത സംരഭമാണിത്. അനാഥ കുട്ടികൾക്ക് ഇപ്പോൾ പ്രവേശനം നൽകും.

ഇന്ത്യയ്ക്കുള്ളിൽ ഒൻപതു സംസ്ഥാനങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നു. എല്ലാ സംസ്ഥാനങ്ങളിലും മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ പ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ആഗ്രഹം പൂർത്തീകരിക്കപ്പെടേണ്ടതുണ്ടെന്ന് മിഷൻ ബോർഡ് ഡയറക്ടർ കെ.ഐ. ഫിലിപ്പ് റമ്പാൻ പറഞ്ഞു.



എന്നാൽ ഞാൻ അത് ചെയ്തില്ല. പള്ളിയ്ക്കെതി രായി കേസു കൊടുത്തു എന്ന ചീത്ത പേര് ഒഴിവാ ക്കാനായിരുന്നു എന്റെ ആഗ്രഹം. ഇതിന്റെ യൊക്കെ പിന്നിൽ ഇടവക പട്ടക്കാർ ആയിരുന്നു രഹ സ്യമായും പരസ്യമായും പ്രവർത്തിച്ചത്. ഇതിന്റെ പേരിൽ ആരെയും ഞാൻ ശിക്ഷിച്ചില്ല. ഒന്നും ചെയ്യാൻ എനിക്കാകുമായിരുന്നില്ല.

അപ്പോഴേക്കും പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി കാതോലിക്കായായി. സാമ്പത്തികമായി ഒരു വഴിയും ഉണ്ടായിരുന്നില്ല. തെക്കൻ ഭാഗങ്ങളിൽ കാര്യമായി പരിചയം ഇല്ലാതിരുന്നതിനാൽ അവിടെയ്ക്കൊന്നും ആരും പ്രോഗ്രാമിന് വിളിക്കുകയില്ലായിരുന്നു. വിദേശ രാജ്യങ്ങളിൽ പോകാനും ക്ഷണം തീരെ കുറവായിരുന്നു. പ്രോഗ്രാമുകൾക്ക് ക്ഷണിപ്പിക്കാൻ ഞാൻ ഒരിക്കലും ഒരുമ്പെട്ടില്ല. കുന്നംകുളത്തെ പ്രോഗ്രാമുകൾക്കു തുച്ഛമായ കൈമുത്തു മാത്രമേ ലഭിക്കാറുള്ളു. എന്നാൽ എല്ലാ മാസവും മൂന്ന് പറ അരി ആർത്താറ്റ് പള്ളിക്കാർ തരും. അവർക്ക് കോപം വന്നാൽ ചില മാസങ്ങളിൽ അതു മുടങ്ങുകയും ചെയ്യും.

എറണാകുളം പള്ളിക്കാർ പുതിയ ഒരു അമ്പാസിഡർ കാർ പാരിതോഷികമായി തന്നതുകൊണ്ട് യാത്രയ്ക്ക് മുടക്കം ഉണ്ടായില്ല. ഇതിനേക്കാൾ കീറാമുട്ടി പ്രശ്നമായിരുന്നു കുന്നംകുളത്തെ പള്ളി ഭരണം. ആർത്താറ്റ് കുന്നംകുളം മഹായിടവകയെന്നാൽ 15 പള്ളികളുടെ കൂട്ടായ്മയായിരുന്നു. അതിൽ തലപള്ളിയായി കണക്കാക്കിയതു ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രലാണ്. മേൽപറഞ്ഞ 15 പള്ളിക്കാർക്കും കൂടി ഒരു സെമിത്തേരിയും ഒരു പൊതുയോഗവും ആണ്. പാലക്കുന്നത്തു മെത്രാച്ചന്റെ കാലത്ത് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനി തുടങ്ങി വച്ച് ഒരു ഭരണ സമ്പ്രദായമാണിത്. മാർത്തോമക്കാരുമായി ഉണ്ടായ വ്യവഹാരത്തിൽ ആർത്താറ്റ് പള്ളി എല്ലാ കീഴ്ക്കോടതികളിലും തോൽവിയടഞ്ഞു. അവസാനം പുലിക്കോട്ടിൽ തിരുമേനിയും ഇടവഴിക്കൽ ഇ.എം. ഫിലിപ്പും കേസ് നടത്തിപ്പ് ഏറ്റെടുത്തു. മദ്രാസിൽ നിന്നു നല്ല മിടുക്കൻ വക്കീലിനെ കൊണ്ടുവന്നു കൊച്ചി റോയൽ കോടതിയിൽ കേസ് വാദിച്ച് ജയിച്ചതുകൊണ്ടാണ് ആർത്താറ്റ് കുന്നംകുളം മഹായിടവക നമ്മുടെ സഭയിൽ നിലനിന്നത്.

'പുറകോട്ട് തിരിഞ്ഞ് നോക്കുമ്പോൾ ഇതെല്ലാം ദൈവത്തിന്റെ പദ്ധതികൾ ആണ്. നമ്മൾ കൗശലങ്ങൾ ഉപയോഗിക്കാതെ, പക പോക്കാതെ ദൈവ ശബ്ദം കേൾക്കാൻ തയ്യാറായാൽ മതി. എല്ലാം ശുഭം, ശുഭം.


ത്തുകാർ കണക്ക് കൂട്ടി. രണ്ടുകൂട്ടരും രണ്ട് വിധത്തിൽ എന്നോടു എതിരിടാൻ തുടങ്ങി. എന്നാൽ, ഏകദേശം ഒരു വർഷത്തിനുള്ളിൽ പഴഞ്ഞിപള്ളിക്കാരുടെ നിസ്സഹകരണം തീർക്കാൻ സാധിച്ചു.

അരമനയ്ക്ക് സ്ഥലം വാങ്ങിയത് ആർത്താറ്റായതുകൊണ്ട് പഴഞ്ഞിക്കാർക്ക് ഉള്ളിൽ എന്നോടു എതിർപ്പുണ്ട്. ഭദ്രാസനം ഉണ്ടാകുവാൻ കൂടുതൽ ഉത്സാഹം കാണിച്ചത് കുന്നംകുളത്തുകാർ ആയതാണ് പ്രധാന പ്രശ്നം. ഭദ്രാസനം അനുവദിക്കണമെങ്കിൽ ഒരു ഏക്കർ ഭൂമി ബാവാ തിരുമേനിയുടെ പേർക്ക് തീറ് കൊടുക്കണമെന്ന് തിരുമേനി വ്യവസ്ഥ ചെയ്തിരുന്നു. അപ്രകാരം അവർ ചെയ്തു. ബാവാ തിരുമേനിയുടെ ആരോഗ്യ ശേഷി നഷ്ടപ്പെട്ടപ്പോൾ ആർത്താറ്റ് പള്ളിക്കാർ പ്രസ്തുത ഭൂമി ബലമായി കയ്യേറി അവരുടേതാക്കി. അവരുടെ പേരിൽ കേസ് കൊടുക്കാൻ ഭദ്രാസന കൗൺസിൽ, പള്ളി പ്രതി പുരുഷ യോഗം, സഭാ കേന്ദ്ര ത്തിലെ വർക്കിങ്ങ് കമ്മറ്റി ആദിയായവർ എന്നോടാവശ്യ പ്പെട്ടു.



ആർത്താറ്റ് പള്ളി

ആർത്താറ്റ് കുന്നംകുളം മഹായിടവകയെന്നാൽ 15 പള്ളികളുടെ കൂട്ടായ്മയായിരുന്നു. അതിൽ തലപള്ളിയായി കണക്കാ ക്കിയതു ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രൽ. മേൽപറഞ്ഞ 15 പള്ളി ക്കാർക്കും കൂടി ഒരു സെമിത്തേരിയും ഒരു പൊതുയോഗവും ആണ്.



പഴഞ്ഞി പള്ളി

അതുകൊണ്ട് ഞാൻ ആദ്യം നടത്തിയ വൈദിക സ്ഥലമാറ്റം പരാജയപ്പെട്ടു. പിന്നീട് വൈദിക സ്ഥലംമാറ്റം ഞാൻ ഏകനായി നടത്തുവാൻ തുടങ്ങി. ഇതിൽ കാര്യമായ പ്രയാസങ്ങൾ ഉണ്ടായില്ലെന്നത് ദൈവകൃപ മാത്രം. ആദ്യമൊക്കെ ചിലർ എന്നെ രഹസ്യമായി സംബോധന ചെയ്തിരുന്നത് 'മെത്രാൻ കുട്ടി' എന്നായിരുന്നു. വല്യച്ചന്മാരുടെ എന്നെക്കുറിച്ചുള്ള കമന്റ് രസമുള്ള തായിരുന്നു. 'പള്ളി ഭരിക്കാൻ വന്ന ഈ ചെക്കൻ ആൾ കുഴപ്പക്കാരനാണ്. അനുഭവം കൊണ്ട് പഠിക്കട്ടെ.'

എല്ലാ ഇടവകകളും സ്വതന്ത്രമായി

ഇന്ന് എല്ലാ ഇടവകകളും സ്വതന്ത്രമായി. ഓരോ ഇടവകയും നന്നായി വളർന്നു കൊണ്ടിരിക്കുന്നു. 1998ൽ ആർത്താറ്റ് കുന്നംകുളം ജനറൽ വികാരിയും നാലു കമ്മറ്റിയംഗങ്ങളും ഇവിടുത്തെ പ്രത്യേക ഭരണക്രമം നിലനിർത്താൻ എന്റെ പേരിൽ കേസ് കൊടുത്തു. ഒന്നല്ല, ഏഴ് ഒറിജനൽ സ്യൂട്ടും ഏകദേശം 27 ഉപകേസുകളും


ഭദ്രാസന ഭരണം ഏറ്റെടുക്കുമ്പോൾ

ഞാൻ ഭദ്രാസന ഭരണം ഏറ്റെടുക്കുമ്പോൾ ആർത്താറ്റ് കുന്നംകുളം മഹാഇടവകയിൽ 10 ഇടവക പട്ടക്കാരും, ആ ഗണത്തിൽ പെടാത്ത രണ്ട് മൂന്ന് പട്ടക്കാരും ഉണ്ടായിരുന്നു. ആർത്താറ്റ് കുന്നംകുളം മഹായിടവകയുടെ ജനറൽ വികാരിയായിട്ട് ഒരു വൈദികനെ നിയമിക്കും. ബാക്കിയുള്ള എല്ലാ പട്ടക്കാരും അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കണം. ജനറൽ വികാരിയുടെ നിർദ്ദേശം എല്ലാ പട്ടക്കാരും അനുസരിച്ചുകൊള്ളണമെന്ന് നിയമന കല്പനയിൽ മെത്രാപ്പോലീത്താ എഴുതി കൊടുക്കും. മഹാ ഇടവകയിലെ എല്ലാ പള്ളിക്കാരും ഭണ്ഡാരം ഒഴിച്ചുള്ള അവരുടെ വരുമാനം ആർത്താറ്റ് കുന്നംകുളം പള്ളി ആഫീസിൽ അടയ്ക്കണം. എല്ലാ പട്ടക്കാർക്കും ശമ്പളം നൽകുന്നതു ആർത്താറ്റ് കുന്നംകുളം പള്ളി ആഫീസിൽ നിന്നാണ്. ഏകദേശം മൂന്നുമാസം കൂടുമ്പോൾ ഒരു വൈദികനു ആർത്താറ്റ് പള്ളിയിൽ ഞായറാഴ്ച്ച തവണ ലഭിക്കും. ആ ആഴ്ചയിലെ ഇടദിവസങ്ങളിൽ മുഴുവനും, തവണയുള്ള പട്ടക്കാരൻ ആർത്താറ്റ് പള്ളിയിൽ വി. കുർബ്ബാന അനുഷ്ഠിക്കണം. ആർത്താറ്റ് പള്ളി ഒഴിച്ചുള്ള പള്ളികളിൽ എല്ലാ ഞായറാഴ്ച്ച വി. കുർബ്ബാനയ്ക്കും അച്ചന്മാർക്ക് നിർദ്ദേശം കൊടുക്കുന്നത് ആർത്താറ്റ് കുന്നംകുളം പള്ളി ജനറൽ വികാരിയാണ്. ഏകദേശം 50 പേർ അടങ്ങിയതാണ് പള്ളി കമ്മിറ്റി. പള്ളി പൊതുയോഗം രാത്രികാലങ്ങളിൽ ആയിരിക്കും കൂടുന്നത്. ചുരുക്കി പറഞ്ഞാൽ ഭദ്രാസനത്തിനുള്ളിൽ ഒരു ചെറിയ ഭദ്രാസനമാണ് ആർത്താറ്റ് കുന്നംകുളം മഹാഇടവക. അവരുടെ ഒരു പൊതുയോഗ തീരുമാനത്തെ സ്വാധീനിക്കാനോ, റദ്ദാക്കാനോ ഒരു മെത്രാപ്പോലീത്തായും ധൈര്യപ്പെടില്ല. ഏകദേശം 100 കൊല്ലത്തെ പഴക്കമുള്ള ഒരു ഭരണ സമ്പ്രദായമാണിത്. കുന്നംകുളം ഭദ്രാസന ചുമതല ഏറ്റെടുത്തപ്പോൾ തൽക്കാലം താമസിക്കാൻ ഇടം കിട്ടിയത് ആർത്താറ്റ് പള്ളിയിലായിരുന്നു. ഞാൻ ചുമതല ഏറ്റെടുത്തു മൂന്ന് മാസം കഴിഞ്ഞ പ്പോൾ ജനറൽ വികാരിയച്ചൻ എന്നോടൊരു കാര്യം പറഞ്ഞു. തിരുമേനി ആർക്കും പട്ടം കൊടുത്തില്ലല്ലോ. 'പട്ടം കൊടുത്തു പഠിക്കേണ്ടതിനായി' രണ്ടു ചെറുപ്പക്കാരെ ഞാൻ സമ്മതിപ്പിച്ചിട്ടുണ്ട്. എന്റെ അന്വേഷണത്തിൽ അവർക്ക് സെമിനാരിയിൽ ചേരാൻ യോഗ്യതയുള്ളവരാണ്. അവർ സെമി നാരിയിൽ ചേർന്ന് പഠിക്കട്ടെ. എന്നിട്ട് മതി പട്ടംകൊട. എന്റെ ഉത്തരം അദ്ദേഹത്തിന് ഇഷ്ടപ്പെട്ടില്ല. വൈദികരുടെ സ്ഥലമാറ്റത്തിന്റെ സന്ദർഭം വന്നു. അവർ വൈദികയോഗം കൂടി പള്ളികളിൽ അച്ചന്മാരെ നിശ്ചയിച്ച് ലിസ്റ്റ് കൊണ്ടുവന്നതിൽ ഒപ്പിട്ടാൽ മതിയെന്ന് ആവശ്യപ്പെട്ടു. എന്റെ ജോലി എളുപ്പമാക്കുന്നതിനാണത്രെ ഇതെല്ലാം. മാത്രമല്ല ഇവിടത്തെ പതിവ് ഇങ്ങനെയാണെന്ന് പറയുകയുണ്ടായി. അതും എനിക്ക് തള്ളി പറയേണ്ടി വന്നു.




പരിശുദ്ധ വട്ടക്കുന്നേൽ ബാവ എന്നോട് പറഞ്ഞ 'ഗുരുമൊഴികൾ' ഇതുവരെയും ഞാൻ കാത്തുസൂക്ഷിച്ചു. ദൈവം ഈ സന്ദർഭങ്ങളിലെല്ലാം ഒരുപാട് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് ഞാൻ നേരിൽ കണ്ടു. ഞാൻ ഒരുപാട് വേദനിക്കുകയും, രഹസ്യമായികരയുകയും ചെയ്തിട്ടുണ്ട്.

best *wishes*



ഓഗസ്റ്റ് 30 – ന് 68 – ാം ജന്മദിനം ആഘോഷിക്കുന്ന മലങ്കരയുടെ വലിയ പിതാവ്
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ
കാതോലിക്കാ ബാവാ തിരുമേനിക്ക് ഹൃദയം നിറഞ്ഞ ജന്മദിനാശംസകൾ

ഷാജി എബ്രഹാം, കുവൈറ്റ്, സഭാ മാനേജിംഗ് കമ്മറ്റിയംഗം



> **ദൈവം അത്ഭുതകരമായി ഈ സഭയെ നയിക്കുമെന്നു ഞാൻ ഇന്നും ഉറച്ച് വിശ്വസിക്കുന്നു. ഇന്നും കുന്നംകുളത്ത് ഉള്ളവർ എന്റെ സ്വന്തക്കാരും കണ്ണിലുണ്ണികളും തന്നെ.**

മൂന്ന് ക്രിമിനൽ കേസുകളും കൂടി അവർ ഫയൽ ചെയ്തു. ഭദ്രാസന കൗൺസിലിൽ ഒരാൾ ഒഴിച്ച് ബാക്കി എല്ലാവരും എനിക്ക് എതിരായിരുന്നു. കൗൺസിലിലെ ഏറ്റവും സീനിയർ വൈദികനും, ഒരു അൽമായക്കാരനും എനിക്കെതിരെയുള്ള കേസിൽ വാദികളായിരുന്നു.

ഒൻപതു വർഷം കേസ് നടത്തി അവസാനം എല്ലാ ഇടവകകൾക്കും സ്വാതന്ത്ര്യം നൽകികൊണ്ട് കേസ് തീർന്നു. കേസ് തുടങ്ങുമ്പോൾ ഒരാൾ പോലും എന്റെ കൂടെ ഇല്ലായിരുന്നു. എല്ലാവർക്കും ഭയമായിരുന്നു. അന്ന് സഭാകേന്ദ്രം എന്നെ അനുകൂലിച്ചുവോയെന്ന് സംശയിക്കാൻ ധാരാളം തെളിവുകൾ ഉണ്ടെങ്കിലും അതൊക്കെ ഞാൻ മണ്ണോട് ചേരുമ്പോൾ നശിച്ചു കൊള്ളും. കേസ് കൊടുത്തവരും ഞാനും തമ്മിൽ ഇക്കാലയളവിൽ സൗഹൃദം കാത്തുസൂക്ഷിച്ചു. അന്നും ഇന്നും അവർ എന്റെ സ്നേഹിതന്മാർ തന്നെ. ഒരാളോടും പകപോക്കിയില്ല. പരിശുദ്ധ വട്ടക്കുന്നേൽ ബാവ എന്നോട് പറഞ്ഞ 'ഗുരുമൊഴികൾ' ഇതുവരെയും ഞാൻ കാത്തുസൂക്ഷിച്ചു. ദൈവം ഈ സന്ദർഭങ്ങളിലെല്ലാം ഒരുപാട് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് ഞാൻ നേരിൽ കണ്ടു. ഞാൻ ഒരുപാട് വേദനിക്കുകയും, രഹസ്യമായികരയുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തെ് ഓർത്തഡോക്സ് വോയ്സുകാർ കുന്നംകുളത്ത് വന്നു എനിക്ക് എതിരായി കുന്നംകുളം ബസ് സ്റ്റാന്റിൽ പ്രതിഷേധ സമ്മേളനം നടത്തി. ഞാൻ വീട്ടിൽ ചെന്നാൽ മാതാപിതാക്കൾ വാവിട്ടു കരയുന്നത് അനേക തവണ ഞാൻ നേരിൽ കണ്ടു. പോലീസിനെ കൊണ്ട് എന്നെ അറസ്റ്റ് ചെയ്യിപ്പിക്കാൻ എതിരാളികൾ പരമാവധി ശ്രമിച്ചു. ഈ സമയങ്ങളിലൊക്കെ ദൈവം അൽഭുതകരമായി എന്നെ സഹായിച്ചുകൊണ്ടിരുന്നു. പ്രശ്നങ്ങളിൽ ഞാൻ ഒട്ടും പതറിയില്ല. കുന്നംകുളത്തെ പാത്രിയർക്കീസ് പക്ഷക്കാർ വളരെ അനുഭാവത്തോടെയാണു എന്നോട് പെരുമാറിയത്. കുന്നംകുളത്ത് വരാൻ ഞാൻ ഭയപ്പെട്ടിരുന്നതിന്റെ കാരണം മേൽ വിവരിച്ചതൊക്കെ തന്നെ. **2005-ൽ** മെത്രാന്മാരുടെ സ്ഥലംമാറ്റം മാനേജിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യപ്പെട്ടപ്പോൾ വിയോജനക്കുറിപ്പ് എഴുതണമെന്നു ഞാൻ വാശി പിടിച്ചതും ഈ പശ്ചാത്തല ത്തിലാണ്. എന്റെ സ്വന്തം രക്ഷയ്ക്കായി ഞാൻ ഒന്നും ചെയ്തിട്ടില്ല. കുന്നംകുളത്ത് സഭയ്ക്കുവേണ്ടി ദുരിതമനുഭവിക്കാൻ ആരും തയ്യാറാവില്ലെന്ന നിഗമനത്തിലാണ് ഞാൻ മെത്രാന്മാരുടെ സ്ഥലം മാറ്റത്തെ എതിർത്തത്. ദൈവം അത്ഭുതകരമായി ഈ സഭയെ നയിക്കുമെന്നു ഞാൻ ഇന്നും ഉറച്ച് വിശ്വസിക്കുന്നു. ഇന്നും കുന്നംകുളത്തുള്ളവർ എന്റെ സ്വന്തക്കാരും കണ്ണിലുണ്ണികളും തന്നെ.

അസാധാരണ ജീവിതാനുഭവങ്ങൾ

പഴഞ്ഞി സെന്റ് മേരീസ് പള്ളിയുടെ കീഴിൽ നാലു ചാപ്പലുകൾ ഉണ്ടായിരുന്നു. അവയും കേസുകൂടാതെ സ്വതന്ത്രമായി. അത് സ്വതന്ത്രമാകാൻ ചില കാരണങ്ങൾ ഉണ്ട്. അവിടെയും ഇടവക പട്ടക്കാരായിരുന്നു എനിക്കെതിരെ രഹസ്യമായി പ്രവർത്തിച്ചിരുന്നത്. അതൊന്നും വിശദീകരിക്കുവാൻ മനസ്സ് അനുവദിക്കുന്നില്ല. പഴഞ്ഞി മേഖലയിലുണ്ടായിരുന്ന എം.ഡി കോളേജിന്റെ ഭരണം ഒരു വലിയ കീറാമുട്ടിയായിരുന്നു. കോളേജിലെ അനീതികൾ പലതും എനിക്ക് ചോദ്യം ചെയ്യേണ്ടി വന്നു. ആർത്താറ്റ് അരമന ഗേറ്റിൽ എനിയ്ക്കെതിരെ സമരം ചെയ്തു. ഒരു തവണ ഏകദേശം ഒരു മണിക്കൂറോളം ഒരു പള്ളി അങ്കണത്തിൽ എനിക്കെതിരെ അസഭ്യം പറഞ്ഞ് ഘരാവോ ചെയ്തു. എനിക്കെതിരെ വഴിതടയൽ സമരത്തിനും കോളേജ് അനുകൂലികൾ തയ്യാറായി. ഇക്കാര്യങ്ങളിലൊക്കെ ലോക്കൽ ഗവേണിംങ് ബോഡിയുടെ ഒത്താശയുണ്ടായിരുന്നു. അവസാനം ദൈവം തമ്പുരാൻ കോളേജ് ഒരു ക്രമത്തിൽ ആക്കി തീർക്കാൻ എന്നെ സഹായിച്ചു.

ഞാൻ മേല്പട്ടക്കാരനായി 29 വർഷം കഴിഞ്ഞുവെന്ന് പറഞ്ഞല്ലോ. അസാധാരണമായ ജീവിതാനുഭവങ്ങൾ ഇക്കാലങ്ങളിൽ എനിക്കുണ്ടായിട്ടുണ്ട്. അതൊക്കെ സത്യസന്ധമായി എഴുതിയാൽ ഒത്തിരിപേർ വേദനിക്കും. അതിന് എനിക്ക് ആഗ്രഹമില്ല. ദൈവമായിരുന്നു സകല പ്രതിസന്ധികളിലും എന്നെ സഹായിച്ചത്. എന്നെ സഹായിക്കുമെന്ന് പ്രതീക്ഷിച്ചവരെല്ലാം ഭയപ്പെട്ട് പിൻവാങ്ങിയിരുന്നു. പുറകോട്ട് തിരിഞ്ഞ് നോക്കുമ്പോൾ ഇതെല്ലാം ദൈവത്തിന്റെ പദ്ധതികൾ ആണ്.

നമ്മൾ കൗശലങ്ങൾ ഉപയോഗിക്കാതെ, പക പോക്കാതെ ദൈവശബ്ദം കേൾക്കാൻ തയ്യാറായാൽ മതി. എല്ലാം ശുഭം, ശുഭം. (2014 ജൂലൈ15)

■



ഇറാഖ് : കുടിയിറക്കപ്പെടുന്ന ക്രൈസ്തവർ

■ ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

ഇറാഖിൽ ക്രിസ്ത്യാനികൾ വിവിധ തരത്തിൽ പീഡിപ്പിക്കപ്പെടുന്നു. വേട്ടയാടപ്പെടുന്നു. സമ്പാദിച്ചതൊന്നും എടുക്കുവാൻ കഴിയാതെ പ്രാണരക്ഷാർത്ഥം ജനിച്ചു വളർന്ന ഇറാഖിലെ മണ്ണിൽ നിന്നും പലായനം ചെയ്യപ്പെടാൻ വിധിക്കപ്പെട്ടിരിക്കുന്നു.

ജനിച്ചു വളർന്ന മണ്ണിനോടും ജനതയോടും യാത്ര ചൊല്ലി, അഭയാർത്ഥികളായി, കുടിയിറക്കപ്പെട്ട ഒരു ജനതയായി 'ഇറാഖിലെ ക്രൈസ്തവർ'. നുറുങ്ങിയ ഹൃദയത്തോടെ നേടിയ സകലതും ഇറാഖിൽ ഉപേക്ഷിച്ചു. വീടും, പുരയിടവും, ബിസിനസും പള്ളിയും എല്ലാം! അവർ പ്രാണരക്ഷാർത്ഥം ഇറാഖിൽ നിന്നു കുടിയിറങ്ങി...

'ഇറാഖിന്റെ ചരിത്രത്തിൽ ഇത് ആദ്യ സംഭവമാണ്. ക്രൈസ്തവർ ഇല്ലാതാകുന്ന 'മൊസ്സൂൾ നഗരം'. സീനിയർ കൽദായ പാത്രിയർക്കീസ് ലൂയിസ് സാക്കോ നവമാധ്യമങ്ങളിൽ എഴുതിയ കുറിപ്പ് ലോക മനഃസാക്ഷിയെ ഞെട്ടിച്ചു.

ക്രിസ്തീയ ആരാധനാലയങ്ങളോടും ക്രിസ്ത്യാനികളോടും ഇറാഖിൽ നടത്തിയ അതിക്രൂരമായ ആക്രമം ഭീകരതയുടെ തേർവാഴ്ചയാണ് വെളിപ്പെടുത്തുന്നത്.

സ്ത്രീകളും കുട്ടികളും പീഡിപ്പിക്കപ്പെട്ടു. പള്ളികൾ തകർത്തു. ക്രിസ്ത്യാനികളെ ക്രൂശിൽ തറച്ചു. നഗ്നരാക്കി വഴിയിൽ നടത്തി. തടവറകളിൽ പാർപ്പിച്ചു. വസ്തുവകകൾ കൊള്ളയിട്ടു.

ഇറാഖിൽ ക്രിസ്ത്യാനികൾ വിവിധ തരത്തിൽ പീഡിപ്പിക്കപ്പെടുന്നു. വേട്ടയാടപ്പെടുന്നു. സമ്പാദിച്ചതൊന്നും എടുക്കുവാൻ കഴിയാതെ പ്രാണരക്ഷാർത്ഥം ജനിച്ചു വളർന്ന, ഇറാഖിലെ, മണ്ണിൽ നിന്നും പലായനം ചെയ്യപ്പെടാൻ വിധിക്കപ്പെട്ടിരിക്കുന്നു.

ക്രിസ്തീയസഭ ഉണ്ടായ ആദ്യ നൂറ്റാണ്ടു മുതൽ ഇറാഖിൽ ക്രൈസ്തവ ജനത ഉണ്ടായിരുന്നു. ഇറാഖിൽ ക്രിസ്തുമതത്തിന്റെ സ്ഥാപകൻ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായും വിശുദ്ധ തദ്ദേവൂസ് ശ്ലീഹായുമാണ്. ഇറാഖിലെ ക്രിസ്ത്യാനികൾ പൗരസ്ത്യ പാരമ്പര്യത്തിൽപ്പെട്ടവരാണ്. കാൽഡിയൻ കത്തോലിക്കാ സഭ, സിറിയൻ ഓർത്തഡോക്സ് സഭ, സിറിയക്ക് കത്തോലിക്കാ സഭ, പുരാതന പൗരസ്ത്യ സഭ, പൗരസ്ത്യ അസീറിയൻ സഭ എന്നിവയാണ് പ്രധാനമായ സഭകൾ. ഗ്രീക്ക്-ബൈസന്റയിൻ പാരമ്പര്യത്തിൽ ഉൾപ്പെട്ട സഭകളും റോമൻ കത്തോലിക്കാ സഭയും പ്രൊട്ടസ്റ്റന്റ് സഭയും ഇറാഖിലുണ്ട്. ഇറാഖിലെ ക്രിസ്ത്യാനികൾ അധിക പീഡനങ്ങൾ സഹിക്കുവാൻ തുടങ്ങിയിട്ട് പത്തുവർഷത്തിലേറെയായി. അമേരിക്കൻ അധിനിവേശം ഉണ്ടായ 2003 മുതൽ ആഭ്യന്തര രാഷ്ട്രീയ സംഘർഷങ്ങളും പ്രതിസന്ധികളും വർദ്ധിച്ചു. 2014-ൽ 'ശക്തിപ്പെട്ട ഇസ്ലാമിക്ക് സ്റ്റേറ്റ് ഫോർ ഇറാക്ക് ആൻഡ് സിറിയ' എന്ന സംഘടന അതിശക്തമായി ഇറാഖിലെ ക്രൈസ്തവരെ പീഡിപ്പിക്കുന്നു.

ക്രിസ്ത്യാനികൾ മുസ്ലിമായി മതപരിവർത്തനം നടത്തുകയോ ക്രിസ്ത്യാനികൾ പ്രത്യേകമായ 'ഗുണ്ടാപിരിവ്' അഥവാ ടാക്സ് നൽകുകയോ ചെയ്യണം. അല്ലെങ്കിൽ പീഡനമേറ്റ് വാളിനിരയാകണം (face the sword). ഈ അന്ത്യശാസനം ഭയന്നാണ് അനേക ക്രിസ്ത്യാനികൾ അഭയാർത്ഥികളായി ഇറാഖിൽ നിന്നും 'പടിയിറങ്ങിയത്'.

ക്രിസ്ത്യാനികളുടെ ഭവനങ്ങൾക്കു മുമ്പിൽ അറബി ഭാഷയിൽ N എന്നു എഴുതി വയ്ക്കും. അറബിയിൽ അതിനർത്ഥം ഇവർ 'നസ്രാണി' അഥവാ ക്രിസ്ത്യാനികൾ എന്നാണ്. ക്രിസ്തീയ ഭവനങ്ങൾ തിരഞ്ഞെടുത്താണ് പീഡനങ്ങൾ വർദ്ധിപ്പിച്ചത്. ഇത്തരം ചിഹ്നം പതിപ്പിച്ച ഭവനങ്ങൾ 'ഇസ്ലാമിക സ്റ്റേറ്റിന്റെ വക' (Property of the Islamic State) എന്ന് അവർ അർത്ഥമാക്കുന്നതിലാണ് അഭയാർത്ഥികളായി പലായനം ചെയ്യേണ്ടിവരുന്നത്.

2003-ന് മുമ്പ് ഇറാഖിൽ 15 ലക്ഷം







ക്രൈസ്തവർ ഉണ്ടായിരുന്നു. എന്നാൽ 2014-ൽ അത് നാല് ലക്ഷമായി. 2003 മുതൽ ബാഗ്ദാദ്, മൊസൂൾ, കിർക്ക്, ബസറാ എന്നീ വൻ നഗരങ്ങളിലെ ക്രൈസ്തവർ നേരിടുന്നത് അതിഭയങ്കരമായ പീഡനങ്ങളാണ്. പീഡനങ്ങൾ സഹിക്കവയ്യാതെ ഈ ക്രൈസ്തവ സമൂഹം ഇറാഖിൽ നിന്നും അയൽ രാജ്യങ്ങളായ തുർക്കി, ലെബാനോൻ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് സുരക്ഷാർത്ഥം അഭയാർത്ഥികളായി മാറി താമസിച്ചു വരികയായിരുന്നു. ഇപ്പോൾ അതിന്റെ ഏറ്റവും അവസാനത്തെ ഒഴുക്കും നിലച്ചു. 2014 ജൂലൈ അന്ത്യത്തോടെ ഇറാഖിലെ ക്രൈസ്തവജനതയുടെ സാന്നിധ്യത്തിന് അറുതിയായി!.

ഇറാഖിലെ രണ്ടാമത്തെ വൻ നഗരമായ മൊസൂളിൽ നിന്നും സ്വയപ്രഖ്യാപിത ഇസ്ലാമിക്ക് സ്റ്റേറ്റിന്റെ പീഡനത്താൽ കുടിയിറക്കപ്പെടുന്ന ക്രൈസ്തവരുടെ ജീവിതത്തോട് അഖില ലോക സഭാ കൗൺസിൽ ജനറൽ സെക്രട്ടറി റവ. ഡോ. ഒലേവ് ഫിക്സി റ്റിവിറ്റ് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. 'ഇറാഖിലെ പുതിയ സംഭവ വികാസങ്ങൾ ക്രൈസ്തവർക്കും മുസ്ലീങ്ങൾക്കും ഒരു ദുരന്ത'മാണെന്ന് WCC പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

മതബഹുല സംവാദങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്ന് ജൂലൈയിൽ ജനീവയിൽ നടന്ന WCC യുടെ സെൻട്രൽ കമ്മറ്റി ഇറാഖി സർക്കാരിനോട് ആവശ്യപ്പെട്ടു. മനുഷ്യാവകാശങ്ങൾ സംരക്ഷിച്ച് നീതിപൂർവ്വവുമായ ഭരണസംവിധാനം സൃഷ്ടിക്കാൻ സർക്കാരിന് കഴിയണമെന്നും പറഞ്ഞു.

മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ക്രൈസ്തവ സംസ്ക്കാരത്തിന്റെ ഈറ്റില്ലങ്ങളിൽ ഒന്നായ മൊസൂൾ നഗരത്തിൽ നിന്നും അവസാനത്തെ ക്രിസ്ത്യാനിയും ഇപ്പോൾ കുടിയിറക്കപ്പെട്ടു കഴിഞ്ഞു.

രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള ക്രൈസ്തവ സമൂഹത്തിന്റെ അന്ത്യമാണ് ഇറാഖിലെ മൊസൂൾ നഗരത്തിൽ സംഭവിച്ചത്.

അഭയാർത്ഥികളായ ക്രൈസ്തവർക്ക് സാധ്യമായ സാമ്പത്തിക കൈത്താങ്ങലുകൾ നൽകുവാനും ജീവനും സ്വത്തും സംരക്ഷിക്കപ്പെടുവാനുമുള്ള സംവിധാനം രാജ്യാന്തര തലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇറാഖിലെ ക്രൈസ്തവ സമൂഹം നേരിട്ട പീഡനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ എന്തുകൊണ്ട് ഇന്ത്യൻ സഭകൾക്ക് കഴിയുന്നില്ല...? ഈ ജനതയെ എങ്ങനെ സഹായിക്കുവാൻ കഴിയും.

ലോകത്തെ രണ്ടാമത്തെ ഏറ്റവും വലിയ ക്രൂഡ് ഓയിൽ നിക്ഷേപമുള്ള ഇറാഖിൽ 2003-ൽ അധിനിവേശം നടത്തിയ അമേരിക്ക സൃഷ്ടിച്ച ഭീകര മുഖത്തിന്റെ ബാക്കി പത്രമാണിപ്പോൾ സംഭവിച്ചത്. 'ഭീകരതയ്ക്ക് എതിരേയുള്ള യുദ്ധത്തിന്റെ' മറവിൽ തകർത്തത് ഒരു സുശക്തരാഷ്ട്രത്തെയാണ്. എന്നാൽ ഇറാഖിൽ ഫലപ്രദമായ ഒരു ബദൽ സംവിധാനം സൃഷ്ടിക്കുവാനും സാധിച്ചില്ല.

അമേരിക്ക നടത്തിയ ഇറാഖ് അധിനിവേശത്തിന്റെ പ്രത്യാഘാതമാണ് ഇറാക്കിലെ ക്രിസ്ത്യാനികൾ നേരിടേണ്ടി വന്നത് എന്നത് പാഠഭേദം. ■

ഇറാഖ് : പുണ്യഭൂമി

ഇറാഖിന്റെ വടക്ക് ടർക്കി, തെക്ക് സൗദി അറേബ്യ, കുവൈറ്റ്, അറേബ്യൻ ഗൾഫ്, പടിഞ്ഞാറ് ജോർദ്ദാൻ, സിറിയ, കിഴക്ക് ഇറാൻ എന്നിവയാൽ ചുറ്റപ്പെട്ടിരിക്കുന്നു. 4, 38, 446 ചതുരശ്ര കിലോമീറ്റർ ഭൂഭാഗമാണ് ഇറാഖ്. കേരളത്തിന്റെ പത്തിരട്ടി വലുപ്പം ഉണ്ട് ഇറിഖിന്. മരുഭൂമി ഉണ്ടെങ്കിലും സമ ശീതോഷ്ണ മേഖലയാണ്.

വടക്കും വടക്കു കിഴക്കും മഞ്ഞുമൂടിയ പർവ്വത ശൃംഖലയാണ്. തെക്കും തെക്കുകിഴക്കും യൂഫെട്രീസ് -ടൈഗ്രീസ് നദികളുടെ മദ്ധ്യേയുള്ള താഴ്വാരമാണ് ഇറാഖ്. ശുദ്ധ ജല തടാകങ്ങളും ജലപ്രവാഹമുള്ള വൻനദികളും എണ്ണപ്പാടങ്ങളുമുള്ള പുണ്യനാട്.

2003-ലെ അമേരിക്കൻ അധിനിവേശത്തോടെ ഇറാഖിന്റെ ശിഥിലീകരണം ദ്രുതഗതിയിലായി. 2014-ൽ ഇറാഖിന്റെ ഉത്തരമേഖ മുഴുവൻ 'ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാക്ക് ആൻഡ് സിറിയ' എന്ന സംഘടനയുടെ അധീനതയിൽ ആക്കി, പുതിയ ഇറാക്കിന്റെ ചരിത്രം എഴുതിക്കഴിഞ്ഞു.


വടക്കൻ ഇറാഖിലാണ് അതിപുരാതന പാരമ്പര്യമുള്ള നിനവേ. മൂവായിരം വർഷങ്ങൾക്ക് മുമ്പ് ഒരു ലക്ഷത്തി ഇരുപതിനായിരം ജനങ്ങൾ നിനുവേ നഗരത്തിൽ പാർത്തിരുന്നു എന്ന് ബൈബിൾ (യോന 4:11) സാക്ഷിക്കുന്നു.

ബാഗ്ദാദിൽ നിന്നും ടർക്കിയിലെക്കുള്ള വഴിയിൽ 400-ാം കിലോമീറ്ററിലാണ് നിനവേ. മൊസൂളാ ഇവിടുത്തെ ഏറ്റവും വലിയ നഗരം.

ഐ.എസ്.ഐ.എസിന്റെ ആക്രമണത്തോ തുടർന്ന് ഈ ഭാഗങ്ങളിലെ മുഴുവൻ ക്രിസ്തീയ ദേവാലയങ്ങളും ആശ്രമങ്ങളും തകർന്നടിഞ്ഞു. പലതിന്റെയും നിയന്ത്രണം ഇവർ ഏറ്റെടുക്കുകയും ചെയ്തു.

ഇറാഖിലെ മൊസൂളിലും നിനുവേയിലും പീഡനം സഹിക്കുന്ന ക്രൈസ്തവരുടെ പുനരധിവാസവും പരിപാലനവും ഇതര ക്രൈസ്തവ സമൂഹം ഏറ്റെടുക്കേണ്ടതായുണ്ട്. ■





കുർക്കുമ ദയറാ

പ. അബ്ദൽ മശിഹാ പാത്രിയർക്കീസ് (1854–1915)

ഫാ. ഡോ. ബി. വർഗീസ്

"ഈ ലോകത്തിന്റെ ഏറ്റവും വലിയ പോരായ്മ, ഒരു മനുഷ്യനും അർഹതയനുസരിച്ച് ഒന്നും നൽകുന്നില്ലെന്നുള്ളതാണ്. ഒന്നുകിൽ അർഹിക്കുന്നതിനെക്കാൾ വളരെ കൂടുതൽ നൽകും; അല്ലെങ്കിൽ യോഗ്യതയനുസരിച്ചുള്ളതിനെക്കാൾ വളരെ കുറച്ചു മാത്രം"

ഗ്രീഗോറിയോസ് ബാറെബ്രായ 'നർമ്മോക്തികൾ' (Langhable Stories) എന്ന ഗ്രന്ഥത്തിൽ പറയുന്നതാണിത്. ഒരു പേർഷ്യൻ ജ്ഞാനിയെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറയുന്നത് പരിശുദ്ധ അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ കാര്യത്തിൽ അക്ഷരംപ്രതി വാസ്തവമാണ്. അന്ത്യോക്യൻ സുറിയാനി സഭയുടെ ആധുനിക ചരിത്രത്തിലെ ഒരു പ്രതിസന്ധി ഘട്ടത്തിൽ നേതൃത്വം നൽകുകയും, തുർക്കികളുടെ ക്രൈസ്തവ വിരോധത്തിന് ബലിയാടാവുകയും ചെയ്ത, ആ പുണ്യപുരുഷനെതിരായി സ്വന്തം സഭാംഗങ്ങൾ തന്നെ നുണക്കഥകൾ പ്രചരിപ്പിച്ചു. കാരണം മലങ്കരയിൽ കാതോലിക്കാ സിംഹാസന സ്ഥാപനത്തിന് നേതൃത്വം നൽകിയതു മാത്രമാണ്.

തുർക്കിയിലെ കാലാത്ത് മാറായിൽ 1854-ൽ ജനിച്ച അബ്ദൽ മശിഹാ 1866-ൽ കുർക്കുമദയറായി ചേർന്നു പഠനം തുടങ്ങി. 1873-ൽ സന്യാസിയും 1875-ൽ വൈദികനുമായി, 1886-ൽ സിറിയായിലെ ബിഷപ്പായി. 1895-ൽ പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ 1903 നവംബർ 10-ാം തീയതി പ്രാദേശിക ഭരണാധികാരികളുടെ വിലക്കിനെ തുടർന്ന് സ്ഥാന ഭ്രഷ്ടനായി, തുടർന്ന് 1906 ഓഗസ്റ്റ് 5-ാം തീയതി അബ്ദള്ളാ സാത്തുഫ് (1834-1915) പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടു.

ഈ സംഭവങ്ങളുടെ പശ്ചാത്തലം ഇന്ത്യയിൽ ആർക്കും അറിവുണ്ടായിരുന്നില്ല. 1895 നും 1915 നു മിടയിൽ പതിനഞ്ച് ലക്ഷത്തോളം അർമ്മീനിയക്കാരും ഒരു ലക്ഷത്തോളം സുറിയാനിക്കാരും തുർക്കി ഭരണകൂടത്തിന്റെ ക്രൈസ്തവ പീഡനത്തിനിരയായി കൊല്ലപ്പെട്ടു. ഒട്ടോമാൻ ഭരണകൂടത്തിൽ അധികാരപരിധിയിൽപ്പെട്ട സുറിയാനിക്കാരിൽ മൂന്നിൽ രണ്ടു ഭാഗവും കൊല്ലപ്പെട്ടു.

പീഡകൾ ആരംഭിക്കുന്നു:


പത്തൊൻപതാം നൂറ്റാണ്ടിൽ അർമ്മീനിയക്കാർ, സാമ്പത്തികമായും സാംസ്ക്കാരികമായും തുർക്കിയിൽ സ്വാധീനം ചെലുത്തിയ സമൂഹമായിരുന്നു. അവർക്ക് ഭൂരിപക്ഷമുള്ള കിഴക്കൻ തുർക്കി, കിലിക്യ എന്നിവിടങ്ങളിൽ സ്വതന്ത്രഭരണ പ്രദേശം സ്ഥാപിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭങ്ങൾ നടത്തി, ഇതിനെ അടിച്ചമർത്തിയതിന്റെ ഭാഗമായിട്ടാണ് അർമ്മീനിയക്കാരെയും ഇതര ക്രൈസ്തവവിഭാഗങ്ങളെയും കൊന്നൊടുക്കിയത്.

ഡയർ ബക്കീർ (ആമീദ്) ആയിരുന്നു അർമ്മീനിയൻ പ്രക്ഷോഭത്തിന്റെ പ്രഭവ കേന്ദ്രം. അടിച്ചമർത്തലിനെതിരെ

അർമ്മീനിയക്കാർ സുൽത്താന് പരാതി അയച്ചു. ഗവർണ്ണർക്കെതിരെ അന്വേഷണത്തിന് ഉത്തരവുണ്ടായി. ഡയർ ബക്കീറിലെ തുർക്കി ഗവർണർ ആവശ്യപ്പെട്ടതനുസരിച്ച്, അർമ്മീനിയക്കാരുടെ പരാതികളവാണെന്നും, ക്രിസ്ത്യാനികൾക്ക് പീഡകളൊന്നുമില്ലെന്നും അബ്ദള്ളാ ഗ്രീഗോറിയോസ് സുൽത്താന് എഴുതി, വിവരമറിഞ്ഞ, ഡയർ ബക്കീറിലെ സുറിയാനിക്കാർ അബ്ദുള്ളായെ പള്ളിയിൽ നിന്നും ഇറക്കിവിട്ടു, തുടർന്ന് അദ്ദേഹം ഫ്രഞ്ചു കോൺസുലേറ്റിൽ അഭയം തേടുകയും, സുറിയാനി കത്തോലിക്കാ (റീത്തു) സഭയിൽ ചേരുകയും ചെയ്തു. 1898-ൽ മർദ്ദീനിൽ ചേർന്ന സുറിയാനി കത്തോലിക്കാ സിനഡ് അബ്ദുള്ള ഗ്രീഗോറിയോസിനെ സിറിയയിലെ ഹോംസ്, ഹമാ മെത്രാസനത്തിന്റെ ചുമതലയേൽപ്പിച്ചു. സുറിയാനി കത്തോലിക്കാ മെത്രാനെന്ന നിലയിൽ 1898 ഒക്ടോബർ 9-ന് ഇഗ്നാത്തിയോസ് അപ്രേം റഹമാനി പാത്രിയർക്കീസിന്റെ (കത്തോലിക്കാ) തെരഞ്ഞെടുപ്പിൽ സംബന്ധിച്ചു, റഹമാനിയോടൊപ്പം 1902-ൽ റോം, ഫ്രാൻസ്, കോൺസ്റ്റാന്റിനോപ്പിൾ എന്നിവിടങ്ങൾ സന്ദർശിച്ചു. ഇതിനിടയിൽ അബ്ദൽ മശിഹാ പാത്രിയർക്കീസന്റെ ഫിർമാൻ (ഗവണ്മെന്റ് അംഗീകാരം) ഒട്ടോമാൻ ഭരണാധികാരികൾ പിൻവലിച്ചപ്പോൾ, അബ്ദുള്ള ഗ്രീഗോറിയോസ് സുറിയാനി സഭയിൽ തിരിച്ചെത്തി (1906-ൽ) എ. അത്തിയ പറയുന്നത് ശ്രദ്ധേയമാണ്: "ഇഗ്നേഷ്യസ് അബ്ദുള്ള സത്തുഫ് പാത്രിയർക്കീസിന്റെ ജീവിതം അസ്ഥിരതയുടെയും, ചാഞ്ചാട്ടത്തിന്റെയും പ്രതീകമാണ്. 1896-ൽ സുറിയാനി കത്തോലിക്കനായി അദ്ദേഹം എല്ലാവരെയും അത്ഭുതപ്പെടുത്തി, ഒൻപതുവർഷം അവിടെ നിന്ന ശേഷം, പാത്രിയർക്കീസാക്കാമെന്ന വാഗ്ദാനത്തിൽ, 1906-ൽ യാക്കോബായ സഭയിൽ തിരിച്ചെത്തി" (AZZIZ A. ATIYA 1968: 220).

"അടുത്ത പാത്രിയർക്കീസാക്കാമെന്ന് വാഗ്ദാനമുണ്ടായിരുന്നെങ്കിലും, 350 തുർക്കി പവൻ ചെലവ് ചെയ്ത് വളരെയേറെ സൂത്രങ്ങളിലൂടെ (much intrigue) ആണ് ഇത് സാധിച്ചത്" എന്ന് Fortescue എഴുതുന്നു. (Adrian Fortescue 1913 : 338-39).

1895-ൽ അബ്ദള്ളാ തുർക്കി ഗവർണ്ണർക്കനുരൂപമായി സുൽത്താന് എഴുതിയതുമായി ബന്ധിപ്പിച്ച് ചിന്തിക്കുമ്പോൾ, അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ ഫിർമാൻ ഭരണാധികാരികൾ പിൻവലിച്ചതിനു പിന്നിൽ പ്രവർത്തിച്ചത് ആരാണെന്ന് ഊഹിക്കാനാവും.




കിഴക്കൻ തുർക്കിയിൽ മർദ്ദീനിൽ അബ്ദൽ മശിഹായുടെ കബർ മുറി. (ഇടതുവശത്ത്) വലതുവശത്ത് മാർ ഫീലക്സീനോസ് ദൊലബാനിയുടെ കബർ (1969)


പാത്രിയർക്കീസിന്റെ സ്ഥാന നഷ്ടം

1895-ൽ അബ്ദൽ മശിഹാ പാത്രിയർക്കീസായ സമയത്ത് ഡയർ ബക്കീറിലെ അർമ്മീനിയക്കാരെ തുർക്കികൾ കൂട്ടക്കൊല ചെയ്തു തുടങ്ങിയിരിക്കുന്നു. അർമ്മീനിയക്കാരുടെയും ഇതര ക്രൈസ്തവരുടെയും കച്ചവട സ്ഥാപനങ്ങളും വീടുകളും കൊള്ളയിടിക്കുവാനും, കൊല്ലുവാനും സ്ത്രീകളെ മാനഭംഗപ്പെടുത്തുവാനും കുട്ടികളെ അടിമകളായി വീട്ടു ജോലികൾക്കും മറ്റ് ഹീന കർമ്മങ്ങൾക്കും ഉപയോഗിക്കുവാനും, തുർക്കി പട്ടാളം കുർദു വംശജരെ ഇളക്കി വിട്ടു. അർമ്മീനിയക്കാരെയാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും സുറിയാനിക്കാരും, കൊള്ളയ്ക്കും കൂട്ടക്കൊലയ്ക്കും ഇരയായി. പുതുതായി വാഴിക്കപ്പെട്ട അബ്ദൽ മശിഹാ പാത്രിയർക്കീസ് ഡയർബക്കീറിലെത്തി തുർക്കി ഗവർണ്ണറെ (വാലി) നേരിട്ട് കണ്ട് അപേക്ഷിച്ചാൽ, സുറിയാനിക്കാരെ ഒഴിവാക്കിയേക്കുമെന്ന് അഭിപ്രായമുണ്ടായി. ഇതിനിയടയിൽ ഡയബക്കീറിലെ മെത്രാൻ അബ്ദുള്ളാ ഗ്രീഗോറിയോസ് ജനരോഷം ഭയന്ന് സിറിയായിൽ ഫ്രഞ്ച് അധിനിവേശപ്രദേശത്തേക്ക് രക്ഷപെട്ടിരുന്നു. അബ്ദൽ മശിഹാ പാത്രിയർക്കീസ് മർദീനിൽ നിന്നും എഴുപതു കിലോമീറ്റർ ദൂരത്തിലുള്ള ഡയർ ബക്കീറിലേക്ക് കഴുതപ്പുറത്ത് യാത്രതിരിച്ചു. ഡയർ ബക്കീറിൽ കൂട്ടക്കൊല നടക്കുന്നതിനാൽ അവിടെനിന്നും ഏതാനും കിലോമീറ്ററുകൾ അകലെയുള്ള ഗ്രാമത്തിലെത്തി. സുറിയാനിക്കാരനായ ഒരു യുവാവിനെ, ഗവർണർ ക്കുള്ള എഴുത്തുമായി ഡയർ ബക്കീറിലേക്ക് അയച്ചു, ഗവർണറെ കാണുവാനുള്ള സമയം ചോദിച്ചുകൊണ്ടും, പട്ടണത്തിൽ എത്താൻ പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുമുള്ള എഴുത്തായിരുന്നു അത്. ഡയർ ബക്കീർ പട്ടണത്തിലെത്തിയ യുവാവിനെ കുർദുകൾ പിടികൂടി കൊന്നു. പോക്കറ്റിൽ നിന്നും തുർക്കി പട്ടാളം

ശേഷം 35-ാം പേജിൽ



മലങ്കര ഓർത്തഡോക്സ് സഭയുടെ ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ നടത്തിയ വൃക്കരോഗ നിർണ്ണയ ക്യാമ്പ് പ. ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ ഉദ്ഘടനം ചെയ്തു. പ്രിൻസിപ്പാൾ ഫാ.ഡോ. ജേക്കബ് കുര്യൻ, ഫാ. എം.ജി. കുര്യൻ, ജോഷി ജോസഫ്, മുൻ എം. പി. തോമസ് കുതിരവട്ടം, സഭാ മാനേജിംഗ് കമ്മറ്റിയംഗം ഷാജി ഏബ്രഹാം(കുവൈറ്റ്), അഡ്വ.ഡോ.ഐസക്ക് പാമ്പാടി എന്നിവർ പ്രസംഗിച്ചു.



ഗ്രിഗോറിയൻ ദർശനം-6

ജോൺ കുന്നത്ത്

പാശ്ചാത്യ ക്രൈസ്തവ ലോകത്തിന്റെ ചിന്താ വൈകല്യം-2

സഭ

കിഴക്കൻ ക്രൈസ്തവ വീക്ഷണത്തിൽ, ഇപ്പോൾ ജീവിച്ചിരിക്കുന്നവരെ കൂടാതെ മുമ്പ് ജീവിച്ചിരുന്നവരും ഭാവിയിൽ ജീവിക്കാൻ പോകുന്നവരുമായ എല്ലാ ക്രിസ്തുവിശ്വാസികളും ഉൾപ്പെട്ടതാണ് സഭ. ഇതിനെ സാർവത്രിക (കാതോലികം) സഭ എന്നു വിളിക്കാം. എന്നാൽ ഒരു പ്രത്യേക സ്ഥലത്ത് അവിടെയുള്ള ക്രിസ്തു വിശ്വാസികൾ ഒന്നിച്ചു കൂടുന്നതാണ്. പ്രാദേശിക സഭ സാർവത്രിക സഭയ്ക്ക് ഒരിക്കലും ഒരു സ്ഥലത്ത് ഒന്നിച്ചു കൂടുവാൻ സാധിക്കുകയില്ല. എന്നാൽ ഒരു പ്രാദേശിക സഭ എപ്പോഴായാലും എവിടെയായാലും സാർവത്രിക സഭയെ പ്രതിനിധാനം ചെയ്യുന്നുണ്ട്.

എന്താണ് സഭയുടെ ധർമ്മം? മുമ്പ് ജീവിച്ചിരുന്നവരും ഇപ്പോൾ ജീവിക്കുന്നവരും, ഭാവിയിൽ ജീവിക്കാനുള്ളവരുമായ സർവമനുഷ്യവർഗത്തെയും പ്രതിനിധാനം ചെയ്തുകൊണ്ട് ദൈവ സന്നിധിയിൽ നിൽക്കുകയാണ് സഭയുടെ ധർമ്മം. മനുഷ്യന്റെ പ്രതിനിധിയായി ദൈവത്തെ അഭിമുഖീകരിക്കുമ്പോൾ സഭക്ക് പുരോഹിതധർമ്മമാണ്. ദൈവത്തിന്റെ പ്രതിനിധിയായി മനുഷ്യനെ അഭിമുഖീകരിക്കുമ്പോൾ സഭയ്ക്ക് പ്രവാചകധർമ്മമാണ്. ക്രിസ്തു ദൈവത്തിന്റെ വലഭാഗത്ത് മഹാപുരോഹിതനായി മനുഷ്യനു വേണ്ടി പക്ഷവാദം ചെയ്യുന്നു. ക്രിസ്തുവിനോട് ചേർന്ന്, ക്രിസ്തുവിന്റെ ശരീരമായാണ് സഭ, ഈ ധർമ്മം നിർവഹിക്കുന്നത്. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥൻ ഒരുവൻ. ക്രിസ്തുതന്നെ എന്ന് പൗലോസ് അപ്പോസ്തോലൻ എഴുതി. ആ മദ്ധ്യസ്ഥനോട് ചേർന്ന് അതേ ധർമം തന്നെയാണ് ക്രിസ്തു സഭ നിർവഹിക്കുന്നത്.

സഭയെക്കുറിച്ചുള്ള പടിഞ്ഞാറൻ ക്രൈസ്തവ വീക്ഷണം ഇതിൽ നിന്ന് വളരെ വിഭിന്നമാണ്. മുമ്പ് ജീവിച്ചിരുന്നവരും ഭാവിയിൽ ജീവിക്കാൻ പോകുന്നവരുമായ ക്രിസ്തുവിശ്വാസികൾ സഭയിൽ അംഗങ്ങളായിരിക്കാം. എന്നാൽ ഇപ്പോൾ ജീവനോടിരിക്കുന്നവരും റോമിലെ മാർപാപ്പായെ അദൃശ്യനായ ക്രിസ്തുവിന്റെ ദൃശ്യനായ പ്രതിനിധിയായി അംഗീകരിക്കുന്നവരുമായ ക്രിസ്തുവിശ്വാസികളാണ് സഭയിലെ അംഗങ്ങൾ. ഒരു പ്രാദേശിക സഭക്ക് അതിൽ തന്നെ പൂർണ്ണത ഇല്ല. അത് സാർവ്വത്രിക സഭയെ പ്രതിനിധാനം ചെയ്യുന്നില്ല. സാർവ്വത്രിക സഭയുടെ ഒരു ചെറിയ അംശം മാത്രമാണ് പ്രാദേശിക സഭ.

പടിഞ്ഞാറൻ വീക്ഷണത്തിൽ സഭയുടെ ധർമ്മമെന്താണ്? മിസ്രയിമിലെ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി ഇസ്രായേൽ മക്കൾ മരുഭൂമിയിലൂടെ യാത്ര ചെയ്ത് കനാൻ നാട്ടിലെത്തിച്ചേർന്നു. അതുപോലെ സാത്താന്റെ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി ഇഹലോകമാകുന്ന മരുഭൂമിയിലൂടെ പരലോകമാകുന്ന കനാൻനാടിനെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന പുതിയ ഇസ്രായേലാണ് ക്രൈസ്തവസഭ.

ഒരു കപ്പൽചേതം സംഭവിച്ച് അതിലെ യാത്രക്കാർ വെള്ളത്തിൽ മുങ്ങിത്താഴുമ്പോൾ ഒരു ബോട്ട് അവിടെയെത്തി കുറേപ്പേരെ അതിൽ കയറ്റി രക്ഷപ്പെടുത്തുന്നു. ലോകമാകുന്ന സമുദ്രത്തിൽ ആളുകൾ മുങ്ങി നശിക്കുമ്പോൾ അവർക്ക് കയറി രക്ഷപെടാനാവുന്ന ഒരു ബോട്ടാണ് സഭ. സഭ രക്ഷാമാർഗമാണ്. സഭക്ക് പുറത്തുള്ളവർക്ക് രക്ഷയില്ല. ബോട്ടിന്റെ ഡ്രൈവറെപ്പോലെയാണ് സഭയിൽ പുരോഹിതൻ. യാത്രക്കാരുടെ സുരക്ഷിതത്വം ഡ്രൈവറെ ആശ്രയിച്ചിരിക്കുന്നതുപോലെ പുരോഹിതരെ ആശ്രയിച്ചാണ് സാധാരണ വിശ്വാസികളുടെ രക്ഷ. ക്രിസ്തുവിന്റെ അധികാരം കയ്യാളുന്ന ദൃശ്യനായ പ്രതിപുരുഷനാണ് മാർപ്പാപ്പ. മാർപ്പാപ്പയിൽ നിന്ന് ബിഷപ്പുമാരും അവരിൽ നിന്ന് പുരോഹിതരും അധികാരം ഏറ്റു വാങ്ങുന്നു. ആളുകൾക്ക് സ്വർഗത്തിലേക്കുള്ള പ്രവേശനം നൽകാനോ നൽകാതിരാക്കാനോ ഉള്ള അധികാരമാണ് ഇത്.

ഇതിൽ നിന്ന് പാടേ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നത് ക്രിസ്തുശരീരമായ സഭയാണ് അല്ലാതെ ഏതെങ്കിലും ഒരു വ്യക്തിയല്ല. ഒരു പ്രാദേശിക സഭ സാർവത്രിക സഭയുടെ അംശമല്ല. സാർവത്രിക സഭയെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ട് അതിൽ തന്നെ പൂർണമാണ്. ക്രിസ്തുവിനോട് ഏകീഭവിച്ച്, ലോകത്തെ ദൈവത്തോട് നിരപ്പിക്കുക എന്ന ക്രിസ്തു ദൗത്യത്തിൽ പങ്കുചേരുകയാണ് സഭയുടെ ധർമ്മം. അല്ലാതെ പരമാവധി ആളുകളെ സഭാ നൗകയിൽ കയറ്റി സ്വർഗ തുറമുഖത്ത് എത്തിക്കുകയല്ല.

വിശുദ്ധ കുർബാന

ലോകത്തെ ദൈവത്തോട് നിരപ്പിക്കുക എന്ന ദൗത്യവുമായി ക്രിസ്തു ദൈവത്തിന്റെ വലഭാഗത്ത് നിന്ന് കൊണ്ട് മഹാപുരോഹിത ശുശ്രൂഷ ചെയ്യുന്നതായി എബ്രായ ലേഖന കർത്താവ് ചിത്രീകരിച്ചു. ഈ ദൗത്യത്തിൽ ക്രിസ്തുവിനോട് ഏകീഭവിച്ച് സഭയും മഹാപുരോഹിത ശുശ്രൂഷയിൽ പങ്കു ചേരുന്നു. ഇതിന്റെ ഒരു ദൃശ്യകലാ ആവിഷ്ക്കാരമാണ് വിശുദ്ധ കുർബ്ബാന. ഇതാണ് കിഴക്കൻ ക്രൈസ്ത വീക്ഷണം.

പടിഞ്ഞാറൻ ക്രൈസ്തവ വീക്ഷണം. ഇതിൽ നിന്ന് വ്യത്യസ്തമാണ്. ഇസ്രായേൽ മക്കൾ മരുഭൂമിയിലൂടെ യാത്ര ചെയ്യുമ്പോൾ സർപ്പങ്ങളുടെ കടിയേറ്റ് അവർ മരിച്ചുവീഴാൻ തുടങ്ങി. ദൈവകല്പനയനുസരിച്ച് മോശ ഒരു പിച്ചള സർപ്പത്തെ നാട്ടി. അതിലേക്ക് നോക്കിയ ആളുകൾ മരിക്കാതെ രക്ഷപെട്ടു. പുതിയ ഇസ്രായേലാകുന്ന ക്രൈസ്തവ സഭ ലോകമാകുന്ന മരുഭൂമിയിലൂടെ യാത്ര ചെയ്യുമ്പോൾ പൈശാചിക ആക്രമണത്തിൽ നിന്ന് രക്ഷപെടാൻ വേണ്ടി കണ്ണുകളുയർത്തി നോക്കാനുള്ള പിച്ചള സർപ്പമാണ് ക്രൂശിതനായ ക്രിസ്തു. ആളുകൾക്ക് ക്രൂശിതനായ ക്രിസ്തുവിനെ ഒന്നു ദർശിക്കുവാനും ക്രിസ്തുവിന്റെ രക്ഷ സ്വീകരിക്കുവാനുമുള്ള ഒരവസരമാണ് വിശുദ്ധ കുർബ്ബാന. അങ്ങനെ വിശുദ്ധ കുർബ്ബാന രക്ഷയ്ക്കുള്ള മാർഗമാണ്.

മറ്റൊരർത്ഥം കൂടി പടിഞ്ഞാറൻ ചിന്തയിൽ വിശുദ്ധ കുർബ്ബാനയ്ക്കുണ്ട്. മരുഭൂമിയിലൂടെ യാത്ര ചെയ്യുമ്പോൾ ഇസ്രായേൽ പട്ടിണികൊണ്ട് മരിച്ചുവീഴാൻ തുടങ്ങി. അപ്പോൾ ദൈവം അവർക്ക് മന്നാ

ശേഷം 23-ാം പേജിൽ

ബാഹ്യകേരള വൈദിക സമ്മേളനം

അഹമ്മദാബാദ്:- വൈദികസംഘം ബാഹ്യകേരള ഭദ്രാസന സമ്മേളനം ആഗസ്റ്റ് 19 മുതൽ 21 വരെ സരോവർ പോർട്ടിക്കോവിൽ നടക്കും. 'പുതിയ നിയമത്തിന്റെ ദാസന്മാർ (2കൊരി. 3:6) എന്നതാണ് ചിന്താവിഷയം. ഡൽഹി, ബോംബെ, കൽക്കട്ട, അഹമ്മദാബാദ്, മദ്രാസ്, ബാംഗ്ലൂർ ഭദ്രാസനങ്ങളിലെ വൈദികർ പങ്കെടുക്കും.

19-ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിക്കും. ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും.

സമ്മേളനത്തിന്, മെത്രാപ്പോലീത്തന്മാരായ യാക്കോബ് മാർ ഏലിയാസ്, ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഡോ. ഏബ്രഹാം മാർ സെറാഫിം എന്നിവർ നേതൃത്വം നൽകും. 21-ന് നടക്കുന്ന സമാപന സമ്മേളനം പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും.

പൂനയിൽ കോൺഫ്രൻസ്

പൂന:- ഐനാംസിന്റെ 61-ാമത് കോൺഫ്രൻസ് ഒക്ടോബർ 22 മുതൽ 24 വരെ പൂന ദേഹു റോഡിലുള്ള സെന്റ് ജോർജ് ബാലികാ ഭവനത്തിൽ നടത്തും. 'ഭാരതീയ സുവിശേഷീകരണം' എന്ന വിഷയത്തെ കേന്ദ്രീകരിച്ച് പഠന ക്ലാസ്സുകൾ നടക്കും. കൂടുതൽ വിവരങ്ങൾക്ക്: തോമസ് പോൾ (9447257080) പ്രൊഫ. പി.കെ. കുര്യൻ (94471744131)

കാരാഴ്മ പള്ളി കൂദാശ

മാവേലിക്കര:- കാരാഴ്മ സെ. മേരീസ് ഓർത്തഡോക്സ് പള്ളി കൂദാശ ജൂലൈ 4, 5 തീയതികളിൽ നടത്തി. മെത്രാപ്പോലീത്തന്മാരായ ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ് വികാരി ഫാ. അജി കെ. തോമസ് എന്നിവർ നേതൃത്വം നൽകി.



നാടിന്റെ സ്വപ്നമായ സന്ധ്യയ്ക്ക് ഭവനം നൽകി

പാലക്കാട് :- മലങ്കര ഓർത്തഡോക്സ് സഭ, കായിക താരം ബി. എം. സന്ധ്യയ്ക്ക് വീടെന്ന സ്വപ്നം പൂവണിയിച്ചു.

ദേശീയ, സംസ്ഥാന സ്ക്കൂൾ കായിക മേളകളിൽ സബ് ജൂനിയർ വിഭാഗം ഹൈജംപ് സ്വർണമെഡൽ ജേതാവായ ബി.എൻ. സന്ധ്യയ്ക്ക് ഓർത്തഡോക്സ് സഭ നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ കൈമാറി. സഭയുടെ മാനവശക്തീകരണ വിഭാഗവും ഐക്കൺ ചാരിറ്റീസും ചേർന്നാണു വീട് നിർമ്മിച്ചത്.

മാങ്കുറിശ്ശി കുണ്ടുപറമ്പ് കോളനിയിൽ മങ്കര പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് ഒറ്റമുറി വീട്ടിലായിരുന്നു സന്ധ്യയുടെയും രോഗിയായ അച്ഛൻ മുരുകേശന്റെയും കൂലിപ്പണിക്കാരിയായ അമ്മ തങ്കയുടെയും താമസം.

പഴയ വീടിനോടു ചേർന്നുള്ള രണ്ട് സെന്റ് സ്ഥലം കൂടി വാങ്ങിയാണ് 720 ചതുരശ്ര അടിയുള്ള വീട് നിർമ്മിച്ചത്. സന്ധ്യയുടെ പഠനച്ചെലവും സഭ ഏറ്റെടുത്തു.

പ്രതികൂല സാഹചര്യങ്ങൾ മറികടന്ന് വിജയം കൈവരിക്കാനുള്ള കഴിവ് ദൈവം മനുഷ്യന് നൽകിയിട്ടുണ്ടെന്ന് പ. ബാവാ സമ്മേളനത്തിൽ പറഞ്ഞു. വിപരീത സാഹചര്യങ്ങളെ മറികടന്നതുകൊണ്ടാണ് സന്ധ്യയ്ക്കു ഈ നേട്ടം കൊയ്യാനായത്. സൽകർമ്മം ചെയ്യാനാണ് എല്ലാ മതങ്ങളും പഠിപ്പിക്കുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ ഉന്നതിയിലേക്കു കൊണ്ടുവരാൻ യുവാക്കൾ മുന്നിട്ടിറങ്ങണമെന്നും ബാവാ പറഞ്ഞു.

മലബാർ ഭദ്രാസനാധിപൻ ഡോ. സഖറിയാസ് മാർ തെയോഫിലോസ് അധ്യക്ഷനായിരുന്നു. ഡോ. തോമസ് മാർ അത്താനാസിയോസ് സന്ധ്യയ്ക്ക് പഠനോപകരണങ്ങൾ നൽകി. എം.ബി. രാജേഷ് എം.പി., കെ.വി. വിജയദാസ് എം.എൽ.എ., മങ്കര പഞ്ചായത്ത് പ്രസിഡന്റ് എം. എൻ. ഗോകുൽദാസ്, ചെറിയാൻ ചക്കാലയ്ക്കൽ കോർഎപ്പിസ്ക്കോപ്പാ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

'മരുഭൂമിയിലെ നീരുറവ' സമ്മേളനം



സൗദി അറേബ്യ സെന്റ്. തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ (മരുഭൂമിയിലെ നീരുറവ) വാർഷിക സമ്മേളനം പരുമലയിൽ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് എന്നീ മെത്രാപ്പോലീത്തന്മാർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. ഫാ. അലക്സാണ്ടർ ഏബ്രഹാം, തോമസ് പി. ജോൺ എന്നിവർ സമീപം



കുക്കിലിയോൻ

ആരാധനയിൽ വി. ദൈവമാതാവിന്റെയും പരിശുദ്ധൻമാരുടെയും വാങ്ങിപ്പോയവരുടെയുംമദ്ധ്യസ്ഥത യാചിച്ചുകൊണ്ടു നടത്തുന്ന ധൂപപ്രാർത്ഥനകളെയാണ് പൊതുവേ കുക്കിലിയോൻ എന്ന് അറിയപ്പെടുന്നത്. എന്നാൽ 'കുക്കിലിയോൻ' എന്ന സുറിയാനി വാക്കിന് ഗീതങ്ങളുടെ നിര (a cycle of hymns) എന്നാണർത്ഥം. ഗ്രീക്ക് ഭാഷയിൽ നിന്ന് സുറിയാനിയിൽ എത്തിച്ചേർന്ന വാക്കാണിത്. ഗ്രീക്കിലെ 'കുക്ക് ലോസ്' എന്നതിന് 'ചാക്രികമായത് ' (a circle, cycle) എന്നാണർത്ഥം. സങ്കീർത്തന ഭാഗങ്ങൾ ആവർത്തിച്ചു പാടുന്നതിനെയാണ് 'കുക്കിലിയോൻ' എന്നത് കൊണ്ട് അർത്ഥമാക്കുന്നത് മുൻപ് സുവിശേഷ വായനക്ക് ശേഷം നടത്തിയിരുന്ന സങ്കീർത്തനാലാപനത്തിനായിരുന്നു(A cycle of verses from the Psalms recited after the gospel) ഈ വാക്ക് ഉപയാഗിച്ചിരുന്നത്. യഹൂദൻമാരുടെ സിനഗോഗ് ആരാധനയുടെ ഭാഗമായിരുന്നു സങ്കീർത്തനങ്ങളുടെ ആലാപനം. ക്രൈസ്തവ സഭയുടെ ആരാധന ശൈലിയിലും ഇത് എത്തിച്ചേർന്നു. യെരുശലേം ദൈവാലയത്തിലെ ബലിപീഠത്തിന് ചുറ്റും പ്രദിക്ഷിണം നടത്തുന്ന യഹൂദൻമാർ ആലപിക്കുന്ന സങ്കീർത്തന ഗീതികകൾക്കും 'കുക്കിലിയോൻ' എന്നാണറിയപ്പെടുന്നത്. (സങ്കീ: 120-134) വി. ദൈവമാതാവിനെയും പരിശുദ്ധൻമാരെയും വാങ്ങിപ്പോയ ആചാര്യൻമാരേയും, വിശ്വാസികളെയും അനുസ്മരിച്ച് ധൂപാർപ്പണം നടത്തുമ്പോൾ അതിന്റെ ആരംഭത്തിൽ സങ്കീർത്തന ഭാഗങ്ങളുടെ ആലാപനം ഉള്ളത് കൊണ്ടാണ് ഈ മദ്ധ്യസ്ഥ പ്രാർത്ഥനകൾക്ക് കുക്കിലിയോൻ എന്നനാമം സിദ്ധിച്ചത്. സന്ധ്യാ, രാത്രി, പ്രഭാതം തുടങ്ങിയ യാമനമസ്കാരങ്ങളിലും കൂദാശ ക്രമങ്ങളിലും ശവസംസ്കാര ശുശ്രൂഷകളിലും കുക്കിലിയോൻ അഥവാ സങ്കീർത്തനാലാപനം ഉണ്ട്.

ഫാ. മാത്യു വർഗീസ്, റോം

ഡോക്ട്രേറ്റ്



കേരള സർവ്വകലാശാലയിൽ നിന്നും മലയാള ഭാഷയിൽ 'ചിത്രശില്പങ്ങളുടെ സന്നിവേശം മലയാള കവിതയിലെ സ്ത്രീത്വാവിഷ്ക്കാരങ്ങളിൽ' എന്ന വിഷയത്തിൽ പി.എച്ച്. ഡി. നേടിയ ജൂബിൻ മറ്റപ്പള്ളിൽ. കൂടൽ മറ്റപ്പള്ളിൽ പ്രൊഫ. ജോർജ് മറ്റപ്പള്ളിയുടെ മകനാണ്. ഇപ്പോൾ കൊട്ടാരക്കര സെ. ഗ്രീഗോറിയോസ് കോളജിൽ മലയാളം അസിസ്റ്റന്റ് പ്രൊഫസർ. ഭാര്യ ഡോ. സിസില അന്നാ ബേസിൽ.

റാങ്ക്



കോയമ്പത്തൂർ കാരുണ്യ സർവ്വകലാശാലയിൽ നിന്നും എം.ടെക് പരീക്ഷയിൽ (റിന്യുവബിൾ എനർജി ടെക്നോളജീസ്) രണ്ടാം റാങ്ക് നേടിയ ഷേമ ലിസ്ബത്ത് മാത്യു. മാവേലിക്കര പുന്നമൂട് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ കാരിക്കോട്ട് വടക്കേൽ ഉമ്മൻ മാത്യുവിന്റെയും സില്ലാ മാത്യുവിന്റെയും മകളാണ്.



ഗ്രീഗോറിയൻ ദർശനം

21-ാം പേജിൽ നിന്നു തുടർച്ച...

എന്ന ആഹാരം ആകാരത്തിൽ നിന്ന് പൊഴിച്ചു കൊടുത്തു. പുതിയ ഇസ്രായേലാകുന്ന സഭയ്ക്ക് ഈ ലോകമരുഭൂയാത്രയിൽ തളർന്നു വീഴാതിരിക്കാൻ ദൈവം നൽകുന്ന ആത്മീയ ആഹാരമാണ് വിശുദ്ധ കുർബാന.

ഈ വ്യത്യസ്തമായ വീക്ഷണങ്ങൾക്കെല്ലാം വേദപുസ്തകത്തിൽ അടിസ്ഥാനം കണ്ടെത്താവുന്നതാണ്. വിശുദ്ധ കുർബാനയെ സംബന്ധിക്കു വീക്ഷണം കിഴക്കും പടിഞ്ഞാറും വ്യത്യസ്തമായിരിക്കുന്നത് സഭയെക്കുറിച്ചുള്ള വീക്ഷണം ഇവ രണ്ടിലും വ്യത്യസ്തമായിരിക്കുന്നത് കൊണ്ടാണ്. ■

ശ്രുതിയിൽ ഡിപ്ലോമാ കോഴ്സ്


കോട്ടയം: ഓർത്തഡോക്സ് വൈദികസെമിനാരിയിലെ ശ്രുതി സംഗീത വിദ്യാലയത്തിൽ സംഗീതത്തിൽ ഒരു വർഷത്തെ പി. ജി. ഡിപ്ലോമാ കോഴ്സ് തുടങ്ങുന്നു. 2014 ആഗസ്റ്റിൽ ആരംഭിക്കുന്ന കോഴ്സിന്റെ ക്ലാസ്സുകൾ എല്ലാ ചൊവ്വാഴ്ചകളിലും ആയിരിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. കർണ്ണാടകസംഗീതം, വെസ്റ്റേൺ മ്യൂസിക്ക്, സുറിയാനി സംഗീതം, ഉപകരണ സംഗീതം തുടങ്ങിയവയിൽ പരിശീലനം നൽകുന്നതായിരിക്കും.

വിശദവിവരങ്ങൾക്ക്

ഡയറക്ടർ, ശ്രുതി, ഓർത്തഡോ ക്സ് സെമിനാരി, ചുങ്കം, കോട്ടയം എന്ന വിലാസത്തിലോ 75610 71538, 0481 2585384 നമ്പരുകളിലോ ബന്ധപ്പെടുക.


പുസ്തകശാല

Message of Religions
Dr. Geevarghese Mar Yulios




This is an attempt to study various religions from an ecumenical Christian perspective. This work will immensely contribute to the theology of religions. Forword Dr. K. P. Aleaz, PTCA/ SCEPTRE, Taiwan, Page - 225.

വാഗ്ദത്ത നാട്
സാം പൈനുംമൂട്




യിസ്രായേലിന്റെ സാമൂഹിക രാഷ്ട്രീയ സാംസ്ക്കാരിക പശ്ചാത്തലത്തിൽ എഴുതിയ യാത്രാവിവരണം. യേശു പിറന്ന ദേശത്തെ അടുത്തറിയുവാൻ സഹായിക്കുന്നു. അവതാരിക: പ്രൊഫ. വി.സി. ജോൺ, സി.എസ്.എസ്. തിരുവല്ല, പേജ്. 90, വില: 90 രൂപ.

തുബ്ദേൻ
റ്റിബിൻ ചാക്കോ തേവർവേലിൽ



വി. കുർബ്ബാനയിലെ തുബ്ദേനിൽ ഓർക്കുന്ന പിതാക്കന്മാരെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന കൃതി. അവതാരിക: ഫാ. ഡോ. കുറിയാക്കോസ് തണ്ണിക്കോട്, തേവർവേലിൽ, റാന്നി, വില. 60, പേജ്. 62

വചനത്തിന്റെ അകക്കണ്ണ്
അഡ്വ. വർഗീസ് പി. തോമസ്



സമൂഹത്തിലെ നിരവധി ധാർമ്മിക പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി അവസാനമായി അനുഗ്രഹ സന്ദേശം എഴുതിയ പുസ്തകം. അവതാരിക: ഫാ.ഡോ.കെ.എം. ജോർജ്, എം.ഒ.സി., കോട്ടയം, പേജ്-140, വില: 100 രൂപ.



സൺഡേസ്ക്കൂൾ വാർത്തകൾ

ഒ.വി.ബി.എസ്. കരിക്കുലം റിവിഷൻ: ഇത് സംബന്ധിച്ച ഒരു കമ്മിറ്റി കൂടുകയുണ്ടായി. നല്ല നിർദ്ദേശങ്ങളും പുതിയ പഠന രീതികളെപ്പറ്റിയുള്ള ആവശ്യകതയും കൂട്ടായി ചർച്ച ചെയ്തു. ഉടനെ നടപ്പാക്കേണ്ടതും, ദീർഘകാലത്തേക്കു കണക്കുകൂട്ടിചെയ്യേണ്ടതുമായ ചില കാര്യങ്ങൾ തീരുമാനിക്കുകയുണ്ടായി. സിലബസ് പരിഷ്ക്കരണത്തിന് ഇനിയും ചില ആലോചനകൾ വേണ്ടിവരും. വിലപ്പെട്ട നിർദ്ദേശങ്ങൾ അയച്ചുതരണമെന്ന് പ്രത്യേകം താല്പര്യപ്പെടുന്നു. ഇനിയും സൺഡേസ്ക്കൂൾ അദ്ധ്യാപകരായി നിയമിക്കപ്പെടുന്നവർ ദിവ്യബോധനത്തിന്റെ P.O.C.E. പഠനവും അതോടൊപ്പം 12-ാം ക്ലാസ്സ് പരീക്ഷയും പാസ്സായാൽ അധ്യാപനത്തിന്റെ നിലവാരം കുറേക്കൂടി ഉയരുമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. സൺഡേസ്ക്കൂളിൽ ഒഴിവു വരുന്ന മുറയ്ക്കു ഈ തരത്തിൽ പഠനംനടത്തിയവരെ കണ്ടെത്തി നിയമിക്കണമെന്ന് അറിയിക്കട്ടെ.

അർദ്ധവാർഷിക പരീക്ഷ: എല്ലായിടത്തും സമയം തെറ്റിക്കാതെ പരീക്ഷകൾ നടന്നു എന്നാണറിയുന്നത്. ചുരുക്കം ചില കുട്ടികളും സൺഡേസ്ക്കൂളുകളും അർദ്ധവാർഷിക പരീക്ഷയെ ഗൗരവമായി എടുത്തില്ലാ എന്നറിയുന്നത് ഖേദകരമാണ്. പരീക്ഷ അതിൽതന്നെ പ്രാധാന്യമുള്ളതല്ലെങ്കിലും അത് കുട്ടികളുടെയും അദ്ധ്യാപകരുടെയും മനോഭാവത്തിന്റെ പ്രതിഫലനമാകയാൽ ആദ്ധ്യാത്മിക പഠനത്തിനോടുള്ള അലസതയുടെ സൂചന കൂടിയാണ് അലസത. മടി ഇവ പിശാചിന്റെ സ്വാധീനത്തെയാണ് സൂചിപ്പിക്കുന്നത് എന്ന് ഏവർക്കുമറിയാമല്ലോ. അതിനെ ദൈവകൃപയിൽ ആശ്രയിച്ചു നാം തരണം ചെയ്യേണ്ടിയിരിക്കുന്നു.

ജൂബിലി സമ്മേളനങ്ങൾ: പല ഭദ്രാസനങ്ങളിലും, ഡിസ്ട്രിക്ടുകളിലും ഭംഗിയായി നടക്കുന്നതായി അറിയുന്നു. ബോധവൽക്കരണ ക്ലാസ്സുകളാണ് ജൂബിലിയിലെ പ്രധാനപ്പെട്ട പരിപാടി. യൂണിറ്റു തലങ്ങളിൽ അദ്ധ്യാപകരും, മുതിർന്ന കുട്ടികളും ചേർന്ന് ഭവന സന്ദർശനങ്ങൾ നടത്തേണ്ടതാണ്. ചുരുക്കം ചില സ്ഥലങ്ങളിലേ ഇതു നടന്നതായി അറിയുന്നുള്ളു. ഭവനസന്ദർശനങ്ങൾ നടന്ന എല്ലായിടത്തും പുതിയ ഉൾക്കാഴ്ചയും, അവബോധവും ഉണ്ടാകുവാൻ ഇടയായി. വളർന്നു വരുന്ന തലമുറ. സോഷ്യൽ മീഡിയാ വഴി ഉപരിപ്ലവമായ ബന്ധങ്ങൾ സൃഷ്ടിച്ച് അതിൽ ആനന്ദം കൊള്ളുന്നവരാണ് ആഴമേറിയ "ആത്മീയ കൂട്ടായ്മയുടെ സന്തോഷം" അവർ അനുഭവിക്കുന്നില്ല. അതുകൊണ്ടു കൂടിയല്ലേ ന്യൂ ജനറേഷൻ കൂട്ടായ്മയിലെ കൃത്രിമമായ ബന്ധങ്ങളിലേക്കു ചിലരെങ്കിലും ചായ്‌വ് പ്രകടിപ്പിക്കുന്നത് എന്ന് നാം ചിന്തിക്കേണ്ടിയിരിക്കണം. യൂണിറ്റു തലത്തിലെ പ്രവർത്തനങ്ങൾ ഇനിയും ശക്തിപ്പെടേണ്ടിയിരിക്കുന്നു. രക്ഷാകർത്തൃ മീറ്റിംഗുകളും പല ഇടവകകളിലും ഇതുവരെ നടന്നതായി കാണുന്നില്ല.

സഹപാഠ്യമത്സരങ്ങൾ: ആഗസ്റ്റ് 17-നാണ് യൂണിറ്റ് തല മത്സരങ്ങൾ. സമയ മാറ്റങ്ങൾ ആവശ്യമാണെങ്കിൽ അതിനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഡിസ്ട്രിക്ട് തലമത്സരങ്ങൾ സെപ്റ്റം. 13 നു തന്നെ നടത്തപ്പെടേണ്ടതാണ്. കുട്ടികളുടെ പ്രായത്തിനനുസരിച്ച് ഗ്രൂപ്പു തിരിച്ച് വ്യക്തമായി സർക്കുലറുകളിൽകൊടുത്തിട്ടുണ്ട്. അതിനനുസരിച്ച് ക്രമീകരിച്ചാൽ പിന്നീട് അതേപ്പറ്റി അനാവശ്യമായ തർക്കങ്ങൾ ഉണ്ടാവുകയില്ല. ബന്ധപ്പെട്ടവർ അതു പ്രത്യേകം ശ്രദ്ധിക്കണം.

ഉപരിപഠന സ്കോളർഷിപ്പ് : ജീവകാരുണ്യ ഫണ്ടിൽ നിന്നും ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകുന്നതിനുള്ള അപേക്ഷ വെബ്സൈറ്റിൽ നിന്ന് എടുക്കാവുന്നതലാണ്. ഏതെങ്കിലും വിധത്തിൽ അതു സാധിക്കാത്തവർക്ക് ഓഫീസുമായി ബന്ധപ്പെട്ടാൽ അയച്ചു തരുന്നതുമാണ്. ഓഗസ്റ്റ് 15 നകം അപേക്ഷകൾ ലഭിച്ചിരിക്കണം.

- ഫാ. ഡോ. ഒ. തോമസ്

കരൾ മാറ്റത്തിന് സഹായം തേടുന്നു

തിരുവല്ല: നിരണം ഭദ്രാസനത്തിൽ മുരണി മാർ യാക്കോബ് ബുർദ്ദാന ഇടവകയിൽ മഠത്തുംകുന്നേൽ ക്രിസ്റ്റിയുടെ ഭാര്യ ക്രിസ്റ്റീന (45 വയസ്) ലിവർ ട്രാൻസ്പ്ലാന്റേഷന് വേണ്ടി അമൃത ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണ്. ഏകദേശം 35 ലക്ഷം രൂപാ ചെലവ് പ്രതീക്ഷിക്കുന്നു. അഭ്യുദയകാംഷികളുടെയും പ്രാർത്ഥനാപൂർവ്വമായ സഹായം അഭ്യർത്ഥിക്കുന്നു. ബന്ധപ്പെടുക: ക്രിസ്റ്റി, ഫോൺ: 9539370354

മു|ഖാ|മു|ഖം

തലമുറകളുടെ വൈദികൻ

ഡോ. നിധി അലക്സ് എം. നൈനാൻ



യുവവൈദികർക്ക് കൂടുതൽ അർപ്പണബോധവും സേവനസന്നദ്ധതയും ഉണ്ടാകണമെന്ന് എനിക്ക് അഭിപ്രായമുണ്ട്.

കാട്ടാകാമ്പാലച്ചൻ ആറു പതിറ്റാണ്ടിലേറെ കാലം ഒരേ പള്ളിയിൽ തന്നെ വികാരിയായിരുന്നു വൈദിക സേവനത്തിന്റെ ആത്മീയപ്രകാശത്തിൽ ആറു പതിറ്റാണ്ടു പൂർത്തിയാക്കിയ ഈ പുരോഹിതൻ മലങ്കര സഭയിലെന്നല്ല, ക്രൈസ്തവസഭയിലെ വൈദിക ഗണത്തിൽത്തന്നെ അപൂർവ്വമാണ്. ഒരേ പള്ളിയിൽ തുടർച്ചയായി അറുപത്തൊന്നു വർഷം വികാരിയായിരിക്കുക!, മൂന്നു തലമുറകളുടെ വിവാഹകൂദാശയ്ക്കു കാർമ്മികനാവുക!, മൂന്നു തലമുറകളുടെ മാമോദീസാ ശുശ്രൂഷ നടത്തുക!, ഒരേ പള്ളിയിൽ തന്നെ തുടർച്ചയായി അറുപത് കഷ്ടാനുഭവ ശുശ്രൂഷകൾ നടത്തുക!, സ്വന്തം ഇടവകയിലെ അറുപതു വയസിൽ താഴെയുള്ള അംഗങ്ങളെ മുഴുവൻ മാമോദീസാ മുക്കാൻ ഭാഗ്യം ലഭിക്കുക! തുടങ്ങി ഒട്ടേറെ ബഹുമതികൾ കാട്ടാകാമ്പാലച്ചനു സ്വന്തം.

കുന്നംകുളം ഭദ്രാസനത്തിൽ കാട്ടാകാമ്പാൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളി വികാരിയായി സുദീർഘമായ അറുപത്തൊന്നു വർഷത്തെ സേവനത്തിനു ശേഷം 2014 ജനുവരി 29 നു വിരമിച്ചു.

ഇടവക ശുശ്രൂഷയിലെ സ്മരണകൾ എന്തെല്ലാമാണ്?

കാട്ടാകാമ്പാൽ ഇടവകയ്ക്കു വേണ്ടിയാണ് ഞാൻ പട്ടമേറ്റത്. അതിനാലാണ് ഇടവക പട്ടക്കാരനായി ഇവിടെത്തന്നെ തുടർന്നത്. ഇടവക പൊതുയോഗം എന്നെ പഴയസെമിനാരിക്ക് അയച്ചു പഠിപ്പിക്കാൻ തീരുമാനിച്ചു. അതു വരെ കുന്നംകുളത്തു നിന്നു മാസത്തിലൊരിക്കൽ വൈദികൻ വന്നു ഇവിടെ കുർബാന അർപ്പിക്കുകയായിരുന്നു പതിവ്. ഞാൻ പട്ടമേറ്റതോടെ, 1953 മുതലാണ് കാട്ടാകാമ്പാൽ പള്ളിയിൽ വി.കുർബാന നാലു തവണയും ചൊല്ലാൻ തുടങ്ങിയത്.

പുലിക്കോട്ടിൽ ചിറിയാക്കു-കുഞ്ഞിട്ടിമാരായിരുന്നു മാതാപിതാക്കൾ. 1933 ജൂലൈ 14 ണ് ജനിച്ചത്.

വൈദികപട്ടം സ്വീകരിച്ചത് എന്നാണ്?

1951 മെയ് 10 നു ഔഗേൻ ബാവായാണ് ശെമ്മാശപട്ടം നൽകിയത്. ശെമ്മാശപട്ടം നേടിയ ശേഷമാണ് ഞാൻ സെമിനാരിയിൽ രണ്ടു വർഷത്തെ വൈദിക കോഴ്സിനു ചേർന്നത്. അന്ന് അതായിരുന്നു രീതി. പഠനം പൂർത്തിയായതിനെ തുടർന്ന് 1953 മെയ് 6 ന് കോട്ടയം കുമരകം സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കല്പനപ്രകാരം പരിശുദ്ധ പാമ്പാടി തിരുമേനി കശീശാ പട്ടവും നൽകി.

അധ്യാപകനായും വൈദികനായും ശുശ്രൂഷയിൽ...

കൃത്യമായ ശമ്പളമില്ലാത്തതിനാൽ വൈദികശുശ്രൂഷയിൽ നിന്നുള്ള വരുമാനം മാത്രം കൊണ്ടു ജീവിതം മുന്നോട്ടു പോകാൻ ബുദ്ധിമുട്ടാകുമെന്നു തോന്നിയപ്പോഴാണ് അധ്യാപകനാകണമെന്നു ചിന്തിച്ചത്. 1955 ൽ ഒരു വർഷത്തെ അധ്യാപക ട്രെയിനിംഗ് പൂർത്തിയാക്കി. 1956 ൽ വീടിനു സമീപമുള്ള കരിക്കാട് സി.എം.എൽ.പി സ്കൂളിൽ അധ്യാപകനായി. 1988 ൽ ഹെഡ്മാസ്റ്ററായി അവിടെ നിന്നു വിരമിച്ചു. പള്ളിയിൽ 1953-ൽ 102 വീട്ടുകാരാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 376 കുടുംബക്കാരുണ്ട്.



കൊച്ചി, കുന്നംകുളം ഭദ്രാസനങ്ങളുടെ കീഴിൽ വിവിധ മെത്രാപ്പോലീത്തന്മാർ ഇടവക ഭരണം നടത്തിയിട്ടുണ്ടല്ലോ...

പരി. ഗീവർഗീസ് ദ്വിതീയൻ ബാവാ കൊച്ചി ഭദ്രാസനം നേരിട്ടു ഭരിക്കുമ്പോഴാണ് ഞാൻ വൈദികനായത്. വിരമിക്കുമ്പോഴും ഞാൻ ഉൾപ്പെടുന്ന കുന്നംകുളം ഭദ്രാസനം പരിശുദ്ധ കാതോലിക്കാ ബാവായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായത് യാദൃശ്ചികം. ഗീവർഗീസ് ദ്വിതീയൻ ബാവായെ എനിക്കു ഭയമായിരുന്നു. പൗലോസ് മാർ സേവേറിയോസ്, ദാനിയേൽ മാർ പീലക്സീനോസ്, യൂഹാനോൻ മാർ സേവേറിയോസ്, യാക്കോബ് മാർ പോളികാർപ്പസ് തുടങ്ങി കൊച്ചി ഭദ്രാസനാധിപന്മാരായിരുന്ന എല്ലാവരുമായും അടുപ്പമുണ്ടായിരുന്നു. 1985-ഓഗസ്റ്റ് 1 നു കുന്നംകുളം ഭദ്രാസനം രൂപീകരിച്ചതോടെ കാട്ടാകാമ്പാൽ പള്ളി കുന്നംകുളം ഭദ്രാസനത്തിലായി. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ (ഇപ്പോഴത്തെ പരിശുദ്ധ ബാവാ)യായിരുന്നു ഭദ്രാസനാധിപൻ.

ഇപ്പോഴത്തെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ എന്റെ നാട്ടുകാര

ശേഷം 28-ാം പേജിൽ


ST. GREGORIOS INTERNATIONAL

A DIVISION OF ST. GREGORIOS MEDICAL MISSION HOSPITAL






ഒരു ചതുരശ്ര അടി സ്പോൺസറിംഗ് കൂപ്പൺ ഉദ്ഘാടനം പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസുകൊണ്ട് നിർവ്വഹിക്കുന്നു.



കൈപിടിച്ചുയർത്താം ഈ കാരുണ്യ പദ്ധതിയെ







എങ്ങനെയൊക്കെ സഹായിക്കാം?

130 കോടിയെന്ന ബൃഹത് സംരംഭത്തിൽ ഓരോചില്ലിക്കാശും വിലപ്പെട്ടതാണ്. പരുമല കാൻസർ സെന്ററിനായി ഒരു പുണ്യകർമ്മം ചെയ്യാം. നമ്മുടെ വകയായി പരമാവധി തുക നൽകാൻ തീരുമാനിക്കാം. ഈ സുകൃതത്തിൽ സ്വർഗ്ഗം സന്തോഷിക്കട്ടെ. നമ്മുടെ സഹകരണമാണ് മറ്റൊരാളുടെ ജീവൻ നിലനിർത്തുന്നതെന്ന് മറക്കാതിരിക്കാം....

പലിശ രഹിത വായ്പ

പരുമല കാൻസർ സെന്ററിന്റെ നിർമ്മാണാർത്ഥം പുറപ്പെടുവിക്കുന്ന ഉടമ്പടിരേഖകളിലൂടെ (Bonds) ഒരുലക്ഷം രൂപ മുതൽ ധനസഹായം നൽകാവുന്നതാണ്.

മുറികൾ പണികഴിപ്പിക്കുക

പ്രിയപ്പെട്ടവരുടെ പേരിൽ മുറികൾ പണികഴിപ്പിക്കുന്നതിലൂടെ ഈ ആതുര സേവന പദ്ധതിയിൽ നമുക്ക് ആത്മാർത്ഥമായി പങ്കുചേരാനാകും. **ഒരു മുറിക്ക് അഞ്ചു ലക്ഷം രൂപ.** (ഇനിയും 18 മുറികൾ കൂടി മാത്രം)

നികുതി രഹിത സംഭാവനകൾ

കാൻസർ സെന്ററിനായി നൽകുന്ന സംഭാവനകൾക്ക് **80 G** പ്രകാരം നികുതി ഇളവ് ലഭ്യമാണ്.

ഒരു ചതുരശ്ര അടി നിർമ്മിക്കുക

ഒരു ചതുരശ്ര അടി നിർമ്മാണത്തിന് 3700 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ സംരംഭത്തിൽ ഒരു ചതുരശ്ര അടി താങ്കളുടേതാകട്ടെ.

Cancer Is Just A Word not A **Sentence** With A **Fullstop.**



CANCER CARE CENTRE PARUMALA

OWNED & MANAGED BY : THE MALANKARA ORTHODOX SYRIAN CHURCH



ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ അത്താനാസിയോസ് തിരുമേനിയും ഭദ്രാസന സെക്രട്ടറി റവ. ഫാദർ തോമസ് കൊക്കാപറമ്പിലും ചേർന്ന് പരിശുദ്ധ കാതോലിക്കാ ബാവായിൽ നിന്നും കൂപ്പണുകൾ ഏറ്റുവാങ്ങുന്നു.



KOLLAM DIOCESE



IDUKKI DIOCESE

ഒരു ചതുരശ്ര അടി കൂപ്പൺ ഭദ്രാസനതല വിതരണം



KOTTAYAM DIOCESE



KANDANAD WEST DIOCESE



CHENGANNUR DIOCESE



MALABAR DIOCESE



NIRANAM DIOCESE

Those who pay in Foreign currency, Cheques & Drafts are to be drawn in favour of
ST. GREGORIOS MEDICAL MISSION HOSPITAL, PARUMALA

A/c No. 11310100021237, IFSC: FDRL0001131,
Federal Bank, Mannar, Kerala, India.

Those who pay in Indian currency, Cheques & Drafts are to be drawn in favour of
ST. GREGORIOS INTERNATIONAL CANCER CARE CENTRE, PARUMALA

A/c No. 11310200003697, IFSC: FDRL0001131
Federal Bank, Mannar, Kerala.

OR

A/c No :- 914010016776677,IFSC CODE:- UTIB0000422
AXIS BANK, THIRUVALLA

*Those who make transfers through NEFT/RTGS may email their full address with telephone number along with UTR reference number for issuing receipts.

നിങ്ങളുടെ സംഭാവനകൾ നൽകേണ്ട വിലാസം

ST. GREGORIOS INTERNATIONAL CANCER CARE CENTRE
Parumala P.O., Pathanamthitta Dist. Kerala State., India. Pin 689 626
Tel.: 0091 (0) 479 2312266, 2312465 Fax: 0091(0)479 2312866
sgicccparumala@gmail.com : www.sgiccc.com

Find us on / sgi cancercarecentreparumala

ബന്ധപ്പെടേണ്ട നമ്പരുകൾ

+91 9446600107, 9526390810, 9400923642

ദൈവമേ നീ എനിക്കു തന്ന സമ്പാദ്യത്തിൽ ഒരു പങ്ക് ഈ കാൻസർ ചികിത്സാ സംരംഭത്തിന് നല്കാൻ ഞാൻ മറക്കരുതേ...



നാണ്. എന്റെ വീടിനു 3 കിലോമീറ്റർ മാത്രം ദൂരെയാണ് അദ്ദേഹത്തിന്റെ തറവാട്. അദ്ദേഹവുമായി എനിക്ക് അഭേദ്യമായൊരു വ്യക്തിബന്ധം തന്നെയുണ്ട്. പ.രി. ബാവായുടെ ഭരണത്തിൻ കീഴിൽ സഭ നാൾക്കു നാൾ അഭിവൃദ്ധിപ്പെട്ടു കാണുന്നതിൽ അതിയായ സന്തോഷമുണ്ട്. എന്റെ യാത്രയയപ്പിനു അദ്ദേഹം എഴുന്നെള്ളി വന്നു അനുഗ്രഹിച്ചിരുന്നു.

അച്ചന്റെ കുടുംബം. മക്കൾ?


ഭാര്യ തങ്കമ്മ എന്റെ സ്കൂളിൽ തന്നെ അധ്യാപികയായിരുന്നു. ഹെഡ്മിസ്ട്രസായി 1991 ൽ വിരമിച്ചു. 2004ൽ അന്തരിച്ചു. മൂത്തമകൾ ഗീതാമണി റിട്ട.അധ്യാപികയാണ്. രണ്ടാമത്തെ മകൻ ചെറിയാൻകുഞ്ഞ് എം ഡി കോളേജ് ഓഫീസ് സൂപ്രണ്ടാണ്. മൂന്നാമത്തെ മകൻ റെജിമോൻ അധ്യാപകൻ. എല്ലാവരും സകുടുംബം താമസിക്കുന്നു. ഇളയ മകനോടൊപ്പമാണ് ഞാൻ താമസിക്കുന്നത്.

പുതുതലമുറയിലെ വൈദികർക്കു നൽകാനുള്ള അച്ചന്റെ സന്ദേശമെന്താണ്?

സഭ നാൾക്കു നാൾ വളർന്നു വരുന്നു. വൈദികർക്ക് ഇപ്പോൾ കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുന്നുണ്ട്. ശമ്പളവും. മൂന്നു കൊല്ലം കൂടുമ്പോൾ ട്രാൻസ്ഫറും 65 വയസ്സു കഴിയുമ്പോൾ റിട്ടയർമെന്റുമുണ്ട്. നല്ല വിദ്യാഭ്യാസമുള്ളവർ ഇപ്പോൾ രംഗത്തേക്കു വരുന്നുവെന്നത് സ്വാഗതാർഹമാണ്. യുവവൈദികക്ക് കൂടുതൽ അർപ്പണബോധവും സേവനസന്നദ്ധതയും ഉണ്ടാകണമെന്നഭിപ്രായമുണ്ട്. ■

വാർത്താ വിശേഷം

തോമസ് പോൾ റമ്പാച്ചൻ ഇനി വക്കീൽ വേഷത്തിലും...



കൊച്ചി:- മാറാച്ചേരി തോമസ് പോൾ റമ്പാച്ചന് ഒരു കറുത്ത കുപ്പായം കൂടി... ഏലൂർ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരിയായ അദ്ദേഹം ഹൈക്കോടതിയിൽ അഭിഭാഷകനായി എൻറോൾ ചെയ്തു. റമ്പാന്റെ കുപ്പായത്തിനു മുകളിൽ അഭിഭാഷക കുപ്പായം അണിഞ്ഞാണ് അദ്ദേഹം എത്തിയത്. അഭിഭാഷകനായി എൻറോൾ ചെയ്തു പുറത്തിറങ്ങിയ അദ്ദേഹം ആദ്യ വക്കാലത്തു തന്നെ ഒപ്പിട്ടു. ചെങ്ങന്നൂർ സ്വദേശി മാത്യുവിന്റെ മെഡിക്കൽ ഇൻഷുറൻസ് കേസിൽ പണം നൽകാത്ത ഇൻഷുറൻസ് കമ്പനിക്കെതിരേ വാദിക്കാനുള്ള വക്കാലത്തിലാണ് അദ്ദേഹം ആദ്യമായി ഒപ്പിട്ടത്.

കർണാടകത്തിലെ മാണ്ഡ്യാ പി.ഇ.സി. ലോ കോളജിൽ നിന്നാണ് എൻ.എൽ.ബി. പഠനം പൂർത്തിയാക്കിയത്.

കോതമംഗലം മാറാച്ചേരിൽ കുടുംബാംഗമാണ് റമ്പാച്ചൻ. എത്യോപ്യയിൽ സെമിനാരിയിൽ അധ്യാപകനായിരുന്നു. അഖില കേരള ബാലജനസഖ്യം സംസ്ഥാന പ്രസിഡന്റായിരുന്ന റമ്പാച്ചൻ, എം.എസ്.ഡബ്ല്യു., എം.ഫിൽ ബിരുദധാരികൂടിയാണ്.


ജീവകാരുണ്യത്തിന് സ്വത്ത് സൗജന്യമായി സഭയ്ക്കു നൽകി

പഴഞ്ഞി:- വയോജനാലയമോ അനാഥാലയമോ തുടങ്ങാനായി 23 സെന്റ് സ്ഥലവും 3,000 ചതുരശ്ര അടിയുള്ള വീടും സൗജന്യമായി നൽകുന്നു. പരേതരായ രാമനാട്ട് ചിന്നക്കുട്ടിയുടെയും ഭാര്യ മറിയാമ്മയുടെയും കോടി രൂപയോളം വിലമതിക്കുന്ന പഴഞ്ഞിക്കടുത്ത ജറുശലേമിലെ സ്വത്താണ് ബന്ധുക്കൾ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് കൈമാറി.


മക്കളില്ലാത്ത ഇവർ കാലശേഷം സ്വത്തുക്കൾ അനാഥ സംരക്ഷണത്തിനായി ഓർത്തഡോക്സ് സഭയ്ക്ക് കൈമാറാൻ തീരുമാനിക്കുകയായിരുന്നു.

പെരുമ്പാവൂർ സ്വദേശിയായ ചിന്നക്കുട്ടി മുംബൈയിൽ ഗോദ്റെജ് കമ്പനിയിൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. ഭാര്യ ചാലിശേരി തോപ്പിൽ കുടുംബാംഗമായ മറിയാമ്മ റയിൽവേയിൽ ഹെഡ് ക്ലാർക്കായി വിരമിച്ചു. ചിന്നക്കുട്ടി മരിക്കുന്നതിന് മുൻപ് തങ്ങളുടെ കാലശേഷം സ്ഥലവും വീടും ഓർത്തഡോക്സ് സഭയ്ക്കെന്ന് ആഗ്രഹം പ്രകടപിച്ചിരിക്കുന്നു. ചിന്നക്കട്ടിയുടെ മരണശേഷം ഭാര്യ മറിയാമ്മ രണ്ടായിരത്തിൽ വിൽപ്പത്രം തയാറാക്കുകയായിരുന്നു. ചിന്നക്കുട്ടിയുടെ സ്മാരകമായി വയോജന മന്ദിരമോ അനാഥാലയമോ തുടങ്ങണമെന്നും വിൽപ്പത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഇ.എം. ഫിലിപ്പിന്റെ ചരമശതാബ്ദി



മലങ്കര സഭയുടെ അസോസിയേഷൻ സെക്രട്ടറി (1883-1910) മലങ്കര ഇടവക പത്രികയുടെ മുഖ്യ പത്രാധിപരും (1892-1909) ഗ്രന്ഥകാരനുമായ ഇടവഴിക്കൽ ഇ. എം. ഫീലിപ്പോസിന്റെ (1857-1914) ചരമശതാബ്ദി 2014 ഓഗസ്റ്റ് 25-ന്.



നീതി സൂര്യനെ അണിഞ്ഞവൾ

(വെളിപാട് 12:1)

■ ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

ദൈവമാതാവിന്റെ തേജസ്സ് നീതിസൂര്യനെ വഹിച്ചത് കൊണ്ട് സിദ്ധിച്ചതാണ്. അത് ദൈവത്തിന്റെ കൃപയാലായിരുന്നു. ദൈവകൃപാ വാഹികളായി ക്രിസ്തു സാക്ഷ്യം വഹിക്കുകയാണ് എല്ലാ പരിശുദ്ധജീവിതങ്ങളും.

സൂര്യനെ അണിഞ്ഞ സ്ത്രീയെന്ന ഒരു വിശേഷണമുണ്ട് വെളിപാട് പുസ്തകത്തിൽ. ഇത് സഭയെകുറിച്ച് വിശദമായ വ്യാഖ്യനങ്ങൾ നൽകുന്ന ഒരു വേദപരിചരദമാണ്.പരിശുദ്ധ കന്യക മറിയാമിനെ ആന്തരീകപ്രതിപാദ്യങ്ങളിൽ വിവരിക്കുന്ന വേദഭാഗമെന്ന പ്രാധാന്യവും ഇതിനുണ്ട്.യോഹന്നാൻ ശ്ലീഹാ 'സൂര്യനെ അണിഞ്ഞ മഹതിയാം മറിയാമ്മിനെയും പരിശുദ്ധ സഭയെയും സൂചിപ്പിക്കുകയാണ്. മാതാവ് സഭയുടെ പ്രതീകവും പ്രതിനിധിയുമാണ്.അത്കൊണ്ട് മാതവിന്റെ ജീവിതം ഒരു അപ്രാപ്യമായ ആത്മീയ ശൈലമായി പലരും കാണുന്നു. ദൃശ്യഭൗമീക സമൂഹമായ നമുക്ക് ക്രൈസ് തവ ജീവിതത്തിന്റെ വിശ്വാസദൂരം താണ്ടുവാൻ അനന്യവും ഉദാത്തവുമായ മാതൃകയായി പരി.അമ്മയെ ഉൾകൊള്ളാനാവണം.

1. അടയാളം കുറിക്കുന്ന സ്വർഗ്ഗം

അടയാളങ്ങൾക്ക് വേദവെളിച്ചം രക്ഷയെന്നൊരു ഒറ്റവാക്ക് കൽപ്പിക്കുന്നുണ്ടാവണം.കയീനെ കാണുന്നവർ അവനെ കൊല്ലാതിരിക്കേണ്ടതിന് യഹോവ അവന് ഒരു അടയാളം വെച്ചത് (ഉൽപ്പ 4:15) രക്ഷയുടെ ചരിത്രത്തിലെ പ്രഥമ അടയാളം. വെളിപാട് രചയിതാവ് സവിശേഷ ചാരുതയോടെയാണ് അടയാളം എന്ന പദത്തെ കുറിച്ചിട്ടത്. 'സൂര്യനെ അണിഞ്ഞ സ്ത്രീ' സ്വർഗ്ഗത്തിലെ അടയാളമാണ്. സൂര്യരശ്മി തട്ടിയാൽ ജ്വലിക്കുന്ന ഒരു കല്ലുണ്ട്; സൂര്യകാന്തം. എന്നാൽ അത് സൂര്യതേജസ്സ് പ്രകാശിപ്പിക്കുക മാത്രമാണ് ചെയ്യുക. പ്രകാശവസ്ത്രം ധരിച്ച കുലമാതാവായ ഹവ്വാ സൂര്യനെ അണിഞ്ഞ സ്ത്രീയെ ഓർമ്മിപ്പിക്കുന്നുണ്ട്. ഹവ്വായുടെ വീഴ്ച്ചയിലൂടെ മാനവകുലം ഇരുണ്ട ഗർത്തങ്ങളിൽ പതിക്കുമ്പോൾ പാപം തന്നെ പതനമെന്ന് നാം തിരിച്ചറിയുകയാണ്. വെളിപാട് പുസ്തകം സൂര്യനെ അണിഞ്ഞ സ്ത്രീയായി വർണ്ണിക്കുന്നത് പരി.സഭയെയാണ്.സഭയുടെ പ്രതീകവും പ്രഥമ പൗരയും 'പരിശുദ്ധ ദൈവമാതാവ് തന്നെ. അത്കൊണ്ട് 'സൂര്യനെ അണിഞ്ഞ സ്ത്രീ' പരിശുദ്ധ അമ്മയാണ് എന്ന് ആദ്യകാല പിതാക്കന്മാർ പഠിപ്പിച്ചിരുന്നത്.

സമയത്തിന്റെ അതിസൂക്ഷ്മ തലങ്ങളുടെ താളുകളിൽ ചരിത്രം രചിക്കുംമുമ്പ്, ആർജ്ജിച്ച അവബോധങ്ങൾ കൊണ്ട് വായിക്കേണ്ട ഭാഷയാണ് 'അടയാളം'. അത് ചരിത്രം രൂപികരിക്കുവാനുള്ള രത്നചുരുക്കവും, വർത്തമാനകാലത്തെ രചിക്കുവാനുള്ള ചൂണ്ട് വിരലുമാണെന്ന് പറയാം. ഇത്തരത്തിലുള്ള നിരവധി അടയാളങ്ങളാൽ സമ്പന്നമാണ് വി.വേദപുസ്തകം. നീതിമാനായ യോസഫിന്റെ സ്വപ്നവും, യാക്കോബിന്റെ കോവണിയും ഒക്കെ അടയാളമാണ്. ഒരുപക്ഷെ ദൈവം സംസാരിക്കുന്ന വഴിയടയാളങ്ങളാണ് ഇതെല്ലാം. ഒന്നാം ഹവ്വായും ഒരു അടയാളമായി ഇപ്പോൾ തോന്നുന്നു. പരാജയത്തിന്റെ പാതകളിലെ അനിവാര്യശാപത്തെ സഹസ്രകോടികൾക്ക് അർത്ഥരചന നടത്തിയിട്ടുള്ളത് മറ്റാരാണ്? വീഴ്ച്ചയ്ക്ക് മുമ്പ് നരനും നാരിയും പരമ കാരുണികന്റെ സൗന്ദര്യ സത്തയണിഞ്ഞവരായിരുന്നു. ഈ വീണ്ടെടുപ്പാണ്

കന്യകമറിയം ചരിത്രത്തിലൂടെ മാനവകുലത്തിന് സമ്മാനിച്ച സൗഭാഗ്യം.

ഏത് അടയാളവും ചില അർത്ഥവിചാരങ്ങൾ കൈമാറുന്നുണ്ട്. പഴയകാലത്ത് വഴിതെറ്റാതിരിക്കൻ വഴിത്തിരിവുകൾ സ്വയമറിയാൻ മരത്തിന്റെയും മറ്റും ഇലകൾ ഒടിച്ചിടുന്നത് പൊലെയാണിത്. പഴയ ഏടുകൾ വായിക്കാൻ പഠിക്കുക പ്രധാനമാണ്. വായനയും എഴുത്തും മരിക്കുന്നു എന്ന് പരിതപിക്കേണ്ടത് ലൈബ്രറികളിൽ ആളില്ലാതെയാകുന്നതിലൂടെയാണ് എന്ന് നിങ്ങൾ കരുതുന്നുന്നുണ്ടോ? കന്യകമറിയാം അമ്മ അടയാളമാകുന്നത് വായനയ്ക്ക് പര്യാപ്തമായ ഒന്ന് കാലതീതമായി ചരിത്രത്തിന് ജീവിതമഷി പകർന്ന് കൈമാറിയതിലൂടെയാണ്. ആത്മീയമിഴി വെളിച്ചത്തിലൂടെ മാത്രമെ ഈ സ്നേഹഗീത വായിച്ചെടുക്കാനവൂ. സ്നേഹമെന്ന വികാരം വായിക്കാനാവത്ത വിധം സ്വാർത്ഥതയുടെ ശലക്കങ്ങൾ നവസമൂഹത്തെ ബാധിച്ചിട്ടുണ്ടാകണം. അതല്ലെങ്കിൽ വിവാഹമോചനങ്ങളും, കുടുംബ വഴക്കുകളും എങ്ങിനെ ജീവിതമേഖലകളെ രോഗഗ്രസ്തമാക്കുന്നു. ഭൗമസഭ പൂർത്തീകരിക്കപ്പെടേണ്ട സ്വർഗീയ സൗധത്തിന്റെ മുൻകുറിയായ അടയാളമാണ് കന്യകമറിയം. മശിഹാ അവളുടെ ആത്മനാഥനാണ്. എന്നാൽ അതിൽ തന്നെ അവളിലെ രക്ഷയുടെ തേജസ്സിനെ പ്രസരിപ്പിച്ച് ദൗത്യനിർവ്വഹണം നടത്തുക അതിന്റെ ചുമതലയാണ്. ഇന്ന് ഭൗമസഭയുടെ ഭാഷ ഭാഷണം നടത്താതെയിരിക്കുന്നു. അതിന്റെ തന്ത്രികൾ പൊട്ടിയത് പോലെ. ആത്മീയവും ഭൗതീകവുമായ ലോകത്തിലെ ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് വൈകാരിക നിരക്ഷരതയാണ്. സഹജീവിയുടെ വ്യക്തിത്വത്തെ വ്യഖ്യാനിച്ചറിയാനുള്ള പക്വതയാണത്. പരി ദൈവമാതാവ് മാനവരാശിയെയും ദൈവീകയിച്ഛയെയും വായിച്ച് ജീവിതം രചിച്ചവളാണ്. തന്മൂലം അവൾക്ക് സ്വർഗ്ഗത്തിന്റെ അടയാളവും രണ്ടാം സ്വർഗ്ഗവുമാകാനായിരിക്കുന്നു.ദൈവഹിതം ഉള്ളിൽ വഹിച്ച് ക്രൂശാരോഹണത്തിനും പുതിയനിയമസഭയുടെ ദൗത്യനിർവ്വഹണങ്ങളിലും പരി.അമ്മ വഹിച്ച പങ്ക് നിസ്തുലമാണ്. ജീവിതംകൊണ്ട് സൃഷ്ടിച്ച മാതൃകയാൽ അമ്മ സഭാജീവിതത്തിന്റെ പ്രതീകമായി തീരുന്നു. രോഗോപശാന്തിയോടെ ഉദിച്ച ആ നീതിസൂര്യനെ വഹിക്കുകയാണ് യഥാർത്ഥത്തിൽ പുതിയ നിയമസഭാസമൂഹത്തിന്റെ ദൗത്യം. ദൈവമാതാവിന്റെ തേജസ്സ് നീതിസൂര്യനെ വഹിച്ചത് കൊണ്ട് സിദ്ധിച്ചതാണ്. അത് ദൈവത്തിന്റെ കൃപയാലായിരുന്നു.ദൈവകൃപാ വാഹികളായി ക്രിസ്തു സാക്ഷ്യം വഹിക്കുകയാണ് എല്ലാ പരിശുദ്ധജീവിതങ്ങളും. ഇന്ന് പരിശുദ്ധ സമൂഹം വഹിച്ചിരിക്കുന്ന തേജസ്സിൽ വിഭ്രമിച്ച് അവരെ ബിംബങ്ങളാക്കി തീർക്കുകയെന്ന അപരാധം പെരുകുകയാണ്.വിശുദ്ധ കന്യകമറിയം അമ്മ വഹിച്ച സാക്ഷ്യം ക്രിസ്തുവാണ്.അവൻ നീതിസൂര്യനും എല്ലാ തേജോഗോളങ്ങളുടെയും സ്രഷ്ടാവും നാഥനുമാണ്.

സൂര്യൻ ഒരു പ്രതീകമാണ്.പ്രതീകങ്ങളിലൂടെയല്ലാതെ എങ്ങിനെയാണ് നാം പൊരുൾ അറിയുക?.ഈ ഭൗമീകർക്ക് ദൃശ്യമായ എറ്റം പ്രകാശമാനമായ ജ്യോതിസ്സാണ് സൂര്യൻ.ഭൂമിക്ക് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന നക്ഷത്രവും സൂര്യനാണല്ലോ!ഇതാ ഇവിടെ കന്യകമറിയം വഹിച്ചിരിക്കുന്ന സൂര്യനും ഒരർത്ഥത്തിൽ ഇങ്ങിനെയാണ്.മൺമയർക്ക് ഏറ്റവും സമീപസ്ഥനായവൻ സൃഷ്ടാവാണ്.അവന് സൃഷ്ടിയോടുള്ള അദമ്യ സ്നേഹത്തിന്റെ പ്രതീകമാണ് മനുഷ്യാവതാരം. സൂര്യൻ ഒരു പ്രഹേളികയാണ്.നേരേ നോക്കിയാൽ പൊട്ടകണ്ണനാകും, നോക്കാതിരുന്നാലും. പ്രകാശം ധരിച്ച സ്ത്രീയെ നിങ്ങൾ കണ്ടിട്ടുണ്ടോ.

2. പ്രകാശിതയായ സ്ത്രീ

സഭയുടെ അനാദൃശ്യമായ സൗന്ദര്യത്തെയാണ് വെളിപാട് സാഹിത്യകാരൻ വർണ്ണിക്കുന്നത്.ഇവിടെ സ്ത്രീ യെന്ന് വിവക്ഷിക്കുക സഭയെയാണല്ലോ! അതിനാൽ സഭയെന്നത് സ്ത്രീയുടെ പ്രതീകം കൂടിയാണ്.മശിഹാ മണവാളനും സഭ മണവാട്ടിയുമായുള്ള വിവാഹകൂദാശയുടെ പാരമ്പര്യം ഓർക്കുക. സഭയ്ക്ക് തന്നെ സ്ത്രീയുടെ പ്രതീകചരായ അലങ്കരമാകുമ്പോൾ സഭയിലെ സ്ത്രീ സ്വത്വം ഇന്ന് ഏത് രീതിയിലാണ് വിവക്ഷിക്കുക.

ചന്ദ്രൻ എന്ന പദത്തിന്റെ സമാസം കുബേരൻ, ഉത്കൃഷ്ടൻ, ശ്രേഷ്ഠൻ എന്നിവയാണ്. "അവളുടെ കാൽകീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു" ഇവിടെ

സഭയെന്നത് സമ്പത്തിനെക്കാളും, ഏത് ശ്രേഷ്ഠ ഔന്നത്യങ്ങളെയുംക്കാൾ പ്രദീപ്തമാണ് എന്ന് എഴുത്തുകാരൻ വിവരിക്കുന്നു.മാതാവും ഇങ്ങിനെയായിരുന്നു. മാതവ് സഭയുടെ മാതൃകയാണ്. ചന്ദ്രൻ എന്നത് തേജസ്സിന്റെ മനോഹാരിതയെയാണ് സുചിപ്പിക്കുക. സഭയും അതിന്റെ പ്രതിനിധിയായ മാതാവും മറ്റ് പ്രപഞ്ചയാഥാർത്ഥ്യങ്ങളെക്കാൾ സൗന്ദര്യാത്മകമാകുന്നത് അത് സ്രഷ്ടാവിന്റെ വാത്സല്ല്യത്തിനും കാരുണ്യയ്ക്കും തെരഞ്ഞെടുക്കപ്പെട്ടതിനാലാണ്.



കന്യകമറിയം സഭയുടെ പ്രതീകമായതിനാൽ പരിശുദ്ധ അമ്മ പ്രകാശിതയായ അമ്മയാണ്. പ്രകാശിതയായ അമ്മയിൽ നിന്ന് പ്രാകശത്തിന്റെ ഉറവയായ നീതി സൂര്യൻ ഉദയം ചെയ്തത് എത്ര മനോജ്ഞമായ അടയാളമാണ്.

നഷ്ടസൗന്ദര്യം തിരികെ ലഭിക്കുന്നത് ദൈവത്തിന്റെ ഹിതത്തിന് അനുകൂലമായ ജീവിതത്തിലേക്കും തിരുഹിത പദ്ധതിയിലേക്കും പ്രവേശിക്കുമ്പോഴാണ്.മാലാഖയുടെ അറിയിപ്പിനെ ചോദ്യം ചെയ്യുന്ന മാതാവിനെ ഇവിടെ കാണാം.ഇതെങ്ങിനെ സംഭവിക്കും.... ഇത് തന്റെ വിശുദ്ധിക്കെതിരായ നടപടികളെ ചോദ്യം ചെയ്യുന്ന മനോഭാവമാണ്. ഇക്കാലത്തെ ട്രെൻഡുകൾ പലതും രൂപപെടുത്തിയത് കമ്പോളത്തിന്റെ പ്രായോജകരാണ്. ദൈവഹിതത്തെയും സഭാജീവിതത്തെയും ജീവിതനിലപാടുകളായി രൂപപ്പെടുത്താനാവാത്ത കാപട്യം വർത്തമാനകാലത്തെ സഭാമക്കളുടെ അസ്ഥിത്വത്തെ നശിപ്പിക്കിന്ന രോഗാതുരത



ആരാഴി പള്ളി

സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളി

മാവേലിക്കര ഭദ്രാസനം

ഹരിപ്പാട് ഫോൺ: 0479 2410587, 9526296895



വി. എട്ടുനോമ്പ് പെരുന്നാൾ

2014 സെപ്റ്റംബർ 1 മുതൽ 8 വരെ

അഭിവന്ദ്യ തിരുമേനിമാരുടെ മുഖ്യകാർമ്മികത്വത്തിൽ




ഒരുക്കധ്യാനം • കൊടിമര ഘോഷയാത്ര • ചെമ്പെടുപ്പ് • കൊടിയേറ്റ് • വി. മൂന്നിൻമേൽ കുർബ്ബാന • മദ്ധ്യസ്ഥ പ്രാർത്ഥന • ആദ്യഫല ശേഖരം • സുവിശേഷ യോഗം • ഗാനശുശ്രൂഷ • റാസ • ആകാശ ദീപക്കാഴ്ച • സ്ലൈഹീക വാഴ്വ് • നേർച്ച വിളമ്പ്



വികാരി



അനിൽ കെ. ജോൺ മണിവേലിൽ
ജന. കൺവീനർ പെരു. കമ്മറ്റി



ജേക്കബ് അലക്സ് നടുവിലേത്ത്
ട്രസ്റ്റി



സെക്രട്ടറി

സംഭാവനകൾ പള്ളിഓഫീസിലും ഹരിപ്പാട് SBT A/c. മാറാവുന്ന തരത്തിൽ ചെക്ക്/ ഡി.ഡി അയയ്ക്കാവുന്നതാണ്
A/c 57028404772

FRESCO Kilpna 9446226146

A.D 13 - ാം നൂറ്റാണ്ടിൽ കാർത്തിക പള്ളി താലൂക്കിലെ നസ്രാണികൾക്കായി ഹരിപ്പാട്ട് ഇപ്പോൾ സെന്റ് തോമസ് മിഷൻ സെന്റർ സ്ഥിതിചെയ്യുന്ന
സ്ഥലത്ത് ഒരു ദൈവാലയം സ്ഥാപിച്ച് ആത്മീയ ദിഷ്ഠിതികൾ നിർവ്വഹിച്ചു വന്നിരുന്നു. ആസ്ഥലം ഇന്നും പള്ളിപ്പറമ്പ് എന്ന് അറിയപ്പെടുന്നു.
ഹരിപ്പാടിന്റെ പ്രാന്തപ്രദേശങ്ങളിൽ അധിവസിച്ചിരുന്ന നസ്രാണികൾക്ക് മാത്രമല്ല വിവിധമതസ്ഥർക്കും ഈ ദൈവാലയം ഒരു അത്താണിയായിരുന്നു.
കാർത്തികപള്ളി മഹാരാജാവിന്റെ കാലത്ത് ഹരിപ്പാടിന്റെ ദീപസ്തംഭമായിരുന്ന ദൈവാലയം പൊളിച്ചുമാറ്റുന്നതിനും അത് രാജാവിന്റെ കോട്ടയ്ക്കകത്ത്
സ്ഥാപിക്കുന്നതിനും രാജാവ് ഉത്തരവിട്ടു. ചേപ്പാടിന്റെ സമീപവാസികളായിരുന്ന ക്രിസ്ത്യാനികളുടെ അഭ്യർത്ഥന മാനിച്ച് ഹരിപ്പാടുനിന്നും പൊളിച്ച
പള്ളിയുടെ ഒരു ഭാഗം കാർത്തികപള്ളിയിലും ബാക്കി ഭാഗം ചേപ്പാട്ടുമായി രണ്ടു ദൈവാലയങ്ങൾ ഉയർന്നുവന്നെങ്കിലും ഹരിപ്പാടു പ്രദേശത്ത് ദൈവാ
ലയം നഷ്ടമാകുകയും പള്ളിപ്പറമ്പ് അന്യാധീനമാവുകയും ചെയ്തു. കരുവാറ്റ കുഴിത്താറ്റിൽ പരേതനായ മാത്യു മുൻസിഫ് ഹരിപ്പാട് മുൻസി
ഫായി പ്രവർത്തിക്കുന്ന കാലത്ത് ഹരിപ്പാട്ടുകാർക്ക് നഷ്ടപ്പെട്ടുപോയ ദൈവാലയം പുനസ്ഥാപിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു. അതിന്റെ ഫലമായി
ഹരിപ്പാട്ടുനിന്നും അരനാഴിക ദൂരത്തുള്ള പിലാപ്പുഴയിൽ ഒരു ദൈവാലയത്തിന് ശിലാസ്ഥാപനം നിർവ്വഹിച്ചത് അന്നത്തെ നിരണം ഭദ്രാസനത്തിന്റെ
ചുമതല വഹിച്ചിരുന്ന പരിശുദ്ധ പരുമല തിരുമേനിയുടെ തൃക്കരങ്ങൾ കൊണ്ടാണ്. ഹരിപ്പാട് സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനിപ്പള്ളി എന്ന
പേരിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ 1901 ഒക്ടോബർ 23 (കൊല്ലവർഷം 1077 തുലാമാസം 7) - ാം തീയതിയായിരുന്നു ശിലാസ്ഥാപനകർമ്മം.
ഹരിപ്പാടുനിന്ന് അരനാഴിക ദൂരത്തായതിനാൽ അരനാഴിക പള്ളിയെന്നും കാലാന്തരത്തിൽ ആരാഴി പള്ളി എന്നും അറിയപ്പെടുന്നതിനിട
യായി. ഇന്ന് ഈ ദൈവാലയം തെക്കൻ മണർകാടെന്നും അറിയപ്പെടുന്നു. ഈ വർഷത്തെ എട്ടുനോമ്പു പെരുന്നാൾ സെപ്തംബർ 1 മുതൽ 8 വരെ
തീയതികളിലാണ്. മുൻ വർഷത്തെക്കാൾ വിപുലമായ ഒരുക്കങ്ങളാണ് ഈ വർഷം ക്രമീകരിച്ചിട്ടുള്ളത്. വിദൂരങ്ങളിൽ നിന്ന് എത്തുന്നവർക്ക് ധ്യാനിക്കു
വാനും പ്രാർത്ഥിക്കുവാനും പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഈ വർഷം അഭിവന്ദ്യരായ ഡോ. യാക്കൂബ് മാർ ഐറേനിയോസ്, മാത്യൂസ് മാർ
തേവോദോസ്യോസ്, ഗീവർഗീസ് മാർ കൂറിലോസ്, ഡോ. സഖറിയാസ് മാർ അപ്രേം, ഏബ്രഹാം മാർ എപ്പിഫാനിയോസ്, സഖറിയാ മാർ അന്തോണിയോസ്,
ഡോ. ജോസഫ് മാർ ദിവന്ന്യാസിയോസ്, ഡോ സഖറിയാ മാർ തിയോഫിലോസ് എന്നീ പിതാക്കൻമാരും വന്ദ്യ വൈദീക ശ്രേഷ്ഠരും വേദശാസ്ത്ര
പണ്ഡിതരും സെന്റ് പോൾസ് സുവിശേഷാലയത്തിന്റെ നേതൃത്വത്തിലുള്ള സ്നേഹ സന്ദേശവും പെരുന്നാൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.



യാണ് എന്ന് പറയാം. മാതാവിന്റെ കരുത്തും ധീരവുമായ വ്യക്തിത്വം സ്ത്രീസ്വത്വത്തെയും സഭാസത്തയെയും പ്രചോദിപ്പിക്കേണ്ടതാണ്.

വീണ്ടെടുപ്പിന്റെ പൂർണ്ണത:

ഈ വേദപരിച്ഛേദം അടയാളപ്പെടുത്തുന്നത് സൂര്യനെ അണിഞ്ഞ സ്ത്രീ;അവളുടെ തലയിൽ പന്ത്രണ്ട് നക്ഷത്രങ്ങൾകൊണ്ടുള്ള കീരിടവും ഉണ്ടായിരുന്നു.സൂര്യന് തന്നെ ശബ്ദതാരവലി പന്ത്രണ്ട് എന്ന സംഖ്യയെ അർത്ഥം കല്പ്പിക്കുന്നു.സവിശേഷമായ പന്ത്രണ്ട് എന്ന സംഖ്യക്ക് സവിശേഷ അർത്ഥമുണ്ട്.പഴയ ഇസ്രായേൽ പന്ത്രണ്ട് ഗോത്രങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. പുതിയ നിയമ സഭയുടെ പാത്രീയർക്കിസന്മാരയ ശ്ളീഹന്മാരെയും ഈ ഗോത്രസംഖ്യയ്ക്ക് സദൃശമായി തിരെഞ്ഞെടുത്തു.യേശു ബർനൂൻ യോർദ്ദാനിൽ നിന്നെടുത്തത് പന്ത്രണ്ട് കല്ലുകളായിരുന്നു.മോശ ഒലീമിൽ കണ്ടതായ പന്ത്രണ്ട് ഉറവുകളും ഇവിടെ മുൻകുറിയായി ഉണ്ടല്ലോ!. അപ്പോൾ സൂര്യനെ അണിഞ്ഞ സ്ത്രീ വഹിക്കുന്ന ആ പന്ത്രണ്ട് നക്ഷത്രങ്ങൾ രക്ഷിതസമൂഹത്തിന്റെ പൂർണ്ണതയുടെ തേജസ്സാണ്.

സമഗ്രമായ രക്ഷയും വിമോചനവും നസ്രാണിസമൂഹത്തിന് നഷ്ടമാകുന്ന ആശയമാണ്.ഒരു കുടുംബം ,ഇടവക,സഭ എന്നിവയൊക്കെ സമഗ്രവിമോചനത്തിന്റെ ചാലകങ്ങളാകണം. എന്നാൽ അണുകുടുംബസംസ്ക്കാരത്തിലാരംഭിച്ച അഹത്തിലധിഷ്ടിതമായ സ്വഭാവങ്ങൾ സ്വാർത്ഥതയുടെ കൂടാരങ്ങളായി കുടംബത്തെ രൂപപ്പെടുത്തുന്നു.

3)കഷ്ടതയുടെ കരുത്താർജ്ജിച്ചവൾ. സൂര്യനെ അണിഞ്ഞൊരു സ്ത്രീ; അവളുടെ കാൽകീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കീരിടവും ഉണ്ടായിരുന്നു.മുമ്പേ വിവരിച്ചതൊക്കെ എത്ര സൗന്ദര്യാത്കമായിരുന്നു. എന്നാൽ ഇനി നാം വായിക്കുമ്പോൾ നമ്മെ അത് അസ്വസ്ഥമാക്കുന്നു.അവൾ നോവു കിട്ടി ഗർഭിണിയായി നിലവിളിച്ചു. സമകാലിക കാഴ്ച്ചപ്പാടുകളിലെ മേൽക്കോയ്മകളെ തകർക്കുകയാണ്. ഇവിടെ നാമൊരു താമരയെ ഓർമ്മിക്കുവാനാകുന്നുണ്ടോ.ചെളിയിൽ നിന്നും ഉയർന്ന് ജലോപരിതലത്തിൽ മനോഹരമായി പൂങ്കാവനം ഒരുക്കുന്ന താമര.പൂർവ്വപിതാക്കന്മാരുടെ ജീവിതം കഷ്ടതയുടെയും സഹനപർവ്വംതാണ്ടി തീർത്തതാണ് എന്ന് നാം വിസ്മരിക്കുന്നു.വിശേഷണങ്ങൾകൊണ്ട് ഉത്തരാധുനീകരെന്ന് വിളിക്കുന്നവർ സുഖാനുഭവ ആത്മീയതയുടെ ആരാധകരാണ്. എന്നാൽ സ്ത്രീ നോവ് കിട്ടി നിലവിളിക്കുന്നവളാണ്. സഭയും കന്യകമറിയം അമ്മയും ഈ തീനോവുകളിൽ പൊള്ളിയിട്ടുള്ളവളും, അഗ്നിപരീക്ഷകളിൽ തെളിഞ്ഞിട്ടുള്ളവളുമാണ്. വെളിപാട് രചയിതാവ് ഈ കഷ്ടതകളുടെ തുടക്കം മാത്രമല്ല, അതിന്റെ ആഴപരപ്പുകളും തിരിച്ചറിയുന്നുണ്ട്.ദുഷ്ക്കരമായ നോവുദുരങ്ങൾക്കപ്പുറം മരുഭൂമിയിൽ ദൈവം അവളെ പോറ്റിപുലർത്തുന്ന ഒരു രക്ഷാകേന്ദ്രം അവൾക്കുണ്ട്.എന്നാൽ സാത്താൻ അവളെ പിന്തുടർന്ന് ദ്രോഹിക്കുവാൻ തന്റെ വായിൽ നിന്ന് നദി ഒഴുക്കിയെങ്കിലും ഭൂമി വായ് തുറന്ന് അതിനെ വിഴുങ്ങികളഞ്ഞു.ഭൂമി എപ്പോഴും ദൈവസൃഷ്ടിയുടെ പോഷകയാണ്.അവൾ മനുഷ്യനെ എപ്പോഴും തന്റെ മാറിൽ സംരക്ഷിച്ച് നിർത്തുകയാണ്. ദൈവസൃഷ്ടിയായ പ്രപഞ്ചത്തിന് എങ്ങിനെ മനുഷ്യനെ തുണയ്ക്കാതിരിക്കാനാവും.പരാജയങ്ങളിൽ ശകതി പ്രാപിക്കുന്ന പകയുടെ പേരാണ് സത്താൻ എന്ന് ഇവിടെ നമുക്ക് മനസ്സിലാക്കമാവും.ആശ്രയബോധത്തോട ജാഗ്രത പാലിക്കുന്ന ദൈവികർ ജയിക്കും

4. ദൈവത്തിന്റെ സ്ത്രീപക്ഷം

കഷ്തയിലൂടെ പുത്രനെ പ്രസവിച്ച സ്ത്രീയെ , സ്ത്രീയുടെ ശത്രുവായ സാത്തൻ വേട്ടയാടുമ്പോൾ അവളെ സംരക്ഷിക്കുവാൻ ദൈവം ഒരു മരുഭൂമിയിൽ ഒരു സുരക്ഷകൂടാരം ഒരുക്കന്നു. യോസഫ് മിസ്രയിമീലേക്ക് ഓടിപോകുമ്പോൾ നാമീ ദൈവീക കരുതൽ കണ്ടതാണ്. ഏറ്റവും ഒടുവിലെ നിമിഷങ്ങളിലൊന്നിലാണ് അമ്മയെ ,മഹിമയേറിയ ആ സ്ത്രീരത്നത്തെ പുത്രൻതമ്പുരാൻ പ്രിയ ശിഷ്യനെ ഭരമേൽപ്പിച്ചത്. സഭയും കഷ്ടതയുടെ ഉലയിൽ എത്രയോവട്ടം ശുദ്ധീകരിച്ചിട്ടുണ്ട്. എന്നിട്ടും പുതിയ സഭാസമൂഹത്തിന് സമ്പത്ത് സർവ്വത്മപ്രിയമാകുന്നത് എന്ത് കൊണ്ട്?

ദൈന്യതയാർന്ന കഷ്ടതയുടെ ദുരം കനിവിന്റെ നാഥനെ വിളിക്കാനുള്ള നൊടിനേരമാണ്. അത് ഒരുപക്ഷെ ജീവിത ശുദ്ധീകരണത്തിന്റെ നിമിത്തമാകാം. തള്ളി പറഞ്ഞ പത്രോസ് ശ്ലീഹായ്ക്ക് ബാല്ല്യക്കാരിയുടെ കുത്ത് വാക്കകൾ കുറ്റബോധത്തിലേക്കും കുമ്പസാരത്തിലേക്കും നയിച്ചതുപൊലെ; ആവശ്യത്തിന്റെ നിർബന്ധം നിമിത്തമായിരുന്നു ആ ആതിഥേയൻ തന്റെ അതിഥിക്ക് വേണ്ടി അപ്പെളരക്കുവാൻ പോയത്.ആവർത്തിച്ച് നിരസിച്ചിട്ടും, അട്ടഹസിച്ചിട്ടും അയാൾ അപ്പം യാചിച്ചത് ആ പ്രിയപ്പെട്ട അതിഥിക്ക് വേണ്ടിയാണ്. ആവശ്യം സൃഷ്ടിയുടെ മാതാവാണ് എന്ന് കുറിച്ചിട്ടയാളോട് ഒന്നു പറയട്ടെ, കഷ്ടത കരുത്തിന്റെ വഴിത്താരയാണ്; സൗകര്യമുണ്ടെങ്കിൽ നിങ്ങൾക്ക് ഈ വഴി സഞ്ചരിക്കാം. അതല്ലെങ്കിൽ ഒരു ഭീരുവായ് ഈ യത്നത്തിൽ നിന്ന് ഒളിച്ചോടാം. എന്തിന് പരാജയത്തിന്റെ ശൂന്യമായ ലോകത്തേക്ക് പോകണം. ഈ അവസരങ്ങൾ ഒന്നു ഉപയോഗിച്ച് കൂടെ. പരി.ദൈവമാതവ് അങ്ങിനെയായിരുന്നല്ലോ. സഭയുടെ ആദ്യകാല ചരിത്രം ഏതൊരു കമ്മ്യൂണിസ്റ്റ് പതാകയെക്കാളും ചുവന്നത്, മനുഷ്യത്വസ്നേഹമാർന്ന സഹദേന്മാരുടെ നിണഅണിഞ്ഞാണല്ലോ!

ഉപസംഹാരം

സൂര്യനെ അണിഞ്ഞ വെളിപാടുപുസ്തകത്തിലെ 'സ്ത്രീസ്വത്വം' സകല സൃഷ്ടിയെയും ശോഭിപ്പിച്ച അനാദ്യന്ത പ്രകാശത്തെ വഹിച്ചവളാണ്. വെളിപാടുകളുടെ ഈ ദർശനങ്ങൾ നമ്മെ ഉണർത്തുന്നത് പ്രകാശിതയായ ഒരമ്മയിലേക്കാണ്. കന്യകമറിയം സഭയുടെ പ്രതീകമായതിനാൽ പരി.അമ്മ പ്രകാശിതയായ അമ്മയാണ്. പ്രകാശിതയായ അമ്മയിൽ നിന്ന് പ്രാകശത്തിന്റെ ഉറവയായ നീതിസൂര്യൻ ഉദയം ചെയ്തത് എത്ര മനോജ്ഞമായ അടയാളമാണ്. ഇത് ആധുനികാനന്തരമെന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന സഭാകാലമാണല്ലോ! .എന്നിട്ടും ഈ ലോകത്തിനെന്താണ് കറുത്തവാവിനെ വെല്ലുന്ന തമസ്സ്. വേർപാടുകളുടെ നടുചുവർ പണിയുന്ന ഇടയന്മാരും പച്ചയായ പുൽപ്പുറം തേടിയലയുന്ന ആട്ടിൻപറ്റവും തേജോധാരിയായ ഓർത്തോദൂക്സോ എന്നൊക്കൊ വിശേഷിപ്പിക്കുന്ന മഹാവിശ്വാസശൈലത്തെ തകർക്കുന്നുണ്ടോ? നമുക്ക് നമ്മെ തന്നെ വിചാരണചെയ്യാൻ കാലമായിയെന്ന് ഈ വേദപരിച്ഛേദം ഓർമ്മിപ്പിക്കുന്നു.

■

സെ. പോൾസ് ഓർത്തഡോക്സ് ഇടവക
റൂർക്കല

ചികിത്സാ സഹായം

മലങ്കര ഓർത്തഡോക്സ് സഭയുടെ കൽക്കത്ത ഭദ്രാസനത്തിൽപ്പെട്ട റൂർക്കല സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നിരാലംബരും സാധുക്കളുമായ രോഗികൾക്ക് പരിമിതമായ ധനസഹായം നൽകുന്നു.

രോഗവിവരങ്ങളും, ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റോടൊപ്പം, ഇടവക വികാരിയുടെ ശുപാർശ കത്തും ഉണ്ടായിരിക്കണം. അപേക്ഷകൾ സെപ്റ്റംബർ 15-നകം കിട്ടിയിരിക്കണം.


അയയ്ക്കേണ്ട വിലാസം :

The Vicar
St. Paul's Orthodox Syrian Church
Jagda, Jhirpani P.O.
Rourkela-769042

മൂന്നാം ചരമ വാർഷികം
(26-08-2014)

FR. PHILIP K. ALEX
Kiliyilathu House
Kayamkulam


ജനനം
10-10-1936




മരണം
26-08-2011

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം-നാഥാ സ്തോത്രം"

Inserted by loving family



JOBIN V.B. S/o V.J. Baby & Moly Baby, Vvadakepurathukudiyil house, Armad, Sulthan Bathery with **NISHAALEX JOSEPH** D/o Chandi & Eliyama, Panthamakkal house, Vazhavatta. Fr. Baby John, Fr. Anu and brother Binu. **St.Marys Orthodox Cathedral Pilgrim Center S.Bathery.**



പ. അബ്ദുൽ മശിഹാ...

19-ാം പേജിൽ നിന്നും

എഴുത്തു കണ്ടെത്തി ഗവർണ്ണറെ ഏൽപ്പിച്ചു. തനിക്കുള്ള സന്ദേശവുമായി എത്തിയ യുവാവിനെ കൊലപ്പെടുത്തിയതിൽ അദ്ദേഹം കോപിഷ്ഠനായി. തുടർന്ന് അബ്ദൽ മശിഹായെ ഡയബക്കറിൽ സുരക്ഷയോടെ എത്തിക്കുവാൻ ഇരുപത് പട്ടാളക്കാരെ അയച്ചു. പട്ടണത്തിലെത്തിയ പാത്രിർക്കീസ് ഹൃദയ ഭേദകമായ ദൃശ്യങ്ങളാണ് കണ്ടത്. വഴിയിൽ മൃതദേഹങ്ങൾകൂടിക്കിടക്കുന്നു. "മൃതദേഹങ്ങൾക്ക് മുകളിൽകൂടി അദ്ദേഹത്തിന് നടക്കേണ്ടി വന്നു" എന്നാണ് ദൃക്സാക്ഷികൾ എഴുതിയിരിക്കുന്നത്.

പാത്രിയർക്കീസിനെ ഗവർണ്ണർ സ്വീകരിച്ചു. സുറിയാനിക്കാർക്ക് സംരക്ഷണം വാഗ്ദാനം ചെയ്തു. ഡയർബക്കിറിൽ മെത്രാനില്ലാതിരുന്നതിനാൽ, വിശ്വാസികളുടെ നിർബ്ബന്ധം മൂലം ഏകദേശം ഒരുവർഷത്തോളം, അവിടെ താമസിച്ചു. എല്ലാം നഷ്ടപ്പെട്ടവരും, മുറിവേറ്റവരും, രോഗികളും, തുർക്കികളുടെ മൃഗീയമായ പീഡകളുടെ ഫലമായി മനസ്സിന്റെ സമനില തെറ്റിയവരും അഭയം പ്രാപിച്ചത് പള്ളിയിലായിരുന്നു. തുർക്കി ഭരണാധികാരികളുടെ അടുക്കൽ പരാതി ബോധിപ്പിക്കുവാൻ ഭയമായിരുന്നതിനാൽ, വിശ്വാസികൾക്ക് പരാതികൾ നിരത്തി, ആശ്വാസം തേടാനുള്ള ഏകസ്ഥലം, പാത്രിയർക്കീസിന്റെ സന്നിധിയിൽ മാത്രമായിരുന്നു. ദിവസവും ഒരേ കഥകൾ മാത്രമേ കേൾക്കാനുള്ളു. മധ്യവയസ്കനായ വൈദികന്റെ ഭാര്യയേയും മൂന്നു പെൺമക്കളേയും കൺമുമ്പിലിട്ടു ബലാൽസംഘം ചെയ്ത ശേഷം, കഴുത്തറുത്തു കൊന്നു (വെടിയുണ്ട ലാഭിക്കുവാൻ), അദ്ദേഹം സമനിലതെറ്റി പട്ടണത്തിൽ കറങ്ങിനടന്നു. പിഞ്ചു കുഞ്ഞുങ്ങളെ അമ്മമാരുടെ കയ്യിൽ നിന്നും പിടിച്ചു വാങ്ങി നിലത്തടിച്ചോ, മതിലിൽ എറിഞ്ഞോ കൊന്നു.

നാല്പത്തി അഞ്ചു വയസ് മാത്രം പ്രായമുണ്ടായിരുന്ന അബ്ദൽ മശിഹാ പാത്രിയർക്കീസിന് സഹിക്കാവുന്നതിനപ്പുറമായിരുന്നു ഈ വാർത്തകൾ. തുടർന്ന് അദ്ദേഹത്തിന് ഉറങ്ങുവാൻ സാധിക്കാതെ വന്നുവത്രെ. ഉറങ്ങുവാനുള്ള മരുന്നുകൾ ലഭ്യമല്ലാത്ത അക്കാലത്ത് വൈദ്യന്മാർ വിധിച്ചത് വീഞ്ഞ് കുടിക്കുവാനാണ്. അബ്ദൽ മശിഹാക്ക് ഭ്രാന്തായിരുന്നുവെന്നും, മദ്യപാനിയേയിരുന്നുവെന്നും സഭാ വഴക്കിനിടയിൽ പാത്രിയർക്കീസ് വിഭാഗം പറഞ്ഞു പരത്തിയതിന്റെ പശ്ചാത്തലം ഇതാണ്.

തുടർന്ന് 1903-ൽമർദീനിലെ പ്രാദേശിക ഭരണാധികാരികളിൽ നിന്നും ആരോ വിലക്ക് നേടി അബ്ദൽ മശിഹായെ സ്ഥാനഭ്രഷ്ടനാക്കി, (നവംബർ 10, 1903). 2012 ൽ തുറബ്ദീൻ സന്ദർശിച്ചപ്പോൾ അബ്ദൽ മശിഹായെ സിനഡ് കൂടി മുടക്കിയെന്ന വാർത്ത കളവാണെന്ന് സുറിയാനിക്കാരനായ ഒരു റമ്പാൻ ഈ ലേഖകനോട് നേരിട്ടു പറഞ്ഞു.

അധികാരികളുടെ വിലക്കിനെ തുടർന്ന് അബ്ദൽ മശിഹാ പല ദയറാകളിലും മാറി താമസിച്ചു. അദ്ദേഹത്തെ മിക്ക ദയറാകളും പാത്രിർക്കീസായി തന്നെ സ്വീകരിച്ചുവെന്നും, സ്ഥാനനഷ്ടത്തിനുശേഷം അദ്ദേഹം പട്ടം കൊടുത്ത ഒരു വൈദികനെ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് മേൽപട്ടക്കാരനാക്കിയെന്നും മേൽപ്പറഞ്ഞ റമ്പാച്ചൻ പറയുകയുണ്ടായി.

ദയറാകളിൽ മാറിമാറി താമസിക്കുന്നതിനിടയിൽ, നിസിബിസിനടുത്തുള്ള മാർ ഔഗേന്റെ ദയറായിലെത്തി. അവിടെ വച്ച് ഔഗേൻ റമ്പാനെ (പിന്നീട് ഔഗേൻ ബാവാ) പരിചയപ്പെട്ടു. ഇന്ത്യയിലേക്ക് പോകുവാനുള്ള നിർദ്ദേശം ഔഗേൻ റമ്പാന്റേതായിരുന്നുവെന്നാണ് വാർത്ത.

1912 ജൂൺ 5-ന് അബ്ദൽ മശിഹാ ബോംബെയിലെത്തി. തുടർന്നുള്ള സംഭവങ്ങൾ എല്ലാവർക്കും അറിവുള്ളവയാണ്. 1913 മാർച്ച് 3-ാം തീയതി തിരികെപ്പോയി, അർമ്മീനിയൻ കൂട്ടക്കൊലയുടെ മൂർദ്ധന്യാവസ്ഥയിലാണ് അദ്ദേഹം നാട്ടിലെത്തിയത്. കത്തോലിക്കരുടെ സ്ഥാപനങ്ങളിൽ ഉൾപ്പെടെ പലയിടത്തും താമസിച്ച ശേഷം മർദ്ദീനിലെ കുർക്കുമ ദയറായിലെത്തി 1915-ൽ കാലം ചെയ്തു.

അബ്ദൽ മശിഹായുടെ കബറിടം


2012 ഏപ്രിൽ തുറബ്ദീനിലെ മിക്ക സ്ഥലങ്ങളും സന്ദർശിച്ച കൂട്ടത്തിൽ, മർദീനിലെ കുർക്കുമ ദയറായിൽ ഈ ലേഖകൻ നാലു ദിവസം താമസിച്ചു. പ്രധാന ദേവാലയത്തിന്റെ പുറത്ത് വലത്തുവശത്തായിട്ടാണ് പാത്രിയർക്കീസന്മാരുടെ കബർമുറി (ബേസ്കാദീശെ), ചാപ്പൽപോലെയുള്ള മുറിയിൽ ഏഴുകബറുകളാണ് ഉള്ളത്. ഇരുവശത്തും മൂന്നു വീതവും, കിഴക്കേഭിത്തിയോടു ചേർന്ന് ഒരെണ്ണവും. കുഴികളിൽ അടക്കുന്ന രീതിയല്ല ഇവിടെ. ഭിത്തിയിൽ നിന്നും തള്ളി നിൽക്കുന്ന മൂന്നടിയിൽ കൂടുതൽ വീതിയുള്ള തുണുകൾക്കിടയിൽ മൃതദേഹം കസേരയിൽ ഇരുത്തി. തുറന്നവശവും മുകൾഭാഗവും കെട്ടിയടക്കുന്ന പതിവാണുള്ളത്. കബറുകൾ വീണ്ടും ഉപയോഗിക്കുന്ന രീതിയാണ് ഇവിടെയുള്ളത്. ഇടതുവശത്ത് ഭിത്തിയോടു ചേർന്നുള്ള ഒന്നാമത്തെ കബറാണ്. പ. അബ്ദൽ മശിഹായുടേത്. രണ്ടമത്തെ കബറിൽ 1969-ൽ കാലം ചെയ്ത പീലക്സീനോസ് ദൊലബാനിയേയും, വലത്തുവശത്ത് ഏറ്റവും കിഴക്കെയറ്റത്തെ കബറിൽ പത്രോസ് പാത്രിയർക്കീസിനെയും അടക്കിയിരിക്കുന്നു. അബ്ദൽ മശിഹായുടെ കബറിൽ പേര് എഴുതിയിട്ടില്ല. എന്നാൽ അത് അദ്ദേഹത്തിന്റെ കബർ ആണെന്ന് ഡോ. ജോർജ് കിറാസും, ദയറായിലെ റമ്പാനും സാക്ഷ്യപ്പെടുത്തി.

കുർക്കുമദയറായിൽ അടക്കപ്പെട്ട അവസാനത്തെ പാത്രിയർക്കീസ് പ. അബ്ദൽ മശിഹായാണ്. അബ്ദുള്ളാപാത്രിയർക്കീസിന്റെ കബറിടം യെരുശലേമിലും ഏലിയാസ് തൃതീയന്റേത് മഞ്ഞിനിക്കരയിലും, അപ്രേം പാത്രിയർക്കീസിന്റേത് സിറിയായിലെ ഹോംസിലുമാണ്. 1924-ൽ തുർക്കികൾ ഏലിയാസ് തൃതീയൻ പാത്രിയർക്കീസിനെ കുർക്കുമ ദയറായിൽ നിന്നും ഇറക്കിവിട്ടതിനുശേഷം, പാത്രിയർക്കീസന്മാർ അവിടെ ആസ്ഥാനമാക്കിയിട്ടില്ല.

സുറിയാനിക്കാർക്ക് കഴിഞ്ഞ നൂറു വർഷങ്ങൾക്കിടയിൽ സമാധാനമുണ്ടായിട്ടില്ല. നീതിമാനും പരിശുദ്ധനുമായ അബ്ദൽമശിഹായോട് കാണിക്കുന്ന അനാദരവ് ഇതിനുള്ള കാരണങ്ങളിൽ ഒന്നായിരിക്കണം. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ സിറിയായിൽ മൂന്നു തവണയും, ലെബനോനിൽ രണ്ടുതവണയും, തുർക്കിയിലെ തുറബ്ദീനിൽ ഒരു തവണയും സന്ദർശനം നടത്തുവാൻ എനിക്കിടയായി. സുറിയാനി സഭയുടെ കഴിഞ്ഞ നൂറുവർഷത്തെ ചരിത്രത്തെ സംബന്ധിച്ച പല വിവരങ്ങളും മനസ്സിലാക്കാനിടയായി. ആധുനിക കാലത്ത് സുറിയാനി സഭയിലെ മെത്രാന്മാർക്കിടയിലുണ്ടായ ഭിന്നതകളെപ്പറ്റിയും പല വിവരങ്ങളും നേരിട്ടു മനസ്സിലാക്കുവാൻ സാധിച്ചു. മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളുമായി സംസാരിക്കരുതെന്ന്, ഡമാസ്ക്കസിൽ തന്റെ ആസ്ഥാനത്തെ റമ്പാന്മാർക്ക് സാഖാ പ്രഥമൻ കർശനമായ നിർദ്ദേശം നൽകിയിരുന്നു. അവർക്കിടയിലെ ഭിന്നതകൾ മലങ്കര സഭാംഗങ്ങൾ മനസ്സിലാക്കാതിരിക്കാനായിരുന്നു ഇത്. ■

Breaking the Word

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ



ജ്ഞാനപ്പൊരുൾ

2014 ഓഗസ്റ്റ് 17
വാങ്ങിപ്പിനു ശേഷം ഒന്നാം ഞായർ
വി: ലൂക്കോസ് 6:39 – 45

പർവ്വത-താഴ്‌വര പ്രഭാഷണങ്ങളിലെ ഓരോ വാക്കും വാദ്യവും മുത്തുമണികൾ കോർത്തുവച്ചതുപോലെയാണ്. ഉറങ്ങുന്നവരെ ഉണർത്താനും ചിന്താശീലരാകാത്തവരെ സത്യാന്വേഷികളാക്കാനും, ധർമ്മിഷ്ഠരെ ഉറപ്പിക്കാനുമെല്ലാം അവ ഉതകുന്നു.

1. എക്കാലത്തെയും ഗുരുക്കന്മാരെയും നേതാക്കളെയും സ്പർശിക്കുന്നതാണ് നേത്ര ദർശനവിശേഷം. അവർക്ക് ആദർശ നിഷ്ഠയില്ലാതെയായാൽ, ആരെയും "വഴിക്കു നടത്താൻ അവർക്കു പ്രാപ്തിയുണ്ടാവില്ല. അവർ വെളിച്ചമില്ലാത്ത വിളക്കുപോലെയാണ്. "ബുദ്ധി"യില്ലാത്ത കന്യകമാരുടെ കൈവശം വിളക്കുണ്ട്. പക്ഷെ എണ്ണയുടെയും മറ്റും ദൗർലഭ്യം മൂലം അതിൽ വെളിച്ചമുണ്ടാകില്ല. വഴികാട്ടികൾ വഴിയറിയുന്നവരും ലക്ഷ്യബോധമുള്ളവരും, വഴി പറഞ്ഞുകൊടുക്കാൻ പ്രാപ്തിയുള്ളവരുമായിരിക്കണം. അല്ലെങ്കിൽ അവർ അവർക്കു തന്നെയും മറ്റുള്ളവർക്കും ഉപയോഗശൂന്യരായി ഭവിക്കും. തക്കവിധത്തിലുള്ള "ഒരുക്കം" ഇല്ലാത്തവർ നേതാക്കളും ഗുരുക്കളുമാകാൻ ചാടിപ്പുറപ്പെടരുത്. നേതൃസ്ഥാനം ആകർഷകമായിത്തോന്നുക സാധാരണമാണ്. പക്ഷെ നേതൃത്വഗുണവും ത്യാഗമനോഭാവവുമില്ലാത്തവർ അവിടെയൊക്കെ കയറിപ്പറ്റിയാൽ അത് അനുയായികളുടെ ദുർഗ്ഗതിയെന്നേ പറയേണ്ടൂ!

അച്ചടക്കം എന്നതിന് നാനാർത്ഥങ്ങളാണുള്ളത്. 'ഗുരുത്വ'മുള്ളവരാണ് ഗുരുക്കന്മാർ. ഗുരുവിനോട് കാട്ടുന്ന ആദരവുമായി ബന്ധപ്പെട്ടാണ് സാധാരണ ഈ പദം വിശദീകരിക്കപ്പെടുന്നതെങ്കിലും, ഗുരുവിനു ആവശ്യം ഉണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളാണ് മാന്യത, സ്വഭാവശുദ്ധി, മാതൃകാപരമായ പെരുമാറ്റങ്ങൾ, പക്വത, അന്വേഷണത്വര, ആഴമായ ജ്ഞാനം, ഈശ്വരകൃപ എന്നിവയെല്ലാം. ഇമ്മാതിരിയെല്ലാം ചേർന്നാൽ 'ഗുരു'ത്വമായി! അത്തരം ഗുരുക്കളെ ആദരിക്കുന്നവരും 'ഗുരുത്വ'ത്തിൽ പങ്കാളികളാകും.

മറ്റുള്ളവരെ വിധിക്കാൻ നമുക്കനുവാദമില്ല. നല്ല വിത്തിന്റെയും കളയുടെയും ഉപമയിൽ (മത്താ. 3:24-30) ശ്രദ്ധേയമായത് കളയെ "വിധി"ക്കാനും ബഹിഷ്ക്കരിക്കാനും നല്ല വിത്തിന് അവകാശമില്ല എന്നതാണ്. കളയെ യഥാസമയം വേർതിരിക്കാനുള്ള അധികാരാവകാശങ്ങൾ വീട്ടുടമയ്ക്കു മാത്രമുള്ളതാണ്. പരസ്പര "വിധി" പറയുന്നത് സാമാന്യമായി മനുഷ്യസഹജമാണ്; എങ്കിലും യാതൊരു മനുഷ്യനും കുറ്റവിമുക്തനല്ല. അതിനാൽ, "നിങ്ങളിൽ കുറ്റമില്ലാത്തവൻ ആദ്യം കല്ലെറിയട്ടെ" എന്ന കർത്തൃവചനം ശ്രദ്ധിക്കപ്പെടേണ്ടതാണ്. സകലരുടെയും കണ്ണിൽ കോലിരിക്കെ, അന്യനെ "ശരിയാക്കാൻ" ചാടി പുറപ്പെടുന്നത് അസ്ഥാനത്താണെന്നതു വ്യക്തം.

പ്രവൃത്തികളുടെ ശുദ്ധിയും, പ്രയോജനവും സംശുദ്ധമായ കാര്യനിർവ്വഹണവും നല്ല "ഫല"ങ്ങളായിക്കരുതപ്പെടുന്നു. ഏതു മനുഷ്യരുടെയും വിലയിരുത്തേണ്ടത് ആകാരഭംഗി, വാക്ചാതുര്യം, ധനസമ്പത്ത് ബന്ധുബലം, വിദ്യാസമ്പന്നത, പാണ്ഡിത്യം എന്നിവയാൽ മാത്രമല്ല. ഇവയിൽ പലതും സാമാന്യമായി ആകർഷകമാണെന്നതു വാസ്തവമാണ്. എങ്കിലും നല്ല "ഫലം" എന്നത് "പ്രഥമദർശന"ത്തിൽ ലഭ്യമാകുന്ന ഒന്നല്ല. നല്ല മനുഷ്യനെ അവരിൽ അന്തർലീനമായിരിക്കുന്ന നന്മകൊണ്ടും, വേണം അവരിൽ ഉറഞ്ഞുകൂടിയിരിക്കുന്ന തിന്മകൊണ്ടും തിരിച്ചറിയാൻ, അല്പം താമസം വന്നേക്കാം; എങ്കിലും അതാണ് വാസ്തവം. എങ്കിലും ചീത്തവൃക്ഷത്തിൽ നിന്നും നല്ല ഫലമുണ്ടാകുക എളുപ്പമല്ല. വന്യമൃഗത്തെ നല്ല കുപ്പായമണിയിച്ചാലും വലിയ വിശേഷമൊന്നും പ്രതീക്ഷിക്കേണ്ടല്ലോ.

2014 ഓഗസ്റ്റ് 24
വാങ്ങിപ്പിനു ശേഷം രണ്ടാം ഞായർ
വി: ലൂക്കോ. 11:9 – 20

ചോദിച്ചാൽ ലഭിക്കും എന്നത് കർത്താവിന്റെ നീങ്ങിപ്പോകാത്ത വാഗ്ദാനമാണ്. അപ്പോൾ എന്തു ചോദിച്ചാലും കിട്ടുമോ? ഒരു സംശയം കൂടാതെ പറയാം-ഇല്ല! "ചോദ്യ"ത്തിനും ചില ഗുണവിശേഷങ്ങൾ ഉണ്ടായിരിക്കണമെന്നു സാരം. പെന്തിക്കോസ്തിപ്പെരുന്നാളിലെ ആരാധനയിൽ, പരിശുദ്ധാത്മാവ് "ഇച്ഛിക്കുന്നതെല്ലാം പ്രവർത്തിക്കുന്നു, എന്നാൽ യോഗ്യമായി മാത്രം ഇച്ഛിക്കുന്നു" എന്നു കാണുന്നത് ഒരു പ്രധാന സൂചനയാണ്. തനിക്കു ഏറ്റം നല്ലത് എന്താണെന്ന് യാഥാർത്ഥമായി അറിയുന്ന മനുഷ്യൻ അധികം ചോദിക്കാൻ മുതിരുകയില്ല. മിക്കവാറും മനുഷ്യർക്ക്, സത്യത്തിൽ തങ്ങൾക്കു വേണ്ടതെന്താണെന്ന് അറിയാത്തവരാണ്. എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭിക്കുന്നില്ല എന്നത് കേവലം പരമാർത്ഥമാണ്. ചോദ്യകർത്താവിന് നല്ലതേതെന്ന് സ്വയമായി അറിവില്ലെങ്കിലും, അതറിയാവുന്നയാളാണു ദൈവം. എങ്കിലും നമ്മുടെ ആവശ്യങ്ങൾ മുന്നമേ അറിയുന്ന ദൈവം, നമുക്കു വേണ്ടിയിരിക്കുന്നത് നൽകുക തന്നെ ചെയ്യുമെന്നത് നിസ്സംശയമാണ്.

സ്വർഗ്ഗസ്ഥനായ പിതാവ് പരിശുദ്ധാത്മാവിനെ അധികമായി നൽകും എന്ന ഗംഭീരമായ വാഗ്ദാനം സാധാരണക്കാർക്ക് അത്ര ദഹിക്കുകയില്ല; കാരണം അവർക്കു വേണ്ടത് ലൗകിക വസ്തു

ക്കളോ സൗകര്യങ്ങളോ ഒക്കെയാണ്. ഭൗതീക വസ്തുക്കൾ താൽക്കാലികവും നൈമിഷകവുമാണ്. അവ നിലനിൽക്കുകയില്ല. എല്ലാ നല്ല ദാനങ്ങളും തരാൻ കഴിയുന്നവയാണ് പരിശുദ്ധാത്മാവ്.

യേശു ഊമയായ ഭൂതത്തെ പുറത്താക്കുന്നവരിൽ ചിലർ അവനോട് "ചോദിച്ചത്" ആകാശത്തുനിന്ന് ഒരടയാളം കാട്ടിക്കൊടുക്കാനായിരുന്നു. ആ ചോദ്യം അനുവദനീയമായിരുന്നില്ല എന്നതു മാത്രമല്ല, യേശു അതിനെ അപലപിക്കുകയും ചെയ്തു.

പലപ്പോഴും മനുഷ്യരുടെ അറിവുകൾ പൂർണ്ണമായിരിക്കണമെന്നില്ല. അജ്ഞരായ മനുഷ്യർ എല്ലാം അറിയിക്കാമെന്നു ഭാവിക്കുന്നതാണ് ഏറ്റവും വലിയ അജ്ഞത. നസ്രായനായ യേശു ഭൂതത്തെ പുറത്താക്കുന്നതുകണ്ട് അസൂയ പൂണ്ട യഹൂദ നേതാക്കൾ യേശുവിനെ "കൊമ്പാക്കി" ക്കാണിക്കാനാണ് ബേത്സബൂബിന്റെ കഥ പറയുന്നത്. ആഭിചാരം ചെയ്തു എന്നാണ് ആരോപണക്കാർ. ഒരു മനുഷ്യൻ ഭൂതബാധ നീങ്ങി സൗഖ്യം പ്രാപിക്കുന്നതു കണ്ടിട്ടും അത് അംഗീകരിക്കാൻ മടിക്കുന്നതു, മറ്റൊരു ഭൂതബാധയാണ്! മനഷ്യകുലം എന്ന കുടുംബത്തിൽ ചദ്രവാസന ഉണ്ടാക്കുന്ന രംഗമാണിത്. സൗഖ്യം കിട്ടിയവനോട് ഒരു സഹതാപമോ സന്തോഷമോ കാട്ടാതെ, അസൂയമൂലം സൗഖ്യദായകനെ പഴിക്കുകയാണ്.

ദൈവരാജ്യം വന്നരിക്കുന്നു എന്ന പ്രസ്താവന പരിശോധിക്കൻ ദൈവരാജ്യം സാർത്ഥകമാക്കുമ്പോൾ അവിടെ, ദൈവഭയം, നീതി, വിശുദ്ധി, പൈശാചിക ശക്തികളോടുള്ള എതിർപ്പ് എന്നിവയെല്ലാം ഉണ്ടായിരിക്കും. പിശാചിനെ ബന്ധിക്കുവൻ യേശുവിനു കവിയും. ആകാശത്തുനിന്ന് അടയാളം ചോദിക്കുന്നവർ, ഏതോ കൺകെട്ടു വിദ്യാക്കാരനോടെന്നപോലെയാണ് യേശുവിനോടു പെരുമാറുന്നത്.

കരുണാമയനായ ദൈവം, നമ്മുടെ ആവശ്യങ്ങളെയും ആകുലതകളെയും അറിയുന്നവനാണ്. ദൈവിഷ്ടം നടക്കാൻവേണ്ടിയാണ് നമ്മൾ പ്രാർത്ഥിക്കേണ്ടത്. കർത്താവേ! നിനക്കു മനസ്സുണ്ടെങ്കിൽ സൗഖ്യം തരാൻ കഴിയുമെന്നുള്ള കുഷ്ഠരോഗിയുടെ അഭ്യർത്ഥന മാതൃകാപരമാണ്. നമുക്ക് വേണ്ടതെന്താണെന്നറിയുന്ന ദൈവം നമ്മുടെ ആവശ്യങ്ങളിൽ സഹതപിക്കുന്ന വലിയ ദാതാവാണ്.

2014 ഓഗസ്റ്റ് 31

വാങ്ങിപ്പിനു ശേഷം മൂന്നാം ഞായർ

വി: മത്തായി 17:22-27

ത്യാഗമെന്ന സുകൃതം മനുഷ്യമനസ്സിൽ നൈസർഗ്ഗികമായുള്ളതാണോ? ഓരോ കാലത്തുമുള്ള സംഭവങ്ങളെ അപഗ്രഥിച്ചാൽ മറുപടി പലരീതിയിലായിരിക്കും. ഏതാനും ചിലർ ത്യാഗഭൂമിയിൽ സാമ്രാട്ടുകളായി എരിഞ്ഞടങ്ങുമ്പോൾ, അധികം പേരും, മറ്റുള്ളവരെക്കൊണ്ട് ത്യാഗമനുഷ്ഠിപ്പിക്കാൻ പ്രയാസപ്പെടുന്നവരായിട്ടാണ് കാണപ്പെടുന്നത്. പലർക്കും ത്യാഗം ലേശമെങ്കിലും ചെയ്താൽ ഉടൻ അതിന്റെ പ്രതിഫലം വേണം. പ്രതിഫലേച്ഛ കൂടാതെ ത്യാഗം ചെയ്യുന്നവരാണ് "ഉത്തമോത്തമർ".

തന്റെ മനുഷ്യാവതാര ദൗത്യത്തിന്റെ സുപ്രധാന ഉദ്ദേശ ലക്ഷ്യത്തെപ്പറ്റി യേശുവിന് നല്ല ബോദ്ധ്യമുണ്ടായിരുന്നു. രണ്ടു മൂന്നു പ്രാവശ്യം വ്യക്തമായി അതു തന്റെ "ഉപവാസി"കളായ ശിഷ്യന്മാരോടു പറഞ്ഞു. യഹൂദന്മാരോട് പരോക്ഷമായും. "ഈ മന്ദിരം പൊളിക്കുവിൻ; മൂന്നു ദിവസം കൊണ്ട് ഞാനതിനെ പണിയും" എന്നു പറഞ്ഞതിന്റെ സാരാംശവും അതു തന്നെ. എക്കാലത്തെയും പോലെ ഇത്തരം ഒരു മഹാത്യാഗത്തെപ്പറ്റി ശിഷ്യന്മാർക്കു വലിയ താല്പര്യം തോന്നിയില്ല. ഗുരുവിനോടുകൂടി സുഖമായി സഞ്ചരിക്കുക, താമസിക്കുക അതിനപ്പുറത്തേക്ക് അവരുടെ ശ്രദ്ധപോയതേയില്ല. അങ്ങനെ ക്രൂശീകരണത്തിന്റെ വേദനയും കൈയ്പും യേശു ഒറ്റയ്ക്ക് സ്വീകരിച്ചു.

"വാങ്ങിക്കുന്നതിനെക്കാൾ കൊടുക്കുന്നതു നല്ലത്" എന്നു കർത്താവു പറഞ്ഞെങ്കിലും വാങ്ങുന്നതിനാണ് നമ്മിൽ പലർക്കും താല്പര്യം. പ്രത്യേകിച്ചും നികുതി അടയ്ക്കാൻ താല്പര്യപ്പെടുന്നവർ ചുരുങ്ങും. നിവൃത്തിയില്ലാത്തതുകൊണ്ട് അടയ്ക്കുക അത്രമാത്രം. അത് ദേവാലയത്തിലേക്കായാലും, രാജ്യത്തിനായാലും "ദാനശീലം ശുഷ്ക്കമായിരിക്കുന്നതാണ് സാമാന്യ സ്ഥിതി. ദേവാലയത്തിൽ നിന്നും ഏർപ്പെടുത്തിയിരിക്കുന്ന നികുതി പിരിവാണ് 'ദ്വിദ്രമപണം'. രണ്ടുപേർക്ക് ഒരുമിച്ചു മാത്രമെ കൊടുക്കാൻ സാധിച്ചിരുന്നുള്ളു. കാരണം ദ്വിബ്രഹ്മ ലഭ്യമല്ലായിരുന്നതുകൊണ്ട് നികുതിയടയ്ക്കാൻ കൂട്ടുകാരൻ വേണ്ടിയിരുന്നു. അങ്ങനെയെങ്കിലും ഒരു കൂട്ടുകെട്ട്! "നിന്റെ സഹോദരൻ എവിടെ" എന്നതിന് ഇങ്ങനെയും ഒരു മറുപടി! പെസഹാ ഭക്ഷണത്തിലും ഇത്രം ഒരുമയുടെ പാഠം ലഭ്യമാണ്.

സാമാന്യമായി രാജകുടുംബാംഗങ്ങൾ നികുതി അടയ്ക്കേണ്ടതില്ല. അവർ നികുതി വാങ്ങുന്നവർ മാത്രം. എന്നാൽ ഇവിടെ ദേവകുമാരൻ, ചോദ്യം ചെയ്യാതെ, ഇടർച്ച വരുത്താനവസരമുണ്ടാക്കാതെ ദേവാലയ നികുതി അടയ്ക്കാൻ തുനിയുന്നത് അശുന്യകരം മാത്രമല്ല, മാതൃകാപരവുമാണ്. തർക്കത്തിനും വഴിക്കിനുമില്ല എന്നു സാരം. സ്വന്തം 'അവകാശം' അടിയറവച്ചുകൊണ്ടാണ് ഈ പ്രഖ്യാപനം. നികുതിയുടെ കഥ അവിടെ നിൽക്കട്ടെ., അന്യർക്ക് ഇടർച്ചയുണ്ടാകത്തക്ക വിധം പ്രകോപനമുണ്ടാക്കാത്ത "രാക്ഷസീയ" ഭാവമാണ്. അന്യരെ വേദനിപ്പിച്ച് ഗൂഢമായി സന്തോഷിക്കുന്നതും; ബാക്കിയുള്ളവർക്ക് എന്തു സംഭവിച്ചാലും എനിക്കുസുഖമായിക്കഴിയണം എന്ന "എളിയ ചിന്തയും വളരുന്ന നാശം നമ്മുടെ തലമുറയിലും വലുതായിക്കാണപ്പെടുന്നു.

കൈ നനയാതെ മീൻപിടിക്കാനും, മറ്റുള്ളവരെക്കൊണ്ടു പണിയെടുപ്പിച്ചിട്ട് "നോക്കുകൂലി" വസൂലാക്കാനും മടിക്കാത്തവർക്ക് ഇതാ ഒരു ഉപപാഠം: കർത്താവിനും ശിഷ്യനും നികുതിപ്പണം കണ്ടെത്താൻ അത്ഭുതപ്രവർത്തനമൊന്നുമില്ല. ശിഷ്യന്മാർ ജോലിചെയ്തേ മതിയാകൂ. അവർക്ക് പരിചിതമായ തൊഴിൽ മത്സ്യബന്ധനമാകയാൽ അങ്ങോട്ട് അവരെ പറഞ്ഞയയ്ക്കുന്നു. ചതുർബ്രഹ്മപ്പണം ഒരു മത്സ്യം കാത്തുവച്ചിരിക്കുന്നു. ശിഷ്യന്മാർക്ക് അദ്ധ്വാനത്തിനു കൂലിയുമായി!

2014 സെപ്റ്റംബർ 7

വാങ്ങിപ്പിനു ശേഷം നാലാം ഞായർ

വി: മത്തായി 5:38-48

"പ്രതികാരം യഹോവയ്ക്കുള്ളത്". എങ്കിലും പ്രതികാരം ചെയ്താണ് സാധാരണ മനുഷ്യർ സംതൃപ്തിയടയുന്നത്. ഇന്ന് ലോകത്ത് പല രാജ്യങ്ങളിലും ഒരു തരം യുദ്ധ സമാനമായ അന്തരീക്ഷമുണ്ട്. അതിലധികം സംഘട്ടനങ്ങൾക്കും കാരണം പ്രതികാരബുദ്ധിതന്നെ. (നീതിന്യായ വ്യവസ്ഥയിലെ പല വകുപ്പുകളും ഇപ്രകാരം വ്യാഖ്യാനിക്കപ്പെടുമോ എന്തോ!) പ്രതികാരബുദ്ധി നൈസർഗ്ഗികമായി തോന്നുന്നു; ക്ഷമാശീലം വിരളവും ദൈവീകവും. ക്ഷമ, ബലഹീനന്റെ ഭാവമാണെന്ന് വ്യാഖ്യാനിക്കപ്പെടും. എന്നാൽ ലോകരക്ഷകൻ നൽകുന്ന പാഠം മറ്റൊന്നാണ്. മഹാത്മാഗാന്ധി പഠിപ്പിച്ചിട്ടുള്ളത് "അഹിംസ" ശക്തനായവന്റെ അപ്രതിരോധ്യ ആയുധമാണെന്നാണ്. അധിനിവേശ ശക്തിക്കെതിരെ അദ്ദേഹം എടുത്തു പ്രയോഗിച്ച വജ്രായുധമാണിത്.

യേശുവിന്റെ ഉപദേശത്തിൽ പ്രധാനമായത് ദുഷ്ടനോടെതിർക്കരുതെന്നും, അവന്റെ തന്ത്രങ്ങൾ അനുകരിക്കരുതെന്നുമാണ്. ഈ ഉപദേശം സ്വാംശീകരിച്ചിരുന്നെങ്കിൽ ലോകത്ത് എന്നും സമാധാനം കളിയാടുമായിരുന്നു. ഈ കല്പനയുടെ പാലനത്തിലല്ല; ലംഘനത്തിലാണ് അധികം ക്രിസ്ത്യാനികളും വ്യാപൃതരായിരിക്കുന്നത്! ഭീഷണിയും ചീത്ത വാക്കുകളും ഇങ്ങോട്ടു കിട്ടിയാൽ പ്രതികരിക്കാത്തവനെ "ദുർബലൻ" എന്നാണ് ലോകം വിളിക്കുക. അല്ലാത്തവൻ വീരനും. എന്നാൽ "വീരതു പോരിമയുടെ ലക്ഷണമല്ല; വീരത്വമെന്നാൽ" മനുഷ്യത്വമെന്നു മാത്രമാണ് മൂലാർത്ഥം.

മഹാത്മാഗാന്ധി, മാർട്ടിൻലൂഥർ കിങ്ങ് (ജൂണിയർ), നെൽസൺ മണ്ടേല മുതലായവരെ വളരെ സ്വാധീനിച്ച "പർവ്വത പ്രസംഗ"മാണ് ഇന്നത്തെ വിഷയം. 'ശത്രുക്കളെ സ്നേഹിപ്പീൻ' എന്ന ശബ്ദം ഈ പ്രപഞ്ചത്തിൽ മുഴങ്ങിയത് യേശുക്രിസ്തുവിന്റെ നാവിൽ നിന്നാണ് . പ്രതി

അവാർഡ്




മാമ്മൻ മാത്യു
(മലയാള മനോരമ)

എം.ജി. ജോർജ്
മുത്തൂറ്റ്

മലയാള മനോരമ ചീഫ് എഡിറ്റർ മാമ്മൻ മാത്യുവിന് മാധ്യമ രംഗത്തെ വിശിഷ്ട സംഭാവനയ്ക്കും, മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ എം.ജി. ജോർജിന് (മലങ്കര ഓർത്തഡോക്സ് സഭ അൽമായ ട്രസ്റ്റി) വ്യവസായ രംഗത്തെ മികവിനും 2014-ലെ ഓൾ ഇൻഡ്യാ മാനേജ്മെന്റ് അവാർഡ് ലഭിച്ചു.

കാരം ചെയ്യാതെ നിശ്ശബ്ദമായിരുന്നതുകൊണ്ടും കഥ തീരുന്നില്ല; കാരണം ആ "മൗന"ത്തിലും അടങ്ങിയിരിക്കുന്ന പക ഉണ്ടായിരിക്കും അതിനു മറുമരുന്ന് ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുക എന്നതത്രെ. തന്നെ ആക്ഷേപിച്ച വർക്കുവേണ്ടി ദൈവനിയോഗപ്രകാരം ഇയ്യോബ് പ്രാർത്ഥിച്ചപ്പോൾ, ദൈവാനുഗ്രഹം രണ്ടു കൂട്ടർക്കും ലഭിച്ചു. ആക്ഷേപകർക്ക് ക്ഷമയും, ക്ഷമാശീലന് ഇരട്ടി ദൈവകൃപയും.

ലോകത്തിനു പരിചിതമായ വ്യക്തിബന്ധങ്ങൾക്കും വർത്തമാന രീതികൾക്കും അതീതമായ ഒരു ധാർമ്മികതയാണ് യേശു ആവശ്യപ്പെടുന്നത്. ഇത് അല്പം "കടന്നകൈ" ആണെന്നു തോന്നിയേക്കാം. എന്നാൽ ഈ സ്വഭാവം സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കൾക്കു സഹജമാണെന്നാണ് അവിടുന്നു നൽകുന്ന വിശദീകരണം. ■

ശുശ്രൂഷകനെ ആവശ്യമുണ്ട്

ബോംബെ ഭദ്രാസനത്തിൽ ഡോംബുവേലി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലേയ്ക്ക് ശുശ്രൂഷകനെ ആവശ്യമുണ്ട്. താമസ സൗകര്യം നൽകും.

ബന്ധപ്പെടുക:-

ട്രസ്റ്റി: 09833890603, സെക്രട്ടറി: 09920014438

പൗരോഹിത്യ സുവർണ്ണ ജൂബിലി



പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിലായ ഹരിപ്പാട് മുട്ടം ആഞ്ഞിലി വടക്കേടത്ത് ഫാ. എം. കെ. മത്തായി (80). തിരുവല്ല ചിറത്തലയ്ക്കൽ സി.വി. സാറാമ്മയാണ് സഹധർമ്മിണി.

മക്കൾ: കോശി മാത്യു (ഖത്തർ), മറിയാമ്മ വർഗീസ് (പള്ളിപ്പാട്), ജോർജ് മാത്യു (ഖത്തർ)

മരുമക്കൾ: ഷേർളി കോശി (ഏവൂർ) പരേതനായ എം.ജി. ഗീവർഗീസ് (പള്ളിപ്പാട്), സൂസൻ ജോർജ് (മാവേലിക്കര).

ബോംബെ, തിരുവനന്തപുരം, നിരണം, മാവേലിക്കര ഭദ്രാസനങ്ങളിലായി 33 വർഷം ഇടവക ശുശ്രൂഷ നിർവ്വഹിച്ചു.

ഓർമ്മ

റാന്നി:- ഗീവർഗ്ഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ 15-ാം ഓർമ്മ ജൂലൈ 23-ന് റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ നടത്തി.

കുർക്കുമാ:- അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 99-ാം ഓർമ്മ കുർക്കുമാ ദയറായിൽ.

മുളക്കുളം:- ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 23-ാം ഓർമ്മ ഓഗസ്റ്റ് 19-ന് മുളക്കുളം കർമ്മേൽ കുന്ന് ദയറായിൽ.

പാമ്പാടി:- മാത്യൂസ് മാർ ഈവാനിയോസ് (പാറേട്ട്) മെത്രാപ്പോലീത്തായുടെ 34-ാം ഓർമ്മ ഓഗസ്റ്റ് 31-ന് പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ.

മുളന്തുരുത്തി: യുയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 140-ാം ഓർമ്മ സെപ്റ്റം. 1-ന് മുളന്തുരുത്തി പള്ളിയിൽ.

ഗോവ: അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 91-ാം ഓർമ്മ. സെപ്റ്റം. 23-ന് പഞ്ചിം സെന്റ്. മേരീസ് പള്ളിയിൽ

ആലുവ: ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 17-ാം ഓർമ്മ സെപ്റ്റം. 28-ന് ആലുവ തൃക്കുന്നത്തു സെമിനാരിയിൽ.

Favours Received



മറിയാമ്മ ജോർജ്
തെക്കുംകര



ഒരു വിശ്വാസി
ഞാലിയാകുഴി



M.K.Saramma
Kottarakkara





Mariamma Peedikayil, Pathanapuram

പെണ്മ

ഡോ. സാറാമ്മ വർഗീസ്



ഒരു ദുഃഖ സങ്കീർത്തനം

ഇക്കഴിഞ്ഞ ഏപ്രിൽ പകുതിയോടെ നൈജീരിയയിലെ ഒരു സ്കൂളിൽ നിന്ന് ബൊക്കൊഹാരം എന്ന ഇസ്ലാമിക തീവ്രവാദി ഗ്രൂപ്പ് തട്ടിക്കൊണ്ടു പോയ ഇരുന്നൂറിലധികം പെൺകുട്ടികളെ അടിമകളാക്കി വില്ക്കുമെന്നും ഒൻപതു വയസ്സുള്ള പെൺകുട്ടിയെ കല്യാണം കഴിപ്പിച്ചു കൊടുക്കുമെന്നും ബൊക്കൊഹാരം തലവൻ ഒരു വീഡിയോയിൽ കൂടെ അറിയിച്ചു. ബൊക്കൊ ഹാരമിന്റെ ഈ തട്ടിക്കൊണ്ടു പോകൽ വളരെ ഭീകരമായ ഒന്നാണ്. മാസങ്ങളായിട്ടും ഇതുവരെ അവരെ മോചിപ്പിക്കാൻ നൈജീരിയൻ ഭരണകൂടത്തിന് സാധിച്ചിട്ടുമില്ല. ഈ പെൺകുട്ടികളോടും അവരുടെ അച്ഛനമ്മമാരോടും അവരനുഭവിക്കുന്ന വേദനയിൽ തോന്നുന്ന ദുഃഖവും സഹാനുഭൂതിയും ലോകമെങ്ങുമുള്ള മനുഷ്യത്വമുള്ള മനുഷ്യർ പ്രകടിപ്പിക്കുന്നുണ്ട്. അടിമത്തം, നിർബന്ധിച്ച് വിവാഹം കഴിപ്പിക്കൽ, കുട്ടികളോടുള്ള പീഢനം ഇവയെല്ലാം ശക്തമായി വിമർശിക്കപ്പെടുന്നുണ്ടെങ്കിലും ഇതിൽ ശക്തമായി ഇടപെടാനോ ഇവരെ രക്ഷിക്കാനോ സാധിച്ചിട്ടില്ല. ഇവരിൽ നിന്ന് രക്ഷപെട്ട ഒരു പെൺകുട്ടി പറഞ്ഞത് തട്ടികൊണ്ടു പോകലിന്റെ ഭയാനകമായ അനുഭവം കാരണം വീണ്ടും സ്ക്കൂളിൽ പോകാൻ ഭയമാണെന്നാണ്. രക്ഷപെട്ട സാറാലവാൻ എന്ന പത്തൊമ്പതുകാരി പറഞ്ഞത് ഇങ്ങനെ, "എന്റെ കൂട്ടുകാർക്ക് എന്നോടൊപ്പം ഓടിപ്പോരാൻ ധൈര്യം ഇല്ലായിരുന്നു. എന്നാൽ ഓരോ പ്രാവശ്യവും അവരുടെ മാതാപിതാക്കളെ കാണുമ്പോൾ ഞാൻ കരഞ്ഞു പോകും. അവർ എന്നെ നോക്കികരയുമ്പോൾ".

പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ നിർബന്ധിച്ചു വിവാഹം കഴിപ്പിക്കുന്നതിന് മതത്തിലോ, സംസ്ക്കാരത്തിലോ ഒരു ന്യായവും ഇല്ലെന്നും, ഇത് ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള പെൺകുട്ടികൾ സഹിക്കേണ്ടി വരുന്നു എന്നും ഇതിനെതിരെ പ്രതികരിക്കേണ്ടതാണെന്നും Rhiannon Lucy Cosslett ഹിന്ദു ദിനപത്രത്തിൽ എഴുതിയിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 10 മില്യൻ കുട്ടികളെ ഇതു ബാധിക്കുന്നുണ്ടെന്നാണ് Lucy Cosslett എഴുതിയത്. ചില രാജ്യങ്ങളിലെ അവസ്ഥയും പറയുന്നു. ഇറാക്കിൽ പെൺകുട്ടിക്ക് 9 വയസ്സാണ് പ്രായപൂർത്തിയായി കരുതുന്നതെന്നും, യമനിൽ പ്രായപൂർത്തിക്കായി പ്രത്യേക പ്രായം നിർദ്ദേശിച്ചിട്ടില്ലെന്നും, ലോകമെങ്ങുമുള്ള ബാലികാവധുക്കളിൽ 40 ശതമാനം ഇന്ത്യയിൽ നിന്നാണെന്നും അവർ കണക്കു നിരത്തുന്നു. (ദി ഹിന്ദു മെയ് 7, 2014).

താലിബാന്റെ ആക്രമണത്തിൽ നിന്നും രക്ഷപെട്ട് പാക്കിസ്ഥാനിലെ കൗമാരക്കാരുടെ വിദ്യാഭ്യാസ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന മലാല ഇതിനെപ്പറ്റി ശക്തമായി പ്രതികരിച്ചു. മതത്തെ തെറ്റായി ഉപയോഗിക്കുന്ന ബൊക്കൊഹാരത്തോട് ഇസ്ലാം മതത്തെപ്പറ്റിയും ഖുറാനെപ്പറ്റിയും ശരിയായി പഠിക്കാനാണ് മലാല പറഞ്ഞത്. ഈ പെൺകുട്ടികളെ സ്വന്തം സഹോദരിമാരായി കാണണമെന്നും എങ്ങനെയാണ് സ്വന്തം സഹോദരിമാരോട് ഇത്ര നീചമായി പെരുമാറാൻ കഴിയുന്നത് എന്നും പെൺകുട്ടികളെ അടിമകളാക്കി വില്ക്കും എന്നു പറഞ്ഞവരോടു ചോദിച്ചു. ബിബിസിയിൽ കൂടെ ലോകത്തോടു മുഴുവൻ ഇതെപ്പറ്റി നിശ്ശബ്ദരായിരിക്കരുതെന്ന് മലാല അഭ്യർത്ഥിച്ചു. ഇതെപ്പറ്റി നിശ്ശബ്ദത പാലിച്ചാൽ ഇത്തരം സംഭവങ്ങൾ ആവർത്തിച്ചു കൊണ്ടേയിരിക്കും എന്നാണ് പെൺകുട്ടികൾക്കുള്ള വിദ്യാഭ്യാസത്തിനുവേണ്ടി ശബ്ദമുയർത്തി വാദിക്കുന്ന മലാല പറഞ്ഞത്.

സാധാരണക്കാരായ നൈജീരിയക്കാരും സാമൂഹ്യ പ്രവർത്തകരും കുട്ടികൾക്കു വേണ്ടി കരയുന്ന സ്ത്രീകൾക്കൊപ്പം പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്തു. സോഷ്യൽ മീഡിയയിൽ കൂടെയും ഇതിനെതിരെ ശബ്ദമുയർത്തുന്നു. "ഞങ്ങളുടെ പെൺകുട്ടികളെ തിരികെ കൊണ്ടു വരിക" എന്ന പ്ലാക്കാർഡുമായി അബുജയി ലുള്ള നാഷണൽ അസംബ്ലിയിലേക്ക് അവർ പ്രകടനം നയിച്ചു. 2000 നയാരയ്ക്ക് ഓരോ പെൺകുട്ടിയെയും വില്ക്കുന്നതായി Borno-Yobe Peoples Forum അറിയിച്ചതായി പെൺകുട്ടികളുടെ മാതാപിതാക്കൾ പറഞ്ഞു. കാമറൂണുമായി നൈജിരിയയെ വേർതിരിക്കുന്ന സാംബിസ കാടിന്റെയടുത്തുള്ള ഗ്രാമങ്ങളിൽ കൂട്ടമായി കല്യാണങ്ങൾ നടക്കുന്നതായിട്ടാണ് മാതാപിതാക്കൾക്ക് കിട്ടിയ അറിവ്.

ഇന്ത്യയിലെ ഗ്രാമങ്ങളിൽ ഇപ്പോഴും പെൺകുട്ടികളെ പ്രായപൂർത്തിയാകുന്നതിനു മുമ്പുതന്നെ വിവാഹം കഴിപ്പിച്ചയക്കുന്നുണ്ട്. ജ്ഞാനപീഠ പുരസ്ക്കാരം ലഭിച്ച ബംഗാളി എഴുത്തുകാരി ആശാ പൂർണ്ണാ ദേവിയുടെ നോവലുകളായ പ്രഥമ പ്രതിശ്രുതി, സുവർണ്ണ ലത, ബകുളിന്റെ കഥ, ഇവയിൽ ഇന്ത്യയിലെ സ്ത്രീകളുടെ സഹനങ്ങളെപ്പറ്റി വിവരിച്ചിരിക്കുന്നു. പ്രഥമ പ്രതിശ്രുതിയിലെ നായികയായ സത്യവതിയുടെ ഏകപുത്രിയായ സുവർണ്ണ ലതയെ ചെറുപ്രായത്തിൽ തന്നെ വിവാഹം കഴിപ്പിച്ചു . അക്കാലത്തെ പഴഞ്ചൻ ചിന്താഗതികളെയും അർത്ഥശൂന്യമായ ആചാരങ്ങളെയും എല്ലാം സുവർണ്ണ ലത ചെറുക്കുന്നു.

പ്രശസ്ത എഴുത്തുകാരിയായ അഷിതയുമായുള്ള ഒരഭിമുഖം വനിത ജൂലൈ ലക്കത്തിൽ പ്രസിദ്ധീകരി



ച്ചിരുന്നു. ചെറിയ പെൺകുട്ടി ആയിരുന്നപ്പോൾ സ്നേഹം കണ്ടാൽ പൂച്ചക്കുട്ടിയെപ്പോലെ ചെന്നുരുമ്മി നില്ക്കുന്ന ഒരു മനസ്സുണ്ടായിരുന്നു എന്ന് അഷിത സ്മരിക്കുന്നു. എന്നാൽ നിർഭാഗ്യവശാൽ അമ്മയിൽ നിന്നും വേണ്ടത്ര സ്നേഹം കിട്ടിയില്ല എന്നും പിന്നീട് ആദ്ധ്യാത്മിക ഗുരുവിനെ കണ്ടെത്തിയ ശേഷമാണ് ഗുരുവിന്റെ ശിക്ഷണ ത്തിൽ ജീവിതത്തിന്റെ മുഖ്യധർമ്മമെന്താണെന്ന് സ്വയം തിരിച്ചറിഞ്ഞ തെന്നും 99 ശതമാനം പേരുടെ ജീവിതത്തിലും ആ തിരിച്ചറിവു ണ്ടാകുന്നില്ലെന്നും പറയുന്നു. വിഘടിച്ചു നിൽക്കുന്ന മനസ്സിന്റെ അംശങ്ങ ളെല്ലാം ഒന്നായി ചേർന്ന് "ടോട്ടൽ ഇന്റഗ്രേഷൻ" വന്നത് ആദ്ധ്യാത്മികതയിൽ കൂടെയാണ് എന്നാണ് അഷിത പറയുന്നത്. നമ്മുടെ ജീവിതത്തിലും കൗമാരക്കാരെ മനസ്സിലാക്കാനും സ്നേഹിക്കാനും കഴിയുന്നു ണ്ടോയെന്ന് അമ്മമാർ ഉള്ളിലേക്ക് തിരിഞ്ഞു നോക്കണം. പരസ്പര ബന്ധം ആഴമുള്ളതാക്കാൻ അത്തരം തിരിഞ്ഞു നോട്ടം സഹായിക്കും.

സ്വന്തമായി ഒരു ശരീരവും മനസ്സും സ്ത്രീക്കുണ്ടെന്നും അവൾക്കും അവളുടേതായ ഒരഭിപ്രായം ഉണ്ടെന്നും സമൂഹത്തെ ബോധ്യപ്പെടുത്താനാണ് 1980 കളിൽ തുടങ്ങി സ്ത്രീവാദികൾ ശക്തമായി ശ്രമിച്ചത്. പാശ്ചാത്യ വനിതകളുടെ കാഴ്ചപ്പാടും പൗരസ്ത്യ വനിതകളുടെ കാഴ്ച പ്പാടും പല കാര്യങ്ങളിലും വ്യത്യസ്ഥമാണെങ്കിലും സ്ത്രീയുടെ ശബ്ദം കേൾക്കപ്പെടേണ്ടതാണെന്ന് ഇരുകൂട്ടരും വിശ്വസിക്കുന്നു. വിദ്യാഭ്യാസം കൊണ്ട് ശക്തരാകുവാനും സമൂഹത്തിൽ ഇടം കണ്ടെത്തുവാനും സ്വന്തം ശബ്ദം കേൾപ്പിക്കുവാനും ലോകമെമ്പാടുമുള്ള സ്ത്രീകൾ ഇനിയും എത്രയോ കാതം മുന്നോട്ടു പോകേണ്ടതുണ്ട്. മതങ്ങളും സഭകളും ഇക്കാര്യത്തിൽ സ്ത്രീയെ സഹായിക്കയും ശക്തിപ്പെടുത്തുകയുമാണ് വേണ്ടത്. ■

28th Death Anniversary of

OOMMEN SIMON

MANNAKUNNEL THAZHATHU VEEDU,
PATHANAMTHITTA P.O.

ON 07 AUGUST 2014




"Safe in the arms of Lord Jesus Christ"

Inserted by
Sorrowing Family

IST Death Anniversary
07th AUGUST 2014

10-04-1940



07-08-2013

In Loving Memory of

Our Pappa

(John Tharakan K. G.)


Kalapurackal, Ashiwarya Garden,
Villa No. 18

Kuttur, Thrissur-680013

By Sorrowing Family

St.Gregorios Orthodox Syrian Church

MGM Centre, Dighi, Pune - 15.



St.Gregorios of Parumala



രജത ജൂബിലി ആഘോഷം

August 21-24, 2014

2014 ഓഗസ്റ്റ് 21, 22, 23, 24




Mar Gregorios of Pampady

1951-ൽ പൂനായിൽ രൂപം കൊണ്ട ഓർത്തഡോക്സ് കോൺഗ്രിഗേഷൻ ഇന്ന് പൂനെയിൽ 8 ഇടവകകളായി പടർന്ന് പന്തലിച്ചിരിയ്ക്കുന്നു. (1973) ൽ പ്രഖ്യാപിക്കപ്പെട്ട പൂനെ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽപ്പെട്ട 'വിശ്രാന്തവാഡി'യിലുള്ള ഏതാനും അംഗങ്ങൾ ചേർന്ന് 1980-ൽ ഭാഗ്യസ്മരണാർഹനായ പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമധേയത്തിൽ എം.ജി.എം. സെന്റർ ആരംഭിച്ചു.

1988 ഓഗസ്റ്റ് 1 -ന് ബോംബെ ഭദ്രാസനാധിപൻ അഭി. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി സെ. ഗ്രീഗോറിയോസ് ചാപ്പലായി പ്രഖ്യാപിച്ചു. തുടർന്ന് 1991-ൽ എം.ജി.എം. ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ആരംഭിച്ചു. ഇപ്പോൾ K.G. ക്ലാസ്സു മുതൽ 10 വരെ 560 കുട്ടികൾ പഠിക്കുന്നു. എല്ലാ ബാച്ചും 100% റിസൽട്ട് കരസ്ഥമാക്കി. 24 ഇടവക അംഗങ്ങളുമായി ആരംഭിച്ച ഇടവക ഇപ്പോൾ 75 ഇടവക അംഗങ്ങളായി നിലകൊള്ളുന്നു.

പൂനെ എയർപോർട്ടിൽ നിന്നും മുന്നര കിലോ മീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന ഈ ദേവാലയം ആദ്ധ്യാത്മിക നിറവിൽ 25 വർഷം പിന്നിടുമ്പോൾ മുൻ വികാരിമാരെയും സ്ഥാപക അംഗങ്ങളേയും നന്ദിയോടെ സ്മരിക്കുന്നു. പരിശുദ്ധ പരുമല തിരുമേനിയുടെയും, പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും പ്രാർത്ഥനയിൽ ശരണപ്പെടുന്നു.



H.H. Baselios Marthoma Paulose II

പ്രോഗ്രാം

ഓഗസ്റ്റ് 21, 22-കൺവൻഷൻ (ഫാ. ജോജി കെ. ജോയി, അടൂർ)

ഓഗസ്റ്റ് 23-4 pm -ന് ദീപശിഖാ പ്രയാണം (പൂനാ സെ. മേരീസ് പള്ളിയിൽ നിന്നും; 6 pm -സ്വീകരണം; 6.30 pm -പൊതുസമ്മേളനം (M.G.M. Charitable Dispensary Inauguration), സ്നേഹ വിരുന്ന്

ഓഗസ്റ്റ് 24-7.30 am -പ്രഭാത നമസ്ക്കാരം;
8.30 am -ന് സമൂഹബലി (Concelebration of Holy Qurbana) Chief Celebrant : H.G. Geevarghese Mar Coorilos
10.30 am -ന് ആശിർവാദം.



H.G. Geevarghese Mar Coorilos



Vicar
Fr.Thomas Myalil
Mob: +917709867706



Website : www.mgmcentre.com
E-mail : stgregorios.oscdighi@gmail.com
Tel.No. : +91 20 3294 8999

With Best Compliments from **Mrs.CHINNAMMA JOHN & FAMILY**
Tingre Nagar, Vishrantwadi, Pune - 15.

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക മസ്ക്കറ്റ്



"തണൽ"



പ്രതീക്ഷയുടെ കിരണങ്ങൾ പദ്ധതി 2014 – 2015

LET US HELP KIDNEY PATIENTS

മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന 'തണൽ' (Rays of Hope) പദ്ധതിയിലൂടെ മലങ്കര ഓർത്തഡോക്സ് സഭയിലെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വൃക്ക രോഗികൾക്ക് (Dialysis, kidney transplant, etc.) സഹായം നൽകപ്പെടുന്നു.

സഭയിലെ എല്ലാ ഭദ്രാസനങ്ങളിലും ഉൾപ്പെട്ട വൃക്ക രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇതര സമുദായാംഗങ്ങൾക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ 2014 നവംബർ 30- ന് മുമ്പ് താഴെ കാണുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

നിബന്ധനകൾ

- അപേക്ഷകർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (ഓർത്തഡോക്സ് സഭാ വിശ്വാസികൾക്ക് മുൻഗണന) വരായിരിക്കണം.
- അപേക്ഷയോടൊപ്പം ഇടവക വികാരിയുടെയും / ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശക്കത്തുകൾ ഉണ്ടായിരിക്കണം.
- ഇതര സമുദായാംഗങ്ങൾ അടുത്തുള്ള ഓർത്തഡോക്സ് പള്ളി വികാരിയുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം വയ്ക്കണം.
- രോഗിയുടെ രോഗാവസ്ഥ തെളിയിക്കുന്ന രേഖകൾ (eg. Scan, blood report) ചികിത്സിക്കുന്ന സാക്ഷ്യപത്രം അല്ലെങ്കിൽ hospital report എന്നിവ അയച്ചു തരണം.
- അപേക്ഷകന്റെ (രോഗിയുടെ) ഒരു ഫോട്ടോഗ്രാഫ്, തിരിച്ചറിയൽ കാർഡ്
- സാമ്പത്തിക പിന്നോക്കാവസ്ഥ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (റേഷൻകാർഡ് കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് ഡീറ്റയിൽസ് വിശദമായി കാണിച്ചിരിക്കണം
- M.G.O.M.E മസ്ക്കറ്റ് 'തണൽ' Rays of Hope സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും

അയയ്ക്കേണ്ട വിലാസം



The Vicar
Mar Gregorios Orthodox Maha Edavaka
P.B. No. 984, P.C. 100
Muscat, Sultanate of Oman

Ph: 00968 24702606, Mob. 00968 99453470

BIBLE QUIZ

Bible Questions Answered

ഫാ. ഗീവർഗ്ഗീസ് മേക്കാട്ട്

മർത്തമറിയം വനിതാ സമാജം 2014-ലെ കേന്ദ്ര പരീക്ഷയ്ക്കുള്ള പഠന വേദി

വി. യാക്കോബ് ശ്ലീഹായുടെ ലേഖനം

ചോദ്യങ്ങൾ


1. യാക്കോബ് ശ്ലീഹാ സ്വയം വിശേഷിപ്പിച്ചത് എങ്ങനെ?
2. 'നാം കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിനു' എന്തു ചെയ്യണം?
3. കടൽ തിരയ്ക്ക് സമൻ ആര്?
4. തന്റെ വഴികളിൽ അസ്ഥിരൻ ആര്?
5. തന്നെ സ്നേഹിക്കുന്നവർക്ക് കർത്താവ് വാഗ്ദാനം ചെയ്തത് എന്ത്?
6. പരീക്ഷിക്കപ്പെടുന്നത് എപ്പോൾ?
7. ദൈവ നീതി പ്രവർത്തിക്കാൻ തടസ്സം നിൽക്കുന്നത് എന്ത്?
8. അത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളത് എന്ത്?
9. വചനം പ്രവർത്തിക്കാതെ കേൾക്കുക മാത്രം ചെയ്താൽ എന്തു സംഭവിക്കും?
10. ഏതു രീതിയിലുള്ള ഭക്തിയാണ് വ്യർത്ഥമായി കണക്കാക്കുന്നത്?
11. ഭക്തിയെപ്പറ്റിയുള്ള രണ്ടു വിശേഷണങ്ങൾ ഏതൊക്കെ?
12. യേശുക്രിസ്തുവിൻ വിശ്വസിക്കുന്നവർ ചെയ്യരുത് എന്ന് പറഞ്ഞിരിക്കുന്ന ഒരു പ്രവൃത്തി?
13. 'കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം' എന്ന തിരുവെഴുത്തിന്റെ വിശേഷണം എന്ത്?
14. എന്തിലാണ് പിശാചുകൾ വിറയ്ക്കുകയും വിശ്വസിക്കുകയും ചെയ്യുന്നത്?
15. മനുഷ്യൻ നീതീകരിക്കപ്പെടുന്നത് എങ്ങനെ?
16. പ്രവൃത്തിയില്ലാത്ത വിശ്വാസത്തെ എന്തുമായി താരതമ്യം ചെയ്തിരിക്കുന്നു?
17. സൽഗുണപൂർണ്ണനായ പുരുഷൻ ആര്?
18. മരണകരമയ വിഷം നിറഞ്ഞ അവയവം ഏത്?
19. ജ്ഞാനത്തിന്റെ ലക്ഷണം എന്ത്?
20. നീതി എന്ന ഫലം കൊയ്യുന്നത് ആര്?
21. ദൈവത്തോടുള്ള ശത്രുത്വം എന്ത്?
22. നിഗളികളോടു ദൈവം എന്തു ചെയ്യും?
23. 'ഹൃദയങ്ങളെ ശുദ്ധീകരിപ്പീൻ' ഈ ആഹ്വാനം ആരോടുള്ളതാണ്?
24. 'സഹോദരനെ ദുഷിപ്പിക്കുന്നവൻ' എന്തിനെയാണ് ദുഷിക്കുന്നത്.
25. മനുഷ്യജീവനെ ഉപമിച്ചിരിക്കുന്നത് എന്തിനോടാണ്?
26. ധനവാന്മാരോട് എന്തിനെച്ചൊല്ലി കരഞ്ഞു വിലപിക്കണം?
27. ധനവാൻന്മാർക്കെതിരെ സാക്ഷിയാകുന്നവ എന്തെല്ലാം ?
28. ദീർഘക്ഷമയോടെ ഇരിപ്പാൻ പറഞ്ഞിരിക്കുന്ന കാലഘട്ടം ഏതുവരെ?
29. ഭാഗ്യവാന്മാർ എന്ന ഗണത്തിൽ പുകഴ്ത്തിയത് ആരെ?
30. സഹിഷ്ണുതയ്ക്ക് ദൃഷ്ടാന്തമായി ഉദ്ധരിച്ചിരിക്കുന്ന പഴയനിയമ കഥാപാത്രം?
31. പാട്ടുപാടുവാൻ ആവശ്യപ്പെട്ടിരിക്കുന്നവർ ആര്?
32. പ്രാർത്ഥനയിൽ സമസ്വഭാവമുള്ളതായി പറഞ്ഞിരിക്കുന്ന പഴയനിയമവ്യക്തി?

വി.പത്രോസ് ശ്ലീഹായുടെ ഒന്നാംലേഖനം

ചോദ്യങ്ങൾ

1. പത്രോസ് ശ്ലീഹാ ദൈവത്തെ വിശേഷിപ്പിച്ചിരിക്കുന്നത് എങ്ങനെ?
2. ദൈവം മനുഷ്യനെ പുനഃസൃഷ്ടിച്ചത് എങ്ങനെ?
3. ദൈവജനത്തിനു ലഭിക്കാവുന്ന അവകാശത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
4. നമുക്ക് രക്ഷ വെളിപ്പെടുന്നത് എപ്പോൾ?
5. അഴിഞ്ഞുപോകുന്നതും തീയിൽ ശോധനകഴിക്കുന്നതുമായ പൊന്നിനേക്കാൾ വിലയേറിയത് എന്ത്?
6. എന്തിനെയാണ് വിശ്വാസത്തിന്റെ അന്തമായി കണക്കാക്കുന്നത്?
7. സ്വർഗ്ഗത്തിൽ നിന്ന് അയച്ച് പരിശുദ്ധാത്മാവിനാൽ പ്രവാചകന്മാർ അറിയിച്ചത് എന്താണ്?
8. നമുക്കു വരുവാനുള്ള കൃപയുടെ പൂർത്തീകരണം എപ്പോൾ?
9. കൃപ ലഭിപ്പാനുള്ള ഒരുക്കങ്ങളിൽ പ്രധാനം ഏത്?
10. നമ്മെ വിളിച്ചു വിശുദ്ധികരിച്ച ദൈവത്തെ എങ്ങനെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്?
11. 'എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ' ഈ ആഹ്വാനം എങ്ങനെ നടപ്പാക്കാം?
12. ക്രിസ്തു എന്ന കുഞ്ഞാടിൻ രക്തത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
13. നിർവ്യാജമായ സഹോദരപ്രതീക്കായി എന്തിനെയാണ് നിർമ്മലീകരിക്കേണ്ടത്?
14. ദൈവവചനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
15. "പുല്ലുപോലെയും അതിന്റെ പൂപോലെയും" -എന്തിനെയൊക്കെയാണ് ഇങ്ങനെ ഉപമിച്ചിരിക്കുന്നത്?
16. എന്തൊക്കെയാണ് രക്ഷയ്ക്കായിട്ടുള്ള വളർച്ചക്കു വേണ്ടി ഉപേക്ഷിക്കേണ്ടത്?
17. എന്തിനെയാണ് ആത്മീയഗൃഹമായി ഉപമിച്ചിരിക്കുന്നത് ?
18. 'വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു തന്നെ മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്കൽ പാറയുമായി തീർന്നു'. ആർക്ക്?

19. വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻതക്ക വണ്ണം ഏതെല്ലാം രീതിയിലാണ് അവകാശങ്ങൾ നൽകിയിരിക്കുന്നത്?
20. ആത്മാവിനോട് പോരാടുന്നത് എന്ത്?
21. 'ആവരുടെ ഇടയിൽ നിങ്ങളുടെ നടപ്പുനന്നായിരിക്കണം'. ആരുടെയിടയിൽ?
22. എന്തിനെയാണ് കർത്താവിനെ പ്രതി കീഴടങ്ങേണ്ടത്?
23. ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം എങ്ങനെ ദൂരീകരിക്കാം?
24. വേലക്കാർ കീഴടങ്ങേണ്ടത് ആരുടെയൊക്കെ മുമ്പിൽ?
25. ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം പ്രസാദം ലഭിക്കുന്നത് എപ്പോൾ?
26. ക്രിസ്തു നൽകിയ മാതൃക എന്തിനുവേണ്ടി?
27. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് ക്രിസ്തു എന്തു ചെയ്തു?
28. വഴിതെറ്റി ഉഴലുന്ന ആടുകളായ നാം മടങ്ങി വന്നത് എവിടേക്ക്?
29. വചനം, അനുസരിക്കാത്ത ഭർത്താക്കന്മാർ ദൈവത്തോടു ചേർന്നു വരേണ്ടത് എങ്ങനെ?
30. സ്ത്രീകൾക്കു പുറമേയുള്ള അലങ്കാരങ്ങൾ എന്തൊക്കെ?
31. ഹൃദയത്തിന്റെ അക്ഷയഭൂഷണം എന്തെല്ലാം?
32. ദൈവത്തിൻ പ്രത്യാശ വെച്ചിരുന്ന സ്ത്രീകൾ ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത്?
33. പ്രാർത്ഥനക്കു മുടക്കം വരാതിരിക്കേണ്ടതിന് ഭാര്യമാരോടുകൂടി എങ്ങനെ വസിക്കണം?
34. അനുഗ്രഹം അനുഭവിക്കുന്നതിന് എന്തുചെയ്യണം?
35. ആരുടെ മേൽ ആണ് കർത്താവിന്റെ കണ്ണ് തുറന്നിരിക്കുന്നത്?
36. പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്നവരോട് എങ്ങനെ പെരുമാറണം?
37. തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ച പഴയനിയമ കാലവും സമയവും ഏതൊക്കെ?
38. വെള്ളത്തിൽകൂടി രക്ഷപ്രാപിച്ചവർ എത്ര പേർ? ഈ സംഭവം എന്തിന്റെ സൂചനയാണ്?
39. ദൈവത്തിന്റെ നല്ല മനഃസാക്ഷിക്കായുള്ള അപേക്ഷ എന്ത്?
40. അതിഥി സത്ക്കാരം എങ്ങനെ ആയിരിക്കണം?
41. പ്രസംഗിക്കുന്നത് എങ്ങനെ ആയിരിക്കണം?
42. ശുശ്രൂഷ എങ്ങനെ ആയിരിക്കണം?
43. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും എന്തു ചെയ്യണം?
44. ന്യായവിധി ആരംഭിക്കുന്നതെവിടെ നിന്ന്?
45. നിർബന്ധത്താലോ ദുരാഗ്രഹത്തോടെയോ ചെയ്യരുതാത്ത കർമ്മം ഏത്?
46. ആട്ടിൻ കൂട്ടത്തിനു മാതൃകളായി തീരേണ്ടത് ആര്?
47. തേജസിന്റെ വാടാത്തകിരീടം പ്രാപിക്കുന്നത് എപ്പോൾ?
48. താഴ്മ ധരിക്കേണ്ടത് എങ്ങനെ?
49. ആരോടാണ് ദൈവം എതിർത്തു നിൽക്കുന്നത്?
50. പിശാചിനോട് എതിർത്തു നിൽക്കേണ്ടത് എങ്ങനെയാണ്?
51. ക്രിസ്തുവിനാൽ നമ്മെ പിതാവായ ദൈവം എന്തിനുവേണ്ടി വിളിച്ചിരിക്കുന്നു?
52. നാം നില നിൽക്കുന്നത് എന്തിൽ?



ഉത്തരങ്ങൾ

വി. യാക്കോബ് ശ്ലീഹായുടെ ലേഖനം

1. ദൈവത്തിന്റെയും കർത്താവായ യേശുക്രിസ്തുവിന്റെയും ദാസൻ (1:1); 2. സ്ഥിരതക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകണം (1:4); 3. സംശയിക്കുന്നവർ (1.6); 4. ഇരു മനസ്സുള്ള മനുഷ്യൻ (1:8); 5. ജീവകിരീടം (1:12); 6. സ്വന്തം മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുമ്പോൾ (1:14); 7. മനുഷ്യകോപം (1:20); 8. ദൈവവചനം (1:21) 9. സ്വയം ചതിക്കുന്നവരാകും (1:22); 10. നാവിനു കടിഞ്ഞാണിടാതെ ഭക്തൻ എന്ന് നിരൂപിക്കുന്നത് (1:26); 11. ശുദ്ധം, നിർമ്മലം (1:27); 12. മുഖപക്ഷം (2:1); 13. രാജകീയ ന്യായപ്രമാണം (2:8); 14. ദൈവം ഏകൻ എന്ന വിശ്വാസത്തിൽ (2:19); 15. പ്രവൃത്തികളാൽ (2.24) 16. ആത്മാവില്ലാതെ ശരീരവുമായി (2:26); 17. വാക്കിൽ തെറ്റാതിരിക്കുന്നവൻ (3:2); 18. നാവ് (3:8); 19. സൗമ്യതയുള്ള നല്ല നടപ്പ് (3:13); 20. സമാധാനം ഉണ്ടാകുന്നവർ (3:18); 21. ലോക സ്നേഹം (4:4); 22. എതിർത്തു നിൽക്കും (4:6); 23. ഇരു മനസ്സുള്ളവരോട് (4:8); 24. ന്യായപ്രമാണത്തെ (4:11); 25. പെട്ടെന്ന്മാഞ്ഞുപോകുന്ന ആവിയോട് (4.14); 26. അവർക്കു വരുന്ന ദുരിതമോർത്ത് (5:1); 27. വെള്ളിയുടെയും പൊന്നിന്റെയും കറ (5:3); 28. കർത്താവിന്റെ പ്രത്യക്ഷതവരെ (5:7); 29. സഹിഷ്ണത കാണിച്ചവരെ (5:11); 30. ഇയ്യോബ് (5:11); 31. സുഖമനുഭവിക്കുന്നവർ (5:13); 32. ഏലിയാവ് (5:17)

വി.പത്രോസ് ശ്ലീഹായുടെ ഒന്നാംലേഖനം

1. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം (1:3); 2. മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ (1:5); 3. സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഏൽക്കാത്തതുമായ അവകാശം (1:4-5); 4. അന്ത്യകാലത്തിൽ (1:4); 5. വിശ്വാസത്തിന്റെ പരിശോധന(1:7); 6. ആത്മരക്ഷയെ (1:9); 7. വരുവാനിരിക്കുന്ന കൃപയെക്കുറിച്ച് (1.10,12); 8. യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ (1:13); 9. പൂർണ്ണപ്രത്യാശ (1:13); 10. വിശുദ്ധൻ (1:15); 11. നമ്മേ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണയുള്ള മക്കളായി ജീവിച്ച് (1:15); 12. നിർദോഷവും നിഷ്കളങ്കവുമായ വിലയേറിയ രക്തം (1:19) 13. ആത്മാക്കളെ (1:22); 14. ജീവനുള്ളതും നിലനില്ക്കുന്നതും (1:23) 15. സകലജഡത്തെയും അതിന്റെ ഭംഗിയേയും (1.24); 16. ദുഷ്ടത, ചതിവ്, വ്യാജഭാവം, ആസൂയ, നുണ (2:1); 17. ജീവനുള്ള കല്ലുകളെ (2:5) 18. വിശ്വസിക്കാത്തവർക്ക് (2.7); 19. തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതി, രാജകീയ പുരോഹിതവർഗ്ഗം, വിശുദ്ധവംശം, സ്വന്തം ജനം (2 : 9); 20. ജഡമോഹങ്ങൾ (2:11); 21. ജാതികളുടെ (2:12); 22. സകല മാനുഷ നിയമത്തെ (2:13); 23. നന്മ ചെയ്തുകൊണ്ട് (2:15); 24. യജമാനൻ, നല്ലവൻ, ശാന്തന്മാർ, മൂർഖന്മാർ (2:18); 25. അന്യായമായി കഷ്ടവും, ദുഃഖവും സഹിക്കുമ്പോൾ (2.19); 26. അവന്റെ കാൽ ചുവടു പിൻതുടരുവാൻ (2:21); 27. തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിൽകയറി. (2.24); 28. ആത്മാ


BIBLE QUIZ

Bible Que
Answe

ക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്ക് (2:25); 29. ഭാര്യമാരുടെ ഭയത്തോടു കൂടിയ നിർമ്മലമായ നടപ്പു കണ്ടറിയുന്നതിലൂടെ (3:1); 30. തലമുടി പിന്നുന്നത് പൊന്നണിയുന്നത് വസ്ത്രം ധരിക്കുന്നത് (3:3); 31. സൗമ്യവും ശാന്തവുമായ മനസ്സ് (3:4) 32. വിശുദ്ധസ്ത്രീകൾ (3:5); 33. വിവേകത്തോടെ (3:7) 34. അനുഗ്രഹിക്കുന്നവരായിരിക്കണം. (3:9); 35. നീതിമാന്മാരുടെ (3:12); 36. സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറയണം (3:15); 37. നോഹയുടെ കാലം, പെട്ടകം ഒരുക്കുന്ന സമയം (3:19); 38. 8 പേർ, സ്നാനത്തിന്റ മുൻകുറി (3:21); 39. സ്നാനം (3:21); 40. പിറുപിറുപ്പുകൂടാതെ (4:9); 41. ദൈവത്തിന്റെ അരുളപ്പാടു പ്രസ്താപിക്കും പോലെ (4:11); 42. ദൈവം നൽകുന്ന പ്രാപ്തിക്ക് ഒത്തവണ്ണം (4 :11); 43. സന്തോഷിച്ചുകൊള്ളണം (4:11); 44. ദൈവഗൃഹത്തിൽ നിന്ന് (4:17); 45. ദൈവത്തിന്റെ ആട്ടിൻകൂട്ടത്തിന്റെ പരിപാലനം (5:2); 46. അദ്ധ്യക്ഷത വഹിക്കുന്ന ഇടയൻമാർ (5:3); 47. ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ (5:4); 48. തമ്മിൽ തമ്മിൽ കീഴടങ്ങി (5:5); 49. നിഗളികളോട് (5:5); 50. വിശ്വാസത്തിൽ സ്ഥിരമുള്ളവരായി (5:9); 51. നിത്യതേജസ്സിനായി (5:10); 52. ദൈവത്തിന്റെ സത്യകൃപയിൽ (5:12).

(ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്റർ, തിരുവനന്തപുരം, ഫോൺ: 9496800217)

23-ാം ഓർമ്മ



അഭി. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ

ഓർമ്മ ഓഗസ്റ്റ് 19-ന് മുളക്കുളം കർമ്മേൽകുന്ന് ദയറായിൽ.

Inserted By:-
ഒരു വിശ്വാസി





independent

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

സമ്യഗ് ദർശനം

ബുദ്ധൻ പറയുന്നത് “നിങ്ങൾ അധിപനാവണം മറ്റുള്ളവരുടെ മേൽ എല്ലാം അടിച്ചേൽപ്പിച്ച് അധിപനാവുക എന്നല്ല. നിങ്ങൾ നിങ്ങൾക്ക് തന്നെ അധിപനായിരിക്കുക എന്നതാണ് ”

മറ്റുള്ളതിനെല്ലാം അധിപനായിരിക്കുക എന്നതാണ് ലോകചിന്ത. ആരേയെല്ലാം എന്റെ ആധിപത്യത്തിൻ കീഴിൽ ആക്കാം എന്നാണ് ഇന്നത്തെ മനുഷ്യ ചിന്ത. എല്ലാ ആധിപത്യങ്ങളുടെയും ദുർബ്ബലത, ശൂന്യത, വിഡ്ഢിത്തം വെളിപ്പെടാൻ വേണ്ടി ക്ഷമയോടെ കാത്തിരിക്കുക എന്നതാണ് ദൈവചിന്ത. രാഷ്ട്രീയം ചേരിതിരിവുകൾ സൃഷ്ടിക്കുന്നത് ആധിപത്യം നേടിയെടുക്കുന്നതിനുള്ള കുത്സിത മാർഗ്ഗങ്ങൾ സ്വരുക്കൂട്ടി കൊണ്ടാണ്. മതങ്ങൾ അതിനേക്കാൾ വിഷലിപ്തമാകുന്നതിനാലാണ് രക്തചൊരിച്ചിലുകളുടെ എണ്ണം എടുത്താൽ മതങ്ങൾ മുമ്പിൽ നിൽക്കുന്നത്. ആത്മാവിന്റെ അംഗരക്ഷകരായ മതത്തിന് എങ്ങനെയാണ് ആളെ കൊല്ലാൻ കഴിയുക...? ആധിപത്യങ്ങളുടെ പൊള്ളത്തരങ്ങളെ പൊളിച്ചുകാട്ടാൻ ക്ഷമയോടെ നിൽക്കാൻ കഴിയുന്നവർ ഇല്ലാത്തതാണ് ഇന്ന് എല്ലായിടത്തേയും പരാജയ പ്രപഞ്ചമാക്കുന്നത്.

കുടുംബം പ്രപഞ്ചത്തിലെ അതിശക്തമായ സ്ഥാപനമാണെന്ന് പറഞ്ഞ് വയ്ക്കുമ്പോഴും ആധിപത്യ സ്വഭാവമാണ് അവിടെ തേർവാഴ്ച നടത്തുന്നത്. ആധിപത്യ സ്വഭാവങ്ങളുടെ മുനതേഞ്ഞ കുടുംബങ്ങളെ നമുക്ക് എന്നാണ് കാണാനാവുക? ആരെങ്കിലും (പുരുഷൻ/സ്ത്രീ) ആധിപത്യം സ്ഥാപിച്ച് നയിക്കുന്നത് കൊണ്ടാണ്, കുടുംബം നിലനിൽക്കുന്നത് എന്ന് നാം തെറ്റിദ്ധരിച്ച് വശായിട്ടുണ്ട്.

സൃഷ്ടിപരമായ എല്ലാ ക്രിയാത്മകതയുടെയും ജീവരക്തം പ്രണയം ആണെന്നാണ് ലോക മതം: എഴുത്തും, കലയും, രുചിഭേദവും, ആരാധനാ സമർപ്പണവും, സംഗീതവും, നൃത്തവും, നാട്യവും, ശിൽപ്പവും കുടുംബവും എല്ലാം പ്രണയത്തിലധിഷ്ഠിതമാണ്. പ്രണയത്തിൽ പോലും ആധിപത്യ സ്വഭാവം വരുന്നത് കൊണ്ടാണ്. ഇന്ന് ഇതെല്ലാം കച്ചവടവത്കരിക്കേണ്ട (Market) ഒന്നായി നമ്മുടെ ഇന്ദ്രിയങ്ങൾക്ക് പരിചയമാകുന്നത്.

ആധിപത്യ സ്വഭാവത്തിന്റെ വഴി ആക്രമിക്കലാണ്. അപരനെ അവന് മുമ്പേ ആക്രമിച്ച് കീഴ്പ്പെടുത്തി വരുതിയിലാക്കുക എന്ന് വരുന്നു. നേതൃത്വ ഗുണം പോലും അതാണെന്ന് നാം തെറ്റിദ്ധരിച്ച് വച്ചിട്ടുണ്ട്. പുരുഷൻ പുറത്ത് ആധിപത്യം സ്ഥാപിക്കുന്നു എന്നാണ് വിചാരിക്കുന്നത്. സംഘർഷങ്ങളിൽ അയാൾ അവശനായിട്ടാണ് വീട്ടിലേക്ക് വരിക. അയാളുടെ ബലഹീനതകളെ ആക്രമിച്ചോ, അയാൾക്ക് ബലമാണെന്ന് ഭാവിച്ചോ സ്ത്രീയും ആധിപത്യം പുലർത്താൻ ശ്രമിക്കുന്നു. സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ ഒരു പക്ഷെ പുരുഷനെ കൂടെ വിമോചിപ്പിക്കുന്നു എന്നതാണ് എന്റെ ആശ്വാസം. ആധിപത്യസ്വഭാവമുള്ള കരാറുകളിൽ (contract) നിന്നാണ് വിമോചനം വേണ്ടത്. ഇന്ന് വിമോചന പ്രസ്ഥാനങ്ങൾ വീണ്ടും ആധിപത്യസ്വഭാവമുള്ള കരാറുകൾ മാത്രമായി അവശേഷിക്കുന്നു. കരാറുകൾ നിരന്തരം ലംഘിക്കപ്പെടുന്നതാണ് എന്ന ഒരു ആത്മ ഭാവം കൂടെ ഞാൻ പങ്ക് വെയ്ക്കുകയാണ്.

സ്ത്രീ സ്വതന്ത്രയാകുമ്പോൾ ഞാൻകൂടെ സ്വാതന്ത്ര്യം നേടും എന്ന് ഞാൻ ആശിക്കുകയാണ്. ആധിപത്യങ്ങൾ പൂർണ്ണമായി ഇല്ലാതാകുകയാണ് സ്ത്രീ വിമോചന പ്രസ്ഥാനങ്ങളെ പല്ലും, നഖവും ഉപയോഗിച്ച് ഞാൻ എതിർക്കുന്നത് അതിലും ആധിപത്യ സ്വഭാവങ്ങൾ കൂടുന്നു എന്നത് കൊണ്ടാണ്. പുരുഷനിൽ നിന്ന് സ്വാതന്ത്ര്യമുണ്ടാവുക എന്നതല്ല അവരുടെ കാര്യം അവനുമേൽ ആധിപത്യമുണ്ടാവുക എന്നാവുന്നു.

“ഞാൻ എനിക്ക് തന്നെ അധിപനാവുക എന്നതാണ് എന്റെ സ്വാതന്ത്ര്യം. ഞാൻ ആരേയും എന്റെ ആധിപത്യത്തിൻ കീഴിലാക്കാതിരിക്കുക എന്നതാണ് എന്റെ സ്വാതന്ത്ര്യത്തിന്റെ അതിർത്തി. അത് ലംഘിക്കപ്പെടുന്നയിടമെല്ലാം ഞാൻ പാരതന്ത്ര്യപ്പെടുകയാണ്.”

E-mail: fr.thirumangalam@gmail.com

അനുസ്മരണം



കോട്ടയം: അഭി. അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ യുടെ 125-ാം ചരമ വാർഷികം കോട്ടയം പഴയ സെമിനാരിയിൽ ആഘോഷിച്ചു. ഡോ. സഖറിയാസ് മാർ തെയോഫിലോസ്, മാത്യൂസ് മാർ തേവോദോസിയോസ്, യാക്കോബ് മാർ ഏലിയാസ് എന്നിവർ മുഖ്യ കാർമ്മികത്വം വഹിച്ചു. ഫാ. ഡോ. ജേക്കബ് കുര്യൻ മുഖ്യ പ്രഭാഷണം നടത്തി. ഡോ. യൂഹാനോൻ റമ്പാൻ, ഫാ. ഡോ. ഒ. തോമസ്, പഴയ സെമിനാരി മാനേജർ ഫാ. എം. സി. കുറിയാക്കോസ്, ഫാ. ബ്ലസ്സൻ വർഗീസ്, ഫാ. ഡേവിഡ് കാസ്ട്ര എന്നിർ പ്രസംഗിച്ചു.

അൽവാറീസ് മാർ യൂലിയോസിന്റെ 91-ാം ഓർമ്മ പഞ്ചിം സെന്റ് മേരീസ് പള്ളിയിൽ സെപ്റ്റം. 23-ന് നടത്തും.

www.malankarasabhaonline.in

സമ്പൂർണ്ണ സഭാ ചരിത്രം പ്രകാശനം ചെയ്തു

മലങ്കര സഭയുടെ സമ്പൂർണ്ണ ചരിത്രം (എ.ഡി. 52-2014) പ്രകാശനം ചെയ്തു.
വില 500 രൂപ. സെപ്റ്റം. 30 വരെ, പോസ്റ്റേജ് സഹിതം 400 രൂപ.
ഗ്രന്ഥകർത്താക്കൾ: **റവ. ഫാ. ഡോ. ജോസഫ് ചീരൻ, കെ. വി. മാമ്മൻ കോട്ടയ്ക്കൽ**
പണവും ചെക്കും പ്രസാധകൻ കൂടിയായ **കെ. വി. മാമ്മൻ കോട്ടയ്ക്കൽ, ജനതാ റോഡ്, പി.ബി. 10, മാങ്ങാനം പി.ഒ., കോട്ടയം-686018** എന്ന വിലാസത്തിൽ അയയ്ക്കുക.
ഫോൺ: 0481-2578936, വി.പി.പി.യിൽ അയയ്ക്കുന്നതല്ല.



ഫാ. റെഞ്ചു മാത്യു വൈദ്യൻ (32)

യാത്രാമൊഴി...

സന്തപ്ത കുടുംബാംഗങ്ങൾ:
തേവലക്കര തെങ്ങുംതുണ്ടിൽ (കൊച്ചുതുണ്ടിൽ) മാത്യു വൈദ്യന്റെയും പൊന്നമ്മ വൈദ്യന്റെയും മകൻ.

സഹധർമ്മിണി:
കൊടുമൺ തോട്ടുവക്കാട് റിൻസി ഭവനിൽ റിൻസി

മക്കൾ :
മഹിമ, കൃപ

ഡോക്ട്രേറ്റ്



ജല വൈദ്യുത പദ്ധതികൾ മൂലം പെരിയാർ, മൂവാറ്റുപുഴ നദികളിലെ നീരൊഴുക്കിൽ വന്ന വ്യതിയാനം എന്ന വിഷയത്തിൽ, സിവിൽ എഞ്ചിനീയറിംഗിൽ ഡോക്ട്രേറ്റ് (കാരുണ്യ) നേടിയ, സി.ഡബ്ല്യു.ആർ.ഡി.എം (കോട്ടയം) തലവനും, ശാസ്ത്രജ്ഞനുമായ ജോർജ് എബി, കുമ്മനം പുത്തൻപുരയ്ക്കൽ പരേതനായ പി. വി. ഏബ്രഹാമിന്റെ പുത്രനും, കുമ്മനം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവുമാണ്.

റാങ്ക്



മണർകാട് കളരിയ്ക്കൽ കെ.ടി. ഗീവറുഗ്ഗീസിന്റേയും ഷാൻസി വറുഗീസിന്റേയും മകൾ സ്വപ്ന മേരി വറുഗീസ്. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.എ. (ഇംഗ്ലീഷ് സാഹിത്യം) പരീക്ഷയിൽ മൂന്നാം റാങ്ക് കരസ്ഥമാക്കി. കോട്ടയം മാർ ഏലിയാ കത്തീഡ്രൽ ഇടവകാംഗമാണ്.


പ്രസിഡന്റ്



പത്തനംതിട്ട ജില്ലയിൽ കുറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജോ ഇലഞ്ഞിമൂട്ടിൽ. മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗവും വൈ.എം.സി.എ. സംസ്ഥാന നിർവ്വഹണ സമിതിയംഗവുമാണ്. തെങ്ങേലി സെന്റ് ജോർജ് ഇടവകാംഗമാണ്.
ഭാര്യ: രാജി മെറിൻ ജോ, മക്കൾ: നിത്യ, നിധിയ, നിവ്യ.

40-ാം ചരമ വാർഷികം

In Ever Loving Memory Of



REV. FR. P.M. JACOB

PARAPPALLITHAZHE, KANAM

Born-25-04-1906 Died 20-7-1974

ജൂലൈ 20-ാം തീയതി കാനം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്നുള്ള അനുസ്മരണ സമ്മേളനത്തിൽ എൻഡോവ്മെന്റിൽ നിന്നുള്ള ധനസഹായങ്ങളുടെ വിതരണവും നടന്നു.

Rev. Fr. P.M. Jacob Memorial ആയി നിർമ്മിച്ച പുതിയ കൊടിമരത്തിന്റെ കൂദാശ പ. ബാവാ നിർവ്വഹിച്ചു.

സന്തപ്ത കുടുംബാംഗങ്ങൾ

നാലാഞ്ചിറ സെന്റ് മേരീസ് പള്ളി കൂദാശ

തിരുവനന്തപുരം: നാലാഞ്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി കൂദാശ ഓഗസ്റ്റ് 1, 2 തീയതികളിൽ നടത്തി. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും അഭിവന്ദ്യ തിരുമേനിമാരും കൂദാശകൾക്ക് കാർമികത്വം വഹിച്ചു.

വൈസ് പ്രസിഡന്റ്



ആലപ്പുഴ ജില്ലയിൽ മാന്നാർ പഞ്ചായത്ത് വൈസ്പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട തോമസ് ചാക്കോ.
കുട്ടംപേരൂർ സെന്റ് ഗ്രിഗോറിയോസ് ഇടവകാംഗം. ഭാര്യ: ബിനു തോമസ്, മക്കൾ: എബിൻ, ബിബിൻ.

60-ാം വിവാഹ വാർഷികം (2014 ജൂലൈ 12)



വെരി. റവ. വി.റ്റി. ജോസഫ് കോർഎപ്പിസ്ക്കോപ്പാ & ഏലിയാമ്മ ജോസഫ്
മഠത്തിലേത്ത്, കാട്ടൂർ

വടശ്ശേരിക്കര സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി
കൂദാശ, ഓഗസ്റ്റ് 22, 23-ന്

20-ാം നൂറ്റാണ്ടിന്റെ ആരംഭകാലഘട്ടത്തിൽ മദ്ധ്യതിരുവിതാംകൂറിലെ ക്രൈസ്തവ കേന്ദ്രങ്ങളായ പത്തനംതിട്ട, കൈപ്പട്ടൂർ, ഓമല്ലൂർ, തുമ്പമൺ,പന്തളം, ആറാട്ടുപുഴ, ചെങ്ങന്നൂർ, കല്ലിശ്ശേരി, റാന്നി, അയിരൂർ എന്നീ സ്ഥലങ്ങളിൽ നിന്നും ക്രൈസ്തവ കുടുംബങ്ങൾ കിഴക്കൻ മലയോര പ്രദേശങ്ങളിലേക്ക് കുടിയേറി. 1918 -ൽ അഭി. അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ കഠിന പ്രയത്നത്താൽ ബഥനി ആശ്രമവും പള്ളിയും സ്ഥാപിച്ചപ്പോൾ അവരുടെ ആത്മീയ ദുഃസ്ഥിതിയ്ക്ക് അല്പമെങ്കിലും പരിഹാരമായി. ബഥനിയിൽ നിന്നും പഴയ ഉരുപ്പടികൾ ശേഖരിച്ച് 1105 മകരം 15 ന് (1930 ജനുവരി 28) വി. ദൈവമാതാവിന്റെ നാമത്തിൽ തറക്കല്ലിട്ട് വടശ്ശേരിക്കരയിൽ പള്ളിക്ക് തുടക്കം കുറിച്ചു. പുതിയ ദേവാലയം എന്ന ചിന്ത പ്രബലപ്പെടുകയും 1956 നവംബർ 22-ന് ബഥനിയിലെ അഭി. അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനി പുതിയ ദേവാലയത്തിന് അടിസ്ഥാന ശിലയിടുകയും ചെയ്തു.

1963 ഫെബ്രുവരി 16-ന് തുമ്പമൺ ഭദ്രാസനാധിപൻ അഭി.ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി പള്ളി കൂദാശ ചെയ്തു. ബഥനിയിൽ കബറടങ്ങിയിരിക്കുന്ന അഭി. അലക്സിയോസ് മാർ തേവോദോസ്യോസ് , അഭി. യൂഹാനോൻ മാർ അത്താനാസ്യോസ്, അഭി. പൗലോസ് മാർ പക്കോമിയോസ്, റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന അഭി. ഗീവറുഗ്ഗീസ് മാർ ദീയസ്കോറോസ് എന്നീ പിതാക്കൻമാർ ഈ ഇടവകയുടെ അജപാലകൻമാരായിരുന്നു.

2010 ജനുവരി 24 -ന് തുമ്പമൺ ഭദ്രാസനാധിപൻ അഭി. കുറിയാക്കോസ് മാർ ക്ലീമിസ് തിരുമേനി ഇപ്പോൾ പണി പൂർത്തീകരിച്ച പള്ളിക്ക് തറക്കല്ലിട്ടു.

നിലയ്ക്കൽ ഭദ്രാസനാധിപൻ അഭി. ഡോ.ജോഷ്വാ മാർ നിക്കോദിമോസ് തിരുമേനി 2012 ലെ പുതുവർഷ ദിനത്തിൽ ദേവാലയ നിർമ്മാണം ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരി.ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ മുഖ്യ കാർമ്മികത്വം വഹിക്കും.



ഫാ. എബ്രഹാം മത്തായി
(ഹോളി ട്രിനിറ്റി ആശ്രമം, റാന്നി)
ഫോൺ : 9447408539

1-ാം ചരമ വാർഷികം, 16-8-2014

14-ാം ചരമ വാർഷികം, 23-8-2014

പടിക്കൽ ബംഗ്ലാവ്
മാറനാട്
കുണ്ടറ

പി.ഐ. മാത്തൻ പണിക്കർ (റിട്ട. ജഡ്ജി)

കുഞ്ഞുകുഞ്ഞമ്മ പണിക്കർ

Inserted by:- ലാൽ ഓട്ടോ മൊബൈൽസ്, കുണ്ടറ, ഫോൺ: 0474-2482044

In Ever Loving Memory of

2nd Death Anniversary, 26-6-2014

7th Death Anniversary, 12-8-2014

Madathanil,
Maalam, Kottayam

MARIAMMA

By Sorrowing Family

KURUVILLA MATHEN
(Pappachy)



പിൻവഴി



സ്പോൺസേർഡ് 'ഓണം'...

കാർക്കിടകത്തിന്റെ കദനഭാരവും കാലുഷ്യവും കാളിമയും വിട്ടൊഴിഞ്ഞ് മനവും-മാനവും മിഴിയും- മനസ്സും ശോഭിതമാകുന്ന പൊന്നിൻ ചിങ്ങ മാസം സമാഗതമായി.

ചിങ്ങമെന്ന് കേട്ടാലുടനെ കണ്ണുമ ടച്ച് "സ്നേഹ-സമത്വ-സാഹോദര്യ സാമ്രാജ്യ നിർമ്മിതിക്കായി ജീവനും ജീവിതവും ബലിദാനമായി നൽകിയ മഹാബലി തമ്പുരാന്റെ ഓർമ്മയുടെ നാളുകൾ" എന്ന് തട്ടിവിടുന്ന മാന്യമ ഹാജനങ്ങളോട് സ്നേഹപൂർവ്വം ഒരു വാക്ക്".

ചിങ്ങമാസം മലയാളിക്ക് ആണ്ടു പിറപ്പുകൂടിയാണ് കേട്ടോ!!!

അപ്പോ! ഹാപ്പി ന്യൂ ഇയർ. യ്യോ!!! ഇതുകേട്ടിട്ട് ഇടവക മാനേജിംഗ് കമ്മ റ്റിയുടെ ഭരണപരിഷ്ക്കാരമെന്ന നിലയ്ക്ക് ഇനി ചിങ്ങത്തിലുമിരിക്കട്ടെ ഒരു 'പുതുവർഷ ജാഗരണവും', 'പാതിരാ കുർബ്ബാന'യുമെന്ന് പറഞ്ഞ് ദയവായി ഇടവകതലത്തിൽ നോട്ടീസും ഫ്ളക്സും അടിയ്ക്കരുതേ....

(**നമോവാകം...**പറഞ്ഞത് ഇതാ പിൻവലിച്ചിരിക്കുന്നു).

* * *

പ്രജാക്ഷേമതൽപ്പരനായിരുന്ന ഒരു പ്രജാപാലകന്റെ ഓർമ്മകൾ അംഗന വാടി മുതൽ പ്രൊഫഷണൽ കോളേ ജുവരെയും വിവിധ കലാ(പ) പരിപാ ടികളോടെ നടത്തിയിട്ടും അഡ്മിഷൻ സമയം സെറ്റുസാരിയ്ക്കും മുണ്ടിനും അത്തപ്പൂക്കളത്തിനും ഓണസ ദ്യയ്ക്കും വടംവലിക്കാനുള്ള കയ റിനും അടയാളമിടാനുള്ള കുമ്മായ ത്തിനും റിബണിനും വരെ കണക്കു പറഞ്ഞ് കാശുവാങ്ങിയിട്ടും, ഓണാ ഘോഷങ്ങൾക്കായി പഞ്ചായത്ത്-മുനി സിപ്പാലിറ്റി-ഗവൺമെന്റ് തലങ്ങളിൽ പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടും ക്ഷേത്രപരിസരത്തും ഇടവകപ്പള്ളി യ്ക്കുള്ളിലും തിരുവോണസദ്യ വെച്ചു വിളമ്പിയിട്ടും ശ്രേഷ്ഠ മലയാളത്തിന് യൂണിവേഴ്സിറ്റികൾ സൃഷ്ടിക്കപ്പെ ട്ടിട്ടും "ഓണമെന്നാ മോനേ?? എന്ന കിഴവിത്തള്ളയുടെ ചോദ്യത്തിന് നാവി ലുത്തരം സെപ്റ്റംബർ ഏഴ് എന്നതു തന്നെ.

എവിടെപ്പോയി ചിങ്ങം, കന്നി, തുലാം.. (കുത്തുകൾ സഹായിച്ചു; ബാക്കി എനിക്കും നിശ്ചയമില്ല).

ഇതെഴുതുമ്പോൾ അതാ എന്റെ മുന്നിലുള്ള സർക്കാർ വക സ്കൂളിൽ നിന്നുകൊണ്ട് ചുരിദാറിട്ട മലയാളം ടീച്ചർ കുട്ട്യോളേ ചൊല്ലിപഠിപ്പിക്കുന്നു.

ജനുവരി...ഫെബ്രുവരി....മാർച്ച് .... വൈദേശികാധിപത്യത്തിന്റെ വാമ നപാദങ്ങൾ (ചുരിദാറിട്ട പാദം) മഹാ ബലിയോടൊപ്പം, ഇനിയും തിരിച്ചുവ രാനാവാത്തവിധം ഇതാ കൈരളിയുടെ സംസ്ക്കാരത്തെയും ചവിട്ടിതാഴ്ത്തു ന്നു.... നിന്നാസന്നമൃതിയിൽ നിനക്കാ ത്മശാന്തി!!!

* * *

ഇനി കള്ളവും ചതിവും പൊളിവ ചനങ്ങളും ലവലേശം തീണ്ടാത്ത ഈ വർഷത്തെ ഓണാഘോഷങ്ങളിലേ ക്ക്.... പ്രജാക്ഷേമതൽപ്പരന്റെ ഓർമ്മ യിൽ പതിവുപോലെ ആ മഹാനുഭാ വന്റെ അപദാനങ്ങളെ അനുസ്മരി ക്കുന്ന അഴിമതിയിൽ മുങ്ങിക്കുളിച്ച ഭര ണാധിപന്മാരുടെ ആശംസാ പ്രവാഹ ങ്ങൾ.....

"ഇന്നത്തെ ഓണം സ്പോൺസർ ചെയ്തിരിക്കുന്നത്" എന്നുവിളിച്ചു കൂവുന്ന അവതാരികമാരുടെ ബഹള ങ്ങളും അവരുടെ നാവിന്റെ അനാവശ്യ കുഴച്ചിലുകളിൽ വിവസ്ത്രയാക്കപ്പെ ടുന്ന മലയാള ഭാഷയുടെ സ്വത്വവും അതിനെക്കുറിച്ചുള്ള തർക്കങ്ങളും.... ഉണ്ണാനുമുടുക്കാനുമില്ലാത്ത വനു മുന്നിൽ കൂടി "മാനുഷരെ ല്ലാരുമൊന്നുപോലെ" എന്നു മൂളി നടത്തുന്ന ലുലുമാൾ ഷോപ്പിംഗു കളും ആരോ വിയർപ്പൊഴുക്കി യിട്ട അത്തപ്പൂക്കളത്തിനു മുമ്പിൽ നിന്നുകൊണ്ടുള്ള ഫോട്ടോ സെഷനുകളും ഫേസ്ബുക്കിൽ കൂടിയുള്ള അതിന്റെ ഷെയറിംഗും ടാഗിംഗും...

വള്ളംകളിയുടെ നാട്ടിൽപ്പടരുന്ന 'വെള്ളം കളി'യുടെ ആവേശവും On ആശംസകൾക്കുപകരമുള്ള Off ആശംസകളും രണ്ട് പുതിയ പടങ്ങ ളുടെ ക്യാമറ പ്രിന്റും ഒപ്പം "സദ്യ യൊരുക്കി ഞങ്ങൾ കാത്തിരിക്കും മറക്കാതെ വരില്ലേ" എന്ന പരസ്യ വാചകവുമായി പ്ളാസ്റ്റിക് വാഴയി ലക്കീറിൽ നമുക്ക് ഓണസദ്യ ഒരു ക്കിയ ഔട്ട് ഡോർ ക്യാറ്ററിംഗ് സർവ്വീസും ചേർന്നാൽ പരിസമാ പ്തം.

മഹാബലീ വീണ്ടും കാണാം; ഗൃഹാതുരത്വത്തിന്റെ അടുത്ത ഓണ ക്കാലത്ത്.

പിൻമൊഴി:

1. ഓണത്തിന്റെ തനി മയും കുളിർമയും തകർക്കുന്നതാര്?

2. ആഗോള കമ്പോള സംസ്ക്കാരം ഓണത്ത നിമകളെ ചവിട്ടിത്താഴ്ത്തുന്നില്ലേ?

-ഡീക്കൻ തോമസ് രാജു കരുവാറ്റ



Royal Omania Tours & Travels Pvt. Ltd.
Palal Towers, Ravipuram, M.G. Road, KOCHI, Kerala - 682 016
Tel: 0484 4177277, 9447777786, 9447020044
Email: mail@omaniatours.com, Web: www.omaniatours.com





كنيسة القديس جريجوريوس الأرثودوكسية

ST. GREGORIOS ORTHODOX CHURCH

P.O. Box : 2229, Sharjah - U.A.E.

അപേക്ഷകൾ ക്ഷണിക്കുന്നു

ദൈവകൃപയാൽ, പരുമല തിരുമേനിയുടെ നാമത്തിൽ 1978–ൽ ഷാർജയിൽ സ്ഥാപിതമായ, സെ. ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിലെ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഇടവക ചാരിറ്റി കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ, ഈ വർഷം രണ്ടു പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുക്കുന്നതിന് ആഗ്രഹിക്കുന്നു. അർഹമായ അപേക്ഷകൾ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയരായിട്ടുള്ള പെൺകുട്ടികളുടെ രക്ഷിതാക്കളിൽനിന്നും ക്ഷണിക്കുന്നു. 2014 സെപ്റ്റം. മാസം 15–ാം തീയതിക്കു മുമ്പായി ഷാർജയിൽ ലഭിക്കത്തക്കവണ്ണം അപേക്ഷകൾ അയച്ചു തരേണ്ടതാണ്.

നിബന്ധനകൾ

1. പ്രായപൂർത്തിയായ പെൺകുട്ടികളുടെ നിർധനരായ കുടുംബങ്ങളിൽ നിന്നുള്ള അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളൂ.
2. പുനർവിവാഹത്തിനുള്ള അപേക്ഷകളും, വിവാഹം നടന്ന അപേക്ഷകളും പരിഗണിക്കുന്നതല്ല.
3. അപേക്ഷകന് അടുത്ത കാലത്ത് ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ ഒറിജിനലോ, പകർപ്പോ ഉണ്ടായിരിക്കണം.
4. പെൺകുട്ടിയുടെ ഇടവകയിലെ ബഹു. വികാരിയച്ചന്റെ ശുപാർശകത്ത് പള്ളിയുടെ ലെറ്റർഹെഡിൽ (സീലോടുകൂടി)അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
5. അപേക്ഷകനുമായി ബന്ധപ്പെടുവാനുള്ള അടുത്ത ടെലഫോൺ നമ്പരോ, ബഹു. ഇടവക വികാരിയച്ചന്റെ ടെലഫോൺ നമ്പരോ അപേക്ഷയിൽ കാണിച്ചിരിക്കണം.
6. ഷാർജ ഇടവകയുടെ ചാരിറ്റി കമ്മിറ്റി തെരഞ്ഞെടുക്കുന്ന അപേക്ഷയുടെ വിവരം അതാത് അപേക്ഷകരെയും, അപേക്ഷകരുടെ ഇടവക വികാരിയെയും 2014 സെപ്റ്റംബർ മാസം 25–ാം തീയതിക്കു മുമ്പായി അറിയിക്കുന്നതാണ്.
7. ഷാർജ ഇടവകയിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൽ കിട്ടിയിട്ടുള്ള വ്യക്തികളുടെ അപേക്ഷകൾ ശുപാർശ ചെയ്യാതിരിക്കുവാൻ കഴിവതും ശ്രദ്ധിക്കണം.
8. വധുവും, വരനും–മലങ്കര ഓർത്തഡോക്സ് സഭാ അംഗങ്ങൾ ആയിരിക്കണം.
9. അറിയിപ്പ് കിട്ടുന്നതനുസരിച്ച് ഈ കത്തിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, പെൺകുട്ടിക്ക് അനുയോജ്യനായ യുവാവിനെ പെൺകുട്ടിയുടെ മാതാപിതാക്കൾ/രക്ഷിതാക്കൾ കണ്ടുപിടിക്കേണ്ടതും ആ വിവരം ബഹു. ഇടവക മാനേജിംഗ് കമ്മറ്റിയുടെ ശുപാർശകത്ത് സഹിതം 2014 ഒക്ടോ. മാസം 30–ാം തീയതിക്കു മുമ്പായി ബഹു. ഷാർജ ഇടവക വികാരിയച്ചനെ അറിയിച്ചിരിക്കേണ്ടതുമാണ്.
10. മേൽ വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക്, പത്ത് ദിവസത്തിനുള്ളിൽ, ഷാർജ ഇടവക ചാരിറ്റി കമ്മിറ്റി അംഗീകരിക്കുന്ന വിവരം അപേക്ഷകരെ അറിയിക്കുന്നതും, വിവാഹത്തിനുള്ള തീയതിയും മറ്റ് ക്രമീകരണങ്ങളും ചെയ്യാവുന്നതാണ്.
11. വിവാഹം നിശ്ചയിച്ച വിവരം, വധുവിന്റെ ഇടവക ബഹു. വികാരിയച്ചൻ അറിയിക്കുന്ന മുറയ്ക്ക്, സാമ്പത്തിക സഹായങ്ങൾ അപേക്ഷകന്റെ പേരിൽ, അതാത് ഇടവക ബഹു. വികാരിയച്ചൻ മുഖാന്തിരം നൽകുന്നതുമാണ്.
12. വരന്റേയോ, വധുവിന്റേയോ ഇടവക പള്ളിയിൽ വച്ച് വിവാഹം നടത്താവുന്നതാണ്.
13. ഷാർജ സെ. ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക ചാരിറ്റി കമ്മിറ്റിയുടെ തീരുമാനങ്ങൾ അന്തിമം ആയിരിക്കും.

വധൂവരന്മാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

ദിർഹംസ് 15,000.00 തത്തുല്യമായതുക (ഏകദേശം 2,40,000.00 രൂപ)

a) ഒരു ലക്ഷം (100,000.00) ഇൻഡ്യ രൂപയുടെ ഒരു ഫിക്സഡ് ഡിപ്പോസിറ്റ് വരന്റെയും, വധുവിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ടായി നിക്ഷേപിച്ച് നൽകുന്നു.

b) വധുവിന് 16 ഗ്രാമിന്റെ ഒരു മാലയും, വരനും വധുവിനും 6 ഗ്രാം വീതമുള്ള മോതിരവും ആഭരണമായി നൽകുന്നു. (ഏകദേശം 100,000.00)

c) വധുവിന് മന്ത്രകോടിക്കും, വിവാഹസമയത്ത് ധരിക്കുന്നതിനുള്ള വസ്ത്രങ്ങൾക്കും മറ്റു ചെലവുകൾക്കുമായി 10,000.00 രൂപയും നൽകുന്നു. (10,000.00)

d) വിവാഹചെലവിലേക്കായി 30,000.00 രൂപ വിവാഹം നടത്തുന്ന പാർട്ടിക്ക് (വരൻ/വധു) നൽകുന്നു. (30,000.00)

സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചാരിറ്റി കമ്മിറ്റിയ്ക്കുവേണ്ടി,

ഫാ. യാക്കോബ് ബേബി (വികാരി/പ്രസിഡന്റ്)

അപേക്ഷ അയയ്ക്കേണ്ട വിലാസം:–

Rev. Fr. Yakoob Baby
P.O. Box. 2229, Sharjah, U.A.E.



THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/August/2014

RNI No. 3076/1948, Reg. No. KL/KTM/236/2012-14
License No. KL/CR/KTM/WPP-47/2012-14
Licensed to Post Without Pre-Payment

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. JOHN THOMAS KARINGATTIL Rs. 15/-